# ശ്രീ
# ഗീതഗോവിന്ദം

## അഷ്ടപദി

ശാന്താ ബുക്ക്സ്റ്റാൾ, പ്രസിദ്ധീകരണം

ശ്രീ

# ഗീതഗോവിന്ദം

(അഷ്ടപദി)

പീയൂഷധാരാ

എന്ന

വ്യാഖ്യാനത്തോടുകൂടിയതു്.

ഗുരുവായൂർ ക്ഷേത്രത്തിൽ പൂജാ സമയങ്ങളെ ആഡംബര
പൂർണ്ണമാക്കി ഗാനംചെയ്തുവരുന്ന അഷ്ടപദിയിൽ
ആകർഷണീയരായിട്ടുള്ള ഭക്തജനങ്ങൾക്കു സ്വ
ഗൃഹങ്ങളിൽ വെച്ചു പാടിരസിക്കുന്നതി
നും, അർത്ഥചിന്തനം ചെയ്തു് ഭഗവ
ന്മഹിമകളറിഞ്ഞു് ഭക്തിസുധ
ആസ്വദിച്ചു് ഗീത
ഗോവിന്ദം
പ്രശോഭിക്കുമാറാകട്ടെ.

ഗുരുവായൂർ ക്ഷേത്രത്തിലെ
അഷ്ടപദി ഭാഗവതർ
യം. ജനാർദ്ദനൻ നെടുങ്ങാടി.

വ്യാഖ്യാതാ:
ഭക്തകവി: ടി. ജി. എം.

പ്രസാധകന്മാർ:
ശാന്താ ബുക്ക് സ്റ്റാൾ,
പടിഞ്ഞാറെ നട, ഗുരുവായൂർ.

# ഭക്തജനങ്ങൾക്കു കൂപ്പുകൈ

വളരെക്കാലമായി ഞങ്ങൾ "അഷ്ടപദി" ഗാനം പാടുന്നതു കേട്ട്, പുളകംകൊണ്ടിട്ടുള്ള ഭക്തന്മാരുടെ ഹൃദയം കുളർപ്പിക്കണമെന്നാഗ്രഹിച്ച് ശ്രീ ജയദേവമഹാകവിയുടെ ചരിത്രത്തോടും ലളിത വ്യാഖ്യനത്തോടും കൂടി തയ്യാറാക്കിയ ഈ മഹൽഗ്രന്ഥം തെററുപററാതെ കൌതുകാവഹമാകുംവിധം അച്ചടിപ്പിച്ച് പ്രസിദ്ധീകരണം ചെയ്യാൻ ഉദ്യുക്തനായ ശാന്താബുക്ക്സ്റ്റാൾ ഉടമസ്ഥനോടും, ഞങ്ങൾക്കു വ്യാഖ്യാനത്തിന്നു വേണ്ടുന്ന സഹായസഹകരണങ്ങൾ ചെയ്തുതന്ന ഭക്തകവി ടി. ജി. എം. അവർകളോടും, ഞങ്ങൾ നിർവ്വ്യാജമായി നന്ദി പ്രകടിപ്പിക്കയും ഈ ഗ്രന്ഥം ഭക്തജനങ്ങളുടെ മുമ്പാകെ വെച്ച് കൂപ്പുകൈ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

എന്നു, യം. ജനാർദ്ദനൻ നെടുങ്ങാടി,

ഗുരുവായൂർ ക്ഷേത്രത്തിലെ

അഷ്ടപദിഭാഗവതർ.

☞ ഇതിൻെറ സകല അവകാശാധികാരങ്ങളും 1953 ആഗസ്റ്റ് 7-ാനു- മുതല്ക്ക് ശാന്താ ബുക്കുസ്റ്റാൾ ഉടമസ്ഥൻ കെ. ആർ. ഡെ. ക്കുള്ളതാകുന്നു.

1954 ] രണ്ടാംപതിപ്പ്. [വില 1—4—0

---

പ്രസാധകൻെറ മുദ്രയോ കയ്യൊപ്പോ ഇല്ലാത്ത പുസ്തകം

വ്യാജനിർമ്മിതമാകുന്നു.

മഹാകവി

# ശ്രീ ജയദേവരുടെ ചരിത്രം

സർവ്വധർമ്മങ്ങളും സുസ്ഥിരമായി കുടികൊള്ളുന്ന ഒരു ഭൂപ്രദേശമാണ് ജഗന്നാഥം. അവിടെ ഭക്താർത്തിഭഞ്ജനനായ വിഷ്ണുഭഗവാൻ എഴുന്നരുളുന്ന ഒരു മഹാക്ഷേത്രവും സ്ഥിതിചെയ്യുന്നുണ്ട്. അതിന്നടുത്ത് ഉൽക്കല എന്ന ദേശത്ത് 'കിന്ദുബില്വം' എന്ന പ്രസിദ്ധിയാർന്ന ഒരു ഗ്രാമമുണ്ടായിരുന്നു. അവിടെ ഭോജദേവനെന്നുകൂടി പേരുള്ള ശ്രീനാരായണശാസ്ത്രി എന്ന ഒരു മഹാബ്രാഹ്മണൻ, കമലാദേവി എന്നുകൂടി പേരുള്ള രാധാദേവി എന്ന ഭാര്യയോടുകൂടി യഥാവിധി ഗൃഹസ്ഥാശ്രമത്തെപ്പാലിച്ച് സത്യവ്രതനായി വാണിരുന്നു. സാധുക്കളെ പൂജിക്കുക, അതിഥികളെ യഥാവിധി പൂജിക്കുക, ഭഗവൽ കഥാലാപനം ചെയ്യുക, നാമസങ്കീർത്തനങ്ങൾ ആനന്ദിക്കുക മുതലായവകളാൽ നിത്യജീവിതം പരിപൂർണ്ണമാക്കകൊണ്ട്, ആശാപാശങ്ങളെ വേരറുത്ത് ഈശ്വരധ്യാനനിരതനായി വാഴുന്ന കാലത്ത്, ആ ദമ്പതികളുടെ പുരുപുണ്യാതിശയം രൂപമെടുത്തതുപോലെ ഒരു സന്താനം അവർക്ക് ജാതമായി. അവരുടെ തപശ്ചര്യയുടെ ഫലമായി ഭഗവാൻ അവതാരം കയ്യൊണ്ടതാണെന്നാണ് പിന്നീടു ചരിത്രങ്ങളെക്കൊണ്ടറിയുന്നത്. ആ മഹൽസ്സന്താനമത്രേ ജയദേവമഹാകവി എന്നറിയപ്പെടുന്ന മഹാപുരുഷൻ. ലക്ഷണയുക്തനും തേജോനിധിയുമായ ആ പുത്രനേക്കണ്ട് ആ ദമ്പതികൾ ആനന്ദസമുദ്രത്തിൽ ഭഗവത്ഭക്തിയാകുന്ന കല്ലോലങ്ങളിൽ നീന്തിക്കളിച്ചു. വിവിധധർമ്മാദികർമ്മങ്ങളോടെ ആ കുട്ടിക്ക് യഥാകാലം ജയദേവനെന്നു നാമകരണംചെയ്തു. അഞ്ചുവയസ്സിൽ ഉപനയനാദി കർമ്മങ്ങൾ കഴിച്ച് വിദ്യാഭ്യാസത്തിനാക്കുകയും, ജയദേവൻ ക്രമേണ വേദവേദാംഗാദിവിദ്യകളെല്ലാം നിഷ്പ്രയാസം പാഠമാക്കുകയുംചെയ്തു.

ബ്രഹ്മചൎയ്യം കഴിഞ്ഞു് യൌവ്വനയുക്തനും സൌന്ദൎയ്യസുഭഗനും ആയിത്തീൎന്ന പുത്രനെ ഗൃഹസ്ഥാശ്രമോപാന്തത്തിൽ സ്ഥാനമുറപ്പിക്കണമെന്നു ആ മാതാപിതാക്കൾ ആഗ്രഹിക്കാതിരുന്നില്ല. അതനുസരിച്ചു് വംശശുദ്ധിയും, ശീലഗുണവും രൂപസമ്പത്തും ധനപുഷ്ടിയും തികഞ്ഞ 'പത്മാവതി' എന്ന ഒരു കന്യകയെ ജയദേവനെക്കൊണ്ടു് വിവാഹം കഴിപ്പിച്ചു. അവൾ, ആ ഗ്രാമത്തിൽ തന്നെ വാണിരുന്ന മഹാബ്രാഹ്മണൻ ദേവശൎമ്മയുടെ മൂത്ത മകളാണു്. ജയദേവനു് എല്ലാവിധവും യോജിച്ച ഒരു ഭാൎയ്യയായിട്ടാണു് പത്മാവതി ശോഭിച്ചതു് – മാനസികവിജ്ഞാനം, വിരക്തി, സൌന്ദൎയ്യം മുതലായ മഹൽഗുണങ്ങളാൽ ആ കന്യക ജയദേവനു് അനുരൂപതന്നെയായിരുന്നു. അവർ വിവാഹശേഷം സ്വഗൃഹത്തിൽ വന്നു് ശിവശക്തികളെന്നപോലെ തേജോനിധികളായി ജീവിച്ചു— അന്യോന്യം ദൃഢാനുരാഗത്തോടുംകൂടി നാനാവിധ സുഖഭോഗങ്ങളാൽ സംതൃപ്തരായി സസുഖം വസിച്ചു ധൎമ്മാചരണങ്ങളിൽ തെല്ലും കുറവുകൂടാതെ ആ നവദമ്പതികൾ ഗൃഹസ്ഥധൎമ്മത്തെ യഥാവിധി പാലിച്ചുപോന്നു—നിത്യേന ബ്രാഹ്മമുഹൂൎത്തത്തിൽ നിദ്രവിട്ടെഴുന്നേറ്റു്, ഭഗവന്നാമസങ്കീൎത്തനങ്ങളോടുംകൂടി നിത്യകൎമ്മങ്ങൾ കഴിച്ചു്, അതിഥിസല്ക്കാരം, അന്നവസ്ത്രാദിദാനം മുതലായതുകൾ ആവുംവിധംചെയ്തു്, കിഞ്ചിജ്ജന്മാൎക്കു് ജ്ഞാനമാൎഗ്ഗങ്ങൾ ഉപദേശിച്ചും സഹജീവികളിൽ തുല്യഭാവനയോക്കെയ്യോണ്ടും നിത്യനായ ആത്മാവിനെ ആത്മാവിനാൽ അറിഞ്ഞും തത്വചിന്താനോത്സുകരായി, മാതാപിതാക്കളെ ഈശ്വരനെപ്പോലെ കരുതിപ്പൂജിച്ചും ശുശ്രൂഷിച്ചും സുഖിപ്പിച്ചും നിത്യജീവിതം പരിശുദ്ധമാക്കിയുംകൊണ്ടു് ആ ദമ്പതികൾ ഒരേ ഒരു ശരീരമെന്നോണം സദാചാരനിരതരായി ജീവിതം നയിച്ചുപോന്നു. അക്കാലത്തിൽ ജയദേവരുടെ മാതാപിതാക്കൾ ഭഗവൽഭക്തിയാൽ ത്യാഗികളായിത്തീൎന്നു് തപസ്സിനായി വനാന്തരത്തെ പ്രാപിക്കുവാൻ തീൎച്ചയാക്കി പരിശുദ്ധസത്വാവലംബിയായ ജയദേവൻ പതിവ്രതാശിരോരത്നവും ഭൎത്തൃഹിതാനുവൎത്തിയുമായ പത്മാവതിയോടുകൂടി മാതാപിതാക്കളെ കുമ്പിടുകയും, ആ വൃദ്ധദമ്പതികൾ പുത്രനും, പുത്രഭാൎയ്യക്കും

വേണ്ടുന്ന ജ്ഞാനമാൎഗ്ഗങ്ങൾ അനുഭവരൂപേണ ഉപദേശിച്ച് ആശീൎവ്വാദമരുളി തപസ്സാ വനത്തിൽചെന്ന് നിത്യവൈരാഗ്യനിധികളായി വാണു.

അങ്ങിനെ തെല്ലുകാലം കഴിഞ്ഞപ്പോൾ ജയദേവനും പത്മാവതിക്കും ഗൃഹസ്ഥാശ്രമജീവിതം കുറഞ്ഞൊന്നു വെറുപ്പായിത്തോന്നുകയും, തപോവൃത്തിക്കനുകൂലമായ ജീവകാരുണ്യം, ബ്രഹ്മചൎയ്യ, മോക്ഷപ്രാപ്തിക്കനുഗുണമായ ബ്രഹ്മജ്ഞാനം മുതലായവ വഴിക്കു വഴിയായി അവരെ ആഹ്വാനംചെയ്യുകയും, അവരുടെ അന്തഃകരണത്തിൽ അവകൾ സ്ഥാനം നേടുകയും ചെയ്യാൻ തുടങ്ങി. തങ്ങളുടെ സകലസ്വത്തുക്കളും സൽപാത്രങ്ങളിൽ ദാനംചെയ്തു ശേഷിച്ച ഭാൎയ്യയോടുകൂടിയ ജയദേവൻ ഭിക്ഷാന്നം ദേഹിയായി ഉപജീവിച്ചു അവർ ഈശ്വരവിഷയകമായിത്തന്നെ ജീവിതംനയിച്ചു—കീൎത്തനങ്ങൾ, അഷ്ടകങ്ങൾ മുതലായവകൾ നിൎമ്മിച്ച് ജയദേവൻ അതുകൾ പാടികീൎത്തിച്ചും രസിച്ചും നാളുകൾപോക്കിവന്നു—പിന്നീട് ഒരാശ്രമമുണ്ടാക്കി തന്റെ ധൎമ്മപത്നിയായ പത്മാവതിയൊന്നിച്ച് അദ്ദേഹം സുഖമായിത്താമസിച്ചു. അവർ നിത്യേന പരമമായ ഭക്തിയോടെ ശ്രീകൃഷ്ണനെ പൂജിക്കയും, പൂജാവസരത്തിൽ ശ്രീകൃഷ്ണന്റെ അപദാനങ്ങളെ വൎണ്ണിച്ചുകൊണ്ടു നിൎമ്മിച്ച ചില ഗാനങ്ങളെപ്പാടി നൃത്തംവെച്ച് ആനന്ദവശരായി വസിക്കയും പതിവാണ്. അദ്ദേഹം രാധാമാധവന്മാരുടെ രഹഃ ക്രീഡാവൎണ്ണനമായ ഗാനങ്ങളാണ് അധികവും പാടാറുള്ളത്. ഗ്രന്ഥരചനാകാലത്ത് ശ്രീകൃഷ്ണന്റെ രാധാനുനയവാക്യമായ പത്തൊമ്പതാമത്തെ ഗാനത്തിൽ "മമശിരസി മണ്ഡനം ദേഹിപദപല്ലവം" എന്ന സന്ദർഭോചിതമായ പദങ്ങൾ എഴുതുവാൻ തുടങ്ങിയപ്പോൾ, സാക്ഷാൽ ജഗദീശ്വരനായ ശ്രീകൃഷ്ണന്റെ ശിരസ്സിൽ പാദംവെയ്ക്കുവാൻ രാധയോടു ആജ്ഞാപിക്കുമോയെന്നു ശങ്കിച്ചു ജയദേവൻ വേറേ പ്രകൃതോചിതങ്ങളായ പ്രയോഗമാലോചിച്ചുകൊണ്ടു സ്നാനത്തിനായിപ്പോയി. സന്ധ്യക്കുശേഷം എണ്ണതേച്ചുംകൊണ്ടാണ് കുളിക്കാൻ പോയത്. ആ സമയം ശ്രീകൃഷ്ണൻ ജയദേവരുടെവേഷം ധരിച്ചുവന്ന് പത്മാവതിയോടു ആ ഗ്രന്ഥം ആവശ്യപ്പെട്ടു വാങ്ങിച്ച് ജയദേവരുടെ സംശയത്തേതീക്കുവാനായിത്തന്നെ "മമശിരസി" ഇത്യാദി പദ

ങ്ങാംതന്നെ ചേക്കുകയും കുളിക്കാനുള്ള ബദ്ധപ്പാടിനെ അഭിനയിച്ച് "കണ്ണിൽ എണ്ണപോയി" എന്നു പറഞ്ഞ് പത്മാവതിയുടെ ഉത്തരീയത്തിൻെറ തലകൊണ്ട് കണ്ണുതുടച്ചുവെച്ചുപോകയും ചെയ്തു.

ജയദേവൻ കുളികഴിഞ്ഞുവന്ന് വിശ്രമിച്ചശേഷം സംശയം തീരാത്തതിൽ ചിന്താഗതനാകുന്നതുകണ്ട് പത്മാവതി പറഞ്ഞു. "അങ്ങെന്താണ് വിചാരിക്കുന്നത്. സംശയനിവൃത്തിവന്നതിനുശേഷമല്ലേ ഗ്രന്ഥത്തിൽ തിരുത്തിപ്പോയത്" "ആര് ഞാനോ?," ആ ജയദേവൻ ചോദിച്ചു "അങ്ങല്ലേ സ്നാനത്തിനുപോയി ഉടനെ മടങ്ങിവന്ന് എന്നോട് ഗ്രന്ഥം മേടിച്ച് തിരുത്തി എഴുതിപ്പോയത്! കണ്ണിൽപോയ എണ്ണ തുടച്ചത് എൻെറ ഉത്തരീയത്തിൻെറ തലകൊണ്ടല്ലേ നോക്കുക" എന്നു പറഞ്ഞ് ഉത്തരീയം കാണിച്ചു കൊടുത്തു. ഗ്രന്ഥം എടുത്തു പരിശോധിക്കയും ചെയ്തു ഗ്രന്ഥത്തിൽ തിരുത്തിപ്പോയ വസ്തുതയറിഞ്ഞ ജയദേവൻ വിസ്മയഭരിതനായി ഗൽഗദത്തോടെ ഭക്തിസുധ ഉറന്നുവീഴുന്ന കണ്ണുനീരോടുംകൂടി പത്മാവതിയോടു പറഞ്ഞു: "ഹേ ഭാഗ്യശാലിനി! പുണ്യസമ്പൂർണ്ണേ! ഞാൻ പരമാത്മഭക്തിയോടെ ആ ശ്രീകൃഷ്ണനെ എത്രകാലമായി ഭജിക്കാൻ തുടങ്ങിട്ട്! ആ ഭഗവാനെ ഒരു കണ്ണു കാണുവാൻ എനിക്കു ഭാഗ്യമുണ്ടായില്ലല്ലോ! നീയെന്നെ അനുകരിക്ക മാത്രമേ ചെയ്തിട്ടുള്ളൂ. എന്നിട്ടോ, നിനക്ക് ആ ജഗൽക്കാരണമൂത്തിയേ, ശൃംഗാരസാരസർവ്വസ്വമായ ശ്രീ കൃഷ്ണഭഗവാനെ ബാഹ്യദൃഷ്ടികൊണ്ടുതന്നെ നിശ്ശങ്കം കാണുവാൻ സാധിച്ചു. "ഭാഗ്യമേഭാഗ്യം" എന്നിങ്ങിനെ പറഞ്ഞു നിദ്രക്കായിക്കിടന്നു. രാത്രി മൂന്നാം യാമത്തിൻെറ ആദ്യത്തിൽ നിദ്രാധീനനായിക്കിടക്കുന്ന ജയദേവനോട് കൃഷ്ണൻ വന്ന് മന്ദഹാസത്തോടെ പറഞ്ഞു. "ഈ ഗ്രന്ഥനിർമ്മാണംകൊണ്ട് ഞാൻ അതീവപ്രസാദിക്കയും സന്തോഷിക്കുകയും ചെയ്യുന്നു" എന്ന് അതിന്നുശേഷം കൃതകൃത്യനായിക്കൊണ്ട് ആ ജയദേവൻ നിത്യവും താൻ നിർമ്മിച്ച അഷ്ടപദി അതീവതൃപ്തിയോടെ ഗാനം ചെയ്ത് നൃത്തം ചെയ്യുകയും ആ ഗ്രന്ഥം ഭക്തിപുരസ്സരം ഭഗവൽപാദങ്ങളിൽ ജഗന്നാഥക്ഷേത്രേശ്വരനായ ഭഗവ

ൽ സമപ്പിച്ചു കൃതകൃത്യനായി വാഴുകയും ചെയ്തു. അക്കാലത്തു് ഒരു ദിവസം അവിടുത്തെ രാജാവു് ജയദേവരുടെ അഷ്ടപദി കണ്ടു് അതു പോലെ താനും ഒരു അഷ്ടപദി നിമ്മിച്ചു. ജയദേവരുടെ കീത്തനങ്ങളും അഷ്ടകങ്ങളും ജനങ്ങൾ ക്ഷേത്രത്തിൽവെച്ചു ഭക്തിപുളകിതരായി നിത്യവും പാടുവാനും ചൊല്ലുവാനും തുടങ്ങി, ഒരിക്കൽ ജഗന്നാഥക്ഷേത്രത്തിൽ ഉത്സവകാലത്തു് ക്ഷേത്രത്തിൻെറ മുൻഭാഗത്തുള്ള മണ്ഡപത്തിലിരുന്നു് ബ്രാഹ്മണർ ജയദേവരുടെ രസഭൂയിഷ്ഠങ്ങളായ അഷ്ടകങ്ങളും കീത്തനങ്ങളും ചൊല്ലി സ്തുതിച്ചപ്പോൾ ക്ഷേത്രത്തിൽനിന്നു് "ഞാൻഅംഗീകരിച്ചു; ഞാൻ അംഗീകരിച്ചു; എനിക്കു തൃപ്തിയായി, എനിക്കു സന്തോഷമായി" എന്നീ ശബ്ദം സ്വല്പനേരത്തേയ്ക്കുണ്ടായി, ഇതുകേട്ടു് ഉത്സവത്തിന്നു വന്നിരിക്കുന്നവരെല്ലാവരും അത്ഭുതപ്പെട്ടുകയും അന്നുമുതൽ ജയദേവവാക്യങ്ങൾ ഈശ്വരവചനങ്ങൾപോലെ കൊണ്ടാടുകയും ചെയ്യുവാൻ തുടങ്ങി; അദ്ദേഹത്തിൻെറ അഷ്ടകങ്ങളും കീത്തനങ്ങളും ദിവ്യമാഹാത്മ്യമരുളുന്നതെന്നു് സമ്മതിച്ചു് പാടിസ്തുതിക്കുവാനും ആനന്ദാശ്രുക്കൾ പൊഴിച്ചു് നൃത്തംവെയ്ക്കുവാനും തുടങ്ങി. ഇക്കഥയറിഞ്ഞു് രാജാവു് കുണ്ഠിതപ്പെട്ടു. വഷം തോറും ഇവിടുത്തെ ഉത്സവത്തിന്നു കീത്തനങ്ങളും മററും നിമ്മിച്ചു കൊടുത്തിരുന്നതു് രാജാവായിരുന്നു ജയദേവരുടെ കീത്തനങ്ങൾ വന്നതോടുകൂടി രാജാവിൻെറ കീത്തനങ്ങൾ ആരും അംഗീകരിക്കാതേയുമായി. അതിനാൽ രാജാവു് കോപാവിഷ്ടനായി, അവിടെയുള്ള ബ്രാഹ്മണരെ ആളയച്ചുവരുത്തി, അകാരണമായി താൻ ഉണ്ടാക്കിയ കീത്തനങ്ങളെ ഉപേക്ഷിച്ചു് ജയദേവരുടെ കീത്തനങ്ങളുപയോഗിപ്പാൻ കാരണമെന്തെന്നു ചോദിച്ചു. ജയദേവരുടെ കീത്തനങ്ങൾ ഭഗവാൻ അംഗീകരിച്ചതുകൊണ്ടാണു് അതിന്നു പ്രാധാന്യം നൽകിയതെന്നു ബ്രാഹ്മണർ പറഞ്ഞു അശരീരിയെ വിസ്തരിച്ചുപറഞ്ഞു. അതിനാൽ രാജാവിൻെറ കീത്തനങ്ങളും ഭഗവാൻ അംഗീകരിക്കുന്ന പക്ഷം അതു പാടിപ്പുകഴ്ത്തി സ്തുതിക്കുവാൻ തങ്ങൾ തെയ്യാറാണെന്നു് ബ്രാഹ്മണർ പറഞ്ഞു. അതു പരീക്ഷിക്കുവാനായിത്തന്നെ ബ്രാഹ്മണർ രാജാവിൻേറയും ജയദേവരുടേയും കീത്തനങ്ങൾ ക്ഷേത്രത്തിൽ ഭഗവൽ തൃപ്പാദത്തിൽവെച്ചു് പൂജിച്ചു് കാവല്ക്കാരേയുമേർപ്പെടുത്തി ക്ഷേത്രം അടച്ചുപൂട്ടി രാജമുദ്രയും

വെച്ച് പോയി. അടുത്ത പ്രഭാതത്തിൽ എല്ലാവരും ചെന്നുനോക്കിയപ്പോഠം രാജാവിൻെറ സ്തോത്രങ്ങഠം പുറത്തു കിടക്കുന്നതുകണ്ടു. അകത്തുകടന്നു ജയദേവരുടെ ഗ്രന്ഥമെടുത്തു നോക്കിയപ്പോഠം "അംഗീകരിച്ചു" എന്നു് അതിൻെറ പുറത്തെഴുതീട്ടുള്ളതായി കണ്ടു് എല്ലാവരും വിസ്മിതരാകയും, ജയദേവകീത്തനങ്ങളെ മുമ്പിലത്തേക്കാഠം ഭക്തിശ്രദ്ധാദികളോടെ പാരായണം ചെയ്യാനും തുടങ്ങി.

ഈ സംഗതി രാജാവിന്നു വലിയ മാനക്കേടായിത്തോന്നി. —തൻെറ യശസ്സിന്നു് അതീവ ഹാനികരമായി തോന്നി, വല്ലാത്ത ക്ഷോഭമുണ്ടായിത്തീൻ. രാജാവു് നിരാശയോടെ—വ്യസനാധിക്യവും കോപാവേശവും ഇടകലൻ്—കൊട്ടാരത്തിൽ ചെന്നു് നിത്യകൃത്യങ്ങളൊന്നും കൂടാതെ ദുഃഖസന്തപ്തനായിരുന്നു. രാത്രിയിൽ ഉറക്കം വന്നതുമില്ല. അദ്ദേഹം ഭക്തിപുരസ്സരം ഭഗവാനെ സ്തുതിക്കുവാൻ തുടങ്ങി. പലവിധ സ്തോത്രങ്ങഠംകൊണ്ടു ഭക്തിയാൽ പുളകിതനായി ഭഗവാനെ സ്തുതിച്ചു. "ഭക്തോത്തംസനായ ഭൃഗുമഹഷിയുടെ പാദമുദ്ര ആദരവോടെ സ്വീകരിച്ച സത്വമൂത്തേ! ദുഷ്ടന്മാരായ അസുരന്മാരുടെ ദൂഷിച്ച വാക്കുകഠംപോലും ആദരിക്കുവാൻ ശീലമുള്ള ഹേ വിശ്വംഭര! അങ്ങ് ഇവൻെറ സ്തോത്രങ്ങളെ മാത്രം തള്ളിക്കളഞ്ഞു് ജയദേവരുടെ കീത്തനങ്ങളെ മാത്രം സ്വീകരിക്കുവാൻ കാരണമെന്തു്? അതു് ഈ ഇവൻെറ കമ്മഫലമായിരിയ്ക്കാം. അതോ, അതു ഭഗവാൻെറ ലീലതന്നെയോ! ഇങ്ങൊന്നുമറിയുന്നില്ല. അതീവഭക്തന്മാരായ രണ്ടാളുകഠം നിമ്മിക്കുന്ന കവിതയാൽ ഒന്നു് നല്ലതും മറേറതു് ചീത്തയെന്നും വരാമൊ? ഹേ ഭക്താത്തിഭഞ്ജന! ജനാഥരക്ഷക! നിന്തിരുവടിക്ക് എല്ലാവരും ഒന്നുപോലെയല്ലെ? തൃപ്പാദദാസിമാരായ ഗോപസ്ത്രീകളുടെ അടികഠംപോലും അങ്ങു് ക്ഷമാപൂവ്വം സഹിച്ചതായി പുരാണങ്ങളിൽ പറയുന്നു. അങ്ങിനെയിരിക്കെ ഇവൻെറ സ്തോത്രം ഈ വിധം നിരാകരിച്ചതെന്തുകൊണ്ടു്? നിന്തിരുവടിക്കു പക്ഷഭേദം നന്നോ? ഹേ യദുനാഥ! വാസുദേവ!" എന്നിങ്ങിനെ പരവശഭാവനയാൽ സ്തുതിചെയ്തു് നിദ്രാധീനനായി ഭഗവാൻ രാജാവിന്നു സ്വപ്നാവസ്ഥയിൽ പറഞ്ഞു: "ജയദേവൻെറ സ്തോത്രകീത്തനങ്ങഠം നീ പതിവായി പാരായണം ചെയ്യുന്നതായാൽ

നിയ്യുണ്ടാക്കിയ സ്തോത്രങ്ങളിൽ നിന്നു് പതിമൂന്നു പദ്യകൃതികളെ ഞാൻ അംഗീകരിക്കാം'' എന്നു് രാജാവു് പെട്ടെന്നുറക്കമുണർന്നെഴുന്നേററു് സ്വപ്നാവസ്ഥയെ ചിന്തിക്കുവാൻ തുടങ്ങി. ചിന്തിച്ചുവരുന്തോറും ജയദേവനിൽ ബഹുമാനവും ഭക്തിയും സ്നേഹവും വദ്ധിക്കുവാൻ തുടങ്ങി. ജയദേവൻ ഭഗവാൻെറ അവതാരമെന്നു് തീർച്ചപ്പെടുത്തി. രാവിലെ ജഗന്നാഥക്ഷേത്രത്തിലെത്തി, മുഖമണ്ഡപത്തിലിരുന്നു് ജയദേവകീത്തനങ്ങാം പാടുന്ന ബ്രാഹ്മണരോടു ചേന്നു് പാടുവാനും സ്തുതിക്കുവാനും തുടങ്ങി. ഒട്ടുനേരം കഴിഞ്ഞപ്പോരം ക്ഷേത്രത്തിൽനിന്നു്—കോവിലിനകത്തുനിന്നു് ഒരശരീരിവാക്കു് കേരംക്കാറായി. "രാജേന്ദ്ര! നീ എഴുതീട്ടുള്ള സ്തോത്രമാലയിൽ ആദ്യമുള്ള പതിമൂന്നു പദ്യങ്ങളെ ഞാൻ സ്വീകരിച്ചു'' എന്നു്.

ഇതുകേട്ടു് ബ്രാഹ്മണർ രാജാവിൻെറ പതിമൂന്നു പദ്യങ്ങളും ജയദേവരുടെ അഷ്ടകങ്ങളുടെ കൂടെ ചേർത്തു് പാടുവാനും പഠിക്കുവാനുംതുടങ്ങി ജയദേവനിൽ ജനങ്ങരംക്കു മുമ്പിലത്തേതിൽ കൂടുതൽ ഭക്തി വദ്ധിച്ചു. അദ്ദേഹത്തെ ദശിക്കുവാൻ സംഗതിയാകാത്തവൻെറ ജന്മം മിഥ്യയെന്നുകൂടി പറയുവാൻ തുടങ്ങി. ജയദേവരുടേയും പത്മാവതിയുടേയും വാത്തകരം കേട്ടറിഞ്ഞു് പത്മാവതിയുടെ അച്ഛൻ ഇവരുടെ അടുക്കൽ വന്നു. ഇവരുടെ മഹാത്മ്യാതിശയം കണ്ടു് അദ്ദേഹം അത്ഭുതപ്പെടുകയും സന്തോഷിക്കയും ചെയ്തു. പത്മാവതിയും ജയദേവരും സ്നേഹബഹുമാന പുരസ്സരം അദ്ദേഹത്തിനെ വേണ്ടുംവിധം ആദരിച്ചു. അദ്ദേഹം പുത്രിക്കു സമ്മാനിക്കുവാൻ കൊണ്ടുവന്ന വസ്ത്രാഭരണങ്ങരം മകരംക്കു കൊടുത്തു യാത്ര പറഞ്ഞു പുറപ്പെട്ടു. മകരം അച്ഛനു് അനുയാത്രയായി നേർവഴി വരെ ഒരുമിച്ചു പോയി. ആ സമയം ധ്യാനനിമഗ്നനായിരുന്ന ജയദേവൻ ഉണന്നു് കൺമിഴിച്ചപ്പോരം ഭായ്യയെ കാണാതിരുന്നതിനാൽ വേഗം എഴുന്നേററു വെളിക്കിറങ്ങി നടന്നു. കുറെ ദൂരം ചെന്നപ്പോരം അവിടെയെങ്ങും മനുഷ്യസഞ്ചാരമില്ലാത്ത ഒരു വനഭൂവായിട്ടാണു് കണ്ടതു്. വേഗം, ഉയന്ന ഒരു പർവ്വത ഗുഹയിൽ പോയി ധ്യാനമുറപ്പിച്ചിരുന്നു.

പത്മാവതി മടങ്ങി ആശ്രമത്തിൽ ചെന്നപ്പോൾ ഭർത്താവിനെ കാണായ്കയാൽ ദുഃഖിച്ച് ഓടിനടന്നന്വേഷണം തുടങ്ങി. അവൾ പാതിവ്രത്യ കവചം ധരിച്ചുകൊണ്ട് അങ്ങിങ്ങായി ചുററിനടന്ന് ദൈവഗത്യാ ജയദേവനിരിക്കുന്ന ഗുഹയിൽ ചെല്ലുകയും ക്ഷീണിതരായ രണ്ടാളും വേഗം നാട്ടിൽ വന്നുചേരുകയും ചെയ്തു.

ഒരു ദിവസം ജയദേവൻ നിഷ്ഠയായിരിക്കുമ്പോൾ പത്മാവതിക്കു എന്തോ ആവശ്യത്തിന്ന് അടുത്തെങ്ങോ പോകേണ്ടിവന്നു. ആ സമയം നിഷ്ഠവിട്ട് തെരുവിൽ ഉലാത്തി കൊണ്ടിരുന്ന ജയദേവരെ, രഥത്തിൽ കയററി ആ വഴിപോയ ഒരു ഭക്തൻ—ആ ഭക്തൻ ഒരു വർത്തകനും കൂടിയാണ്—ജയദേവരെകണ്ടു താഴെയിറങ്ങി. വന്ദിച്ച് നമസ്കരിച്ചു, പലവിധത്തിൽ ജയദേവരെ സ്തുതിക്കാം തേരിൽ കയററി അനേകം വനങ്ങളും കടന്ന് ആ ഭക്തന്റെ വസതിയിൽ ചെന്നുചേരുകയും ചെയ്തു. ജയദേവനെപ്പററിയും പത്മാവതിയെപ്പററിയും ആ വർത്തകൻ അയാളുടെ ഭാൎയ്യയോടും പലതും സ്തുതിച്ചു വാർത്തകളുച്ചരിക്കയും, പരമാൎത്ഥഭക്തിയോടെ ജയദേവരെ സ്തുതിക്കയും ചെയ്തതിന്നുശേഷം ജയദേവരെ സല്ക്കരിച്ച് തേരിൽ കയററിഅയപ്പാൻ നിശ്ചയിച്ച അവസരത്തിൽ, പത്മാവതീദേവിക്ക് തിരുമുൽക്കാഴ്ചയായി കുറെ ദ്രവ്യവും മററു ചില വസ്തുക്കളും കൂടി സ്വീകരിപ്പാൻ ജയദേവരോടപേക്ഷിച്ചു. ജയദേവരാ സമയം അവളെ നിശ്ശേഷം വിലക്കിപ്പറഞ്ഞു: "ആപത്തിനെ അരുളുന്നതാണ് ധനം" അതിനാൽ താൻ കൊണ്ടുപോകയില്ലെന്നു ഖണ്ഡിച്ചു പറഞ്ഞെങ്കിലും നിർബന്ധപൂൎവ്വം ആ വക വസ്തുക്കൾ തേരിൽ എടുത്തുവെച്ചു ജയദേവരെ യാത്രയാക്കി തേർ അതിവേഗം തെളിച്ച് സൂതൻ കാട്ടിൽകൂടി യാത്രചെയ്തപ്പോൾ നാലു തസ്കരന്മാർ ഒന്നിച്ചുചേൎന്ന് രഥത്തെ തടഞ്ഞുംനിൎത്തി ജയദേവരുടെ രണ്ടുകാലും കയ്യും വെട്ടി ഒരു പൊട്ടക്കിണററിൽ തള്ളി ഉള്ളധനവും കയ്ക്കലാക്കി പോകയും ചെയ്തു. ആ തസ്കരന്മാരോടു യാതൊരു വിരോധവും തന്റെ മനസ്സിൽ തോന്നുകപോലും ചെയ്യാതെ, ശാരീരികമായ കഠിന ദുഃഖത്തെ വകവെയ്ക്കാതെ ആത്മാരാമനായിക്കൊണ്ടു ഭഗവാൻ വിഷ്ണുഭഗവാനെ സ്തുതിക്കയും ധ്യാനിക്കയും നിശ്ചഞ്ചലചനായി

ആനന്ദാമൃതം പാനം ചെയ്തവിടെയിരിക്കകയുമാണ് ചെയ്തത്. തെല്ലുകഴിഞ്ഞ് ജയദേവൻ കിടന്ന് ഭഗവാനെ സ്തോത്രംചെയ്തു പലപ്രകാരത്തിൽ സ്തുതിച്ച് അഭയമരണ ഉച്ചത്തിൽ വിളിച്ചു ആ സമയം ജയദേവരുടെശബ്ദം വൈകുണ്ഠത്തിൽ ദേവമുനിജനവന്ദിതനായി ലക്ഷ്മിദേവിയാൽ പരിലാളിതനായ ഭഗവാൻ ശ്രീമനാരായണൻ കേട്ട്, ഭക്തവാത്സല്യത്താൽ താൻആരോടും ഒന്നുംപറയാതെ എഴുന്നേററ് ആ ഭക്തന്റെ സമീപത്തേയ്ക്ക് ഓടി. എല്ലാവരും അത്ഭുതപ്പെട്ടു. ഭഗവാൻ ക്ഷണത്തിൽ ജഗന്നാഥത്തിലെത്തി ജയദേവൻ കിടക്കുന്ന കിണററിന്നരികിൽചെന്ന് ജയദേവനെകണ്ട് കരുണാമൃതംവർഷിച്ച്, ഹൃദയകമലത്തിൽ ആനന്ദസ്വരൂപനായി പ്രവേശിച്ച് ജ്ഞാനദൃഷ്ടവാനാക്കിത്തീർത്തു. മേലാൽ ഒരിക്കലും ദുഃഖലേശം ഉണ്ടാകാതിരിക്കുവാൻ വേണ്ടുന്ന അനുഗ്രഹവും കൊടുത്തു. ജ്ഞാനദൃഷ്ടിയാൽ തന്റെ ഹൃദയകമലത്തിൽ ശ്രീകൃഷ്ണനെ കണ്ടു കണ്ടാനന്ദിച്ച് ബാഹ്യാനുഭവങ്ങളെ വിസ്മരിച്ച് ആനന്ദചിത്തനായി അവിടെയിരുന്നു.

ഈ സമയം ഭർത്താവിനെ കാണാതെ പത്മാവതി വളരെ വളരെ അന്വേഷണങ്ങൾചെയ്തു. ഒരു ഫലമുണ്ടായില്ല. നിലത്തുരുണ്ട് വേപഥുഗാത്രയായുഴലുമ്പോൾ അവളുടെ അച്ഛൻ ഭർത്താവിനെ എവിടെചെന്നും താൻ കൊണ്ടുവരാമെന്നു പറഞ്ഞ് ഒരുവിധം സമാധാനിപ്പിച്ച് അവിടെ നിന്നുംപോയി. പത്മാവതി ഈശ്വരധ്യാന നിമഗ്നയായി നിരാഹാരവ്രതത്തോടെ നിലത്തു തന്നെ കിടന്നും ഉറക്കമൊഴിച്ചും കഴിഞ്ഞുകൂടി.

അങ്ങിനെയിരിക്കെ, ഭക്താഗ്രണിയായ ഒരു രാജാവ്—ക്രൌഞ്ചരാജാവ്—-നായാട്ടിന്നുപോകയും കാട്ടിൽ പൊട്ടക്കിണററിൽ കിടക്കുന്ന ജയദേവരെക്കണ്ട് സംഭ്രമത്തോടെയും, ഭക്ത്യാതിശയത്തോടെയും കരയ്ക്കുകയററി നാട്ടിൽ കൊണ്ടുപോയി മുറികളൊക്കെയുണക്കി, ജയദേവരിൽനിന്ന് ജ്ഞാനബോധിയായിത്തീരുകയും ചെയ്തു. ജയദേവരുടെ നിർമ്മത്സരബുദ്ധിയും തത്വജ്ഞാനോപദേശവും സുഖദുഃഖങ്ങളിൽ തുല്യഭാവനയുംകണ്ട് ആ രാജാവ് ഈശ്വരാരാധന എന്നത് ജയദേവരിൽതന്നെ സമർപ്പിച്ച് ദിവ

സഞ്ചാരം കഴിച്ചു. ജയദേവൻ അധികസമയവും നിശ്ചലധ്യാനതല്പരനായിക്കൊണ്ടുതന്നെയിരുന്നു.

ജയദേവക്കു ഭാൎയ്യയുണ്ടെന്ന വൃത്തമറിഞ്ഞു് രാജാവു് മന്ത്രിമാരേയയച്ചു് ഒരു വിധം പത്മാവതിയെ വരുത്തി. അദ്ദേഹം ഭൎത്താവിനെ ആദരവോടെ പരിഭ്രമചിത്തത്തോടെ വന്ദിച്ചു. കഴിഞ്ഞ സംഗതികളൊക്കെ അന്യോന്യം വിസ്തരിച്ചു് പറഞ്ഞു. "കൈകാലുകൾ പോയാലും പോയില്ലെങ്കിലും എനിക്കൊരുപോലെതന്നെ. ആത്മജ്ഞാനത്തിനു അതുകളൊന്നും ഉപകരിക്കയില്ലല്ലോ" എന്നു പറഞ്ഞു ഭാൎയ്യയെ സമാധാനിപ്പിച്ചു. അനേകം കഥകൾ ഉദാഹരണത്തിനായി പറഞ്ഞു ദുരദൃഷ്ടതകൾ പ്രാരബ്ധകൎമ്മങ്ങളെന്നു ബോദ്ധ്യപ്പെടുത്തി സന്തുഷ്ടിയേക്കയ്യുണ്ടാക്കി.

ക്രൌഞ്ചരാജ്യം വൈകുണ്ഠമെന്നപോലെ ശോഭിച്ചു. യാതൊരു ധൎമ്മവിരുദ്ധകൎമ്മങ്ങളും അവിടെയില്ലാതായി. സത്യം, സത്യം, സത്യം. അതുതന്നെയാണു് അവിടെ പ്രശോഭിച്ചിരുന്നതു്.

ഇങ്ങിനെയിരിക്കെ! ക്രൌഞ്ചരാജാവിന്റെ ധൎമ്മശീലത്തെ കേട്ടു് ജയദേവന്റെ കൈകാലുകൾ മുറിച്ച തസ്കരന്മാർ യതിവേഷം ധരിച്ചു് രാജനിയിൽ വന്നു, ജയദേവക്കു ഇവരെ മനസ്സിലായിയെങ്കിലും അവൎക്കു കൂടുതൽ സല്ക്കാരാതിത്ഥ്യാദികൾ നൽകണമെന്നു് ജയദേവർ ശട്ടംകൊട്ടുകയാണുചെയ്തതു്. അതുപോലെ അവരെ കണക്കിലേറെ സല്ക്കരിച്ചു് വേണ്ടുന്ന ധനധാന്യങ്ങളും കൊടുത്തു് തേരിലേററി ഭൃത്യന്മാരോടുകൂടിഅവരുടെ നാട്ടിലേക്കയച്ചു തേരിൽ കയറി അവർ അവരുടെ നാടായ കാട്ടിൽ ചേന്നപ്പോൾ രാജഭൃത്യന്മാരോടു അവർ പൊയ്ക്കോൾവാൻ ആജ്ഞാപിച്ചു. അടുത്തവസരത്തിൽ ജയദേവരുടെ വാൎത്ത കള്ളന്മാർ വ്യാജരൂപേണ ദൂഷിച്ചു്, രാജകിങ്കരന്മാരോടു പറഞ്ഞു. ഇവർ ഈ കള്ളന്മാർ സംശയമെന്യേ ജയദേവരേപ്പററിയുള്ളതും മറവുമായ വ്യാജപ്രസ്താവനകൾ പറഞ്ഞുകഴിഞ്ഞയുടനെ ആ പാപികൾ നിന്നിരുന്ന ഭൂഭാഗം പിളന്നു നരകത്തിലേക്കു തലകീഴായി മറിഞ്ഞുവീണു സൌരപാദിനം കത്തേക്കാൾ ക്രൂരമായ നരകത്തിൽ പതിച്ചു.

രാജകിങ്കരന്മാർ കഴിഞ്ഞ സംഭവങ്ങൾ ഒന്നുംവിടാതെ സത്യമായി എല്ലാം രാജാവിനെ അറിയിച്ചു. അവർ എല്ലാവരും അത്യത്ഭുതഗത്തത്തിലാറാടി. ജയദേവൻ കള്ളന്മാരെ ഓർത്ത് വല്ലാതെ പശ്ചാത്തപിച്ചു. ഒടുവിൽ നരകത്തിൽ പുതിയസ്ഥലം കാണ്മാൻ രാജാവും രാജാവിൻെറ അപേക്ഷപ്രകാരം ജയദേവരും പരിവാരങ്ങളോടുംകൂടി പുറപ്പെട്ടു. അവിടെച്ചെന്ന് ജയദേവൻ ആ കള്ളന്മാരെ വളരെ പുകഴ്ത്തി. അദ്ദേഹത്തിൻെറ ആവശ്യപ്രകാരം ജയദേവനെ താഴെ എടുത്തുവെച്ചു. ജയദേവൻ വിലപിച്ചു നിലത്തുകിടന്നുരുണ്ടു. അദ്ദേഹം ധ്യാനത്തിൽ ലയിച്ചു നിശ്ചലനായിത്തീൎന്നു. രാജാവ്, ജയദേവൻ മരിച്ചെന്നുവിചാരിച്ച് ദുഃഖാൎത്തനായി ഭക്തീക്കധീനനായി ശങ്കരനെ അനേകം സ്തോത്രങ്ങൾ ചൊല്ലി സ്തുതിച്ചു. ശങ്കരൻ കൃപാപൂൎണ്ണനായി രാജാവിനെ അനുഗ്രഹിക്കയും ജയദേവൻ മരിച്ചിട്ടില്ലെന്നും അദ്ദേഹത്തിനു കരചരണാദ്യവയവങ്ങൾ പൂൎവ്വസ്ഥിതിയിൽ പ്രാപിക്കുമെന്നും പറഞ്ഞു എല്ലവരേയും അനുഗ്രഹിച്ച് മറഞ്ഞു മറയുന്നതിനുമുമ്പ് ജയദേവരുടെ അപേക്ഷയനുസരിച്ച് നരകത്തിൽ പതിച്ച തസ്കരന്മാൎക്കു ശിവസായൂജ്യം നൽകിയെന്നും ശങ്കരൻ അരുളിച്ചെയ്തു.

ജയദേവരാദിയായവർ കാട്ടിൽ പോയപ്പോൾ രാജപത്നി പത്മാവതിയുടെ സമീപംവന്ന് ഭക്ത്യാദരവോടെ കുശലങ്ങൾ പറഞ്ഞ അവസരത്തിൽ സ്ത്രീധൎമ്മങ്ങളെ വിസ്തരിച്ചു ചോദിക്കുകയും പല ധൎമ്മമാൎഗ്ഗങ്ങളും പത്മാവതി രാജപത്നിയോടു പറകയും, "ഭൎത്താവു മരിച്ചെന്നുകേട്ടാൽതന്നെ ഉടനെ തനിയേ മരിക്കുന്നവളാണ് ഉത്തമസതിയുടെ ലക്ഷണ"മെന്നു പത്മാവതി പറകയും പിന്നീട് രാജ്ഞി കള്ളപ്രസ്താവനകളാൽ ജയദേവൻ മരിച്ചെന്ന് തെളിവോടുകൂടെ ബോദ്ധ്യപ്പെടുത്തുകയും പത്മാവതി ഭഗവാനെ ധ്യാനിച്ച് മരണമടയുകയുംചെയ്തു.

ജയദേവരും ക്രൌഞ്ചരാജാവും മററം രാജ്യത്തിലെത്തിയപ്പോൾ പത്മാവതി മരിച്ച വിവരമറിഞ്ഞു പരിവേദനയുണ്ടായെങ്കിലും അവളുടെ കൎമ്മമായിരിക്കുമതെന്നു പറഞ്ഞു് സമാധാനിക്കയാണ് ചെയ്തതെങ്കിലും രാജാവ് സൎവ്വവും പരമാൎത്ഥമായറിഞ്ഞ്

മോഹാലസ്യപ്പെട്ടുവീണു. ജയദേവൻ ദേവിയെ വിളച്ചു പലതും പരാധീനതപറഞ്ഞു. പത്മാവതിയുടെ മരണകാരണങ്ങളെല്ലാം വ്യക്തമായെല്ലാവരും അറിഞ്ഞു. ദാസിമാരും രാജ്ഞിയും ഭയവിഹ്വലകളായി വിറച്ചുകൊണ്ടു നില്പായി. രാജാവു കോപാന്ധനായി. ജയദേവൻ ആശ്വസിപ്പിച്ചു. ഈശ്വരേച്ഛയുടെ രൂപം തല്പരമായിപ്പറഞ്ഞു. ജയദേവൻ ശ്രീവൈകുണ്ഠേശ്വരനെ ദശാവതാരസ്തോത്രംചൊല്ലി ഭക്തിപുരസ്സരം മന്ദഹാസാന്വിതനായിക്കൊണ്ടു സ്തുതിച്ചു. എന്നിട്ടും ഭഗവാൻ പ്രത്യക്ഷമായില്ല. ജയദേവൻ വിലാപആപത്തിൽ ഭഗവാനെ വിളിച്ചു നിലവിളിച്ചു. ജയദേവൻെറ ഭക്തികണ്ടു് ഭഗവാൻ ഗരുഡവാഹനനായി ആവിർഭവിച്ചു. എല്ലാവരും അവരവക്കാവുംവിധം ഭഗവാനെ സ്തുതിച്ചു. പത്മാവതി ഉറക്കമുണന്നപോലെ എഴുന്നേററു. ഭഗവാനെ ഭക്തിപൂർവ്വം നമസ്കരിച്ചു ആ ദേവൻ എല്ലാവരേയും അനുഗ്രഹിച്ച് മറഞ്ഞു.

ജയദേവൻ ഭക്തിസുധയെ പാനംചെയ്തുകൊണ്ടു് ഭാഗവതം എഴുതിയിരുന്നു. അതു കേൾക്കുവാൻ ഒരു സദസ്സ്ചേന്ന് വായനയാരംഭിച്ചപ്പോൾ ഭഗവാൻ ഒരു മായാബ്രാഹ്മണനായിവന്നു് ജയദേവനോടു് വാദത്തിനു പുറപ്പെട്ടെങ്കിലും ഭഗവൽപാദഭക്തിയാൽ വിശ്വസിച്ചിരുന്ന ജയദേവൻെറ ഭക്തിപ്രഭാവത്തിൽതന്നെ ഭഗവാൻ കീഴടങ്ങുകയാണു ചെയ്തതു്.

ജയദേവൻ ഭഗവല്ലീലകളെ അഷ്ടകങ്ങളാക്കി എഴുതിപ്പാടിരസിച്ചുകൊണ്ടിരുന്നു. ശ്രീകൃഷ്ണൻെറ ശിരസ്സിൽ രാധയുടെ പാദം വെച്ചു എന്ന പ്രയോഗത്തെപ്പററി വാദംനടന്നു. ആരും പ്രയോഗം സമ്മതിക്കയുണ്ടായില്ല. ഒടുവിൽ ഈ അഷ്ടകങ്ങൾ ഗംഗയിൽ ഒഴുക്കുവാനും മടങ്ങിക്കിട്ടിയാൽ ആ പ്രയോഗം സാധുവാകുമെന്നു തീർച്ചപ്പെടുത്താമെന്നും എല്ലാവരും അഭിപ്രായപ്പെട്ടു. അങ്ങിനെയെങ്കിൽ അങ്ങിനെയെന്നു് ജയദേവൻ സമ്മതിച്ചു. ഗംഗയിൽ അഷ്ടപദിയൊഴുക്കി. അതു് ഒലിവിൽപെട്ടു മറഞ്ഞുപോയി. ഭഗവാൻ അതിനെ വഹിച്ച് ദേവാപ്സരോവൃന്ദങ്ങളും ബ്രഹ്മാ ശിവൻ മുതലായവരും ദിവ്യന്മാരായ മുനിശ്രേഷ്ഠന്മാരും കാൺകവെ ആ അഷ്ടപദി ഇരുപത്തഞ്ചും സന്തോഷപുരസ്സരം ജയദേവക്കു കൊടുത്തു

ഭഗവാൻ അരുളിച്ചെയ്തു. ജയദേവ! എന്റെ സൂക്ഷ്മരഹസ്യങ്ങൾ നിനക്കല്ലാതെ ആൎക്കും അറിയുകയില്ല. നിന്റെ അഷ്ടകങ്ങളിൽ പാടിയിരിക്കുന്നതെല്ലാം പരമാൎത്ഥമാണ്. നിന്നാൽ എഴുതപ്പെട്ട ഭാഗവതവും ഈ അഷ്ടകങ്ങളും നിത്യപാരായണം ചെയ്യുന്നവരുടെ ഹൃദയത്തിൽ ഞാനധിവസിക്കുന്നതാണ്. എന്നരുളിച്ചെയ്തുമറഞ്ഞു. പരമശിവനും അനുഗ്രഹിച്ച് അന്തൎദ്ധാനംചെയ്തു. ഋഷീശ്വരന്മാരായ സർവ്വസിദ്ധന്മാരും ജയദേവരെ ആശീൎവ്വദിച്ചു. ജയദേവർ ആനന്ദചിന്മയനായി അവിടംവിട്ടു. ശിഷ്യാഗ്രണിയായ രാജാവോടുകൂടി നടന്ന് ഭക്തലോകത്തിന്നു ബ്രഹ്മതത്വപ്രതിപാദകങ്ങളായ തത്വജ്ഞാനത്തെ ഉപദേശിച്ച് ലോകമെങ്ങും സഞ്ചരിച്ചു. ഒടുവിൽ കാശിയിലെത്തി, തന്റെ തത്വോപദേശങ്ങളിൽ ശ്രോതാക്കൾക്കു വിശ്വാസം വരുവാനായി വിശ്വനാഥക്ഷേത്രത്തിന്റെ മുമ്പിൽചെന്ന്, പൂർവ്വജന്മത്തിൽ "ഏകോനാരായണഃ ദ്വൈതം നാസ്തി" എന്ന സത്യം ചെയ്തതിന്നുപകരം "ഏകം ബ്രഹ്മദ്വൈതം നാസ്തി"എന്ന് എല്ലാവരും കേൾക്കെ ഉറക്കെ സത്യംചെയ്തു. തൽക്ഷണം കാശിവിശ്വനാഥനും വിശാലാക്ഷിയമ്മയും പലരും കാണ്കെ അവിടെ പ്രത്യക്ഷപ്പെട്ടു. ഇതുതന്നെ വേദാന്തസാരസർവ്വസ്വമെന്നരുളിച്ചെയ്തു. മഹർഷിമാർ ആകാശസീമയിൽനിന്നു' വ്യാസോക്തങ്ങളായ സൎവ്വപുരാണങ്ങളുടേയും തത്വസാരം ജയദേവരുരച്ച മഹാവാക്യമാണെന്നു് ഘോഷിച്ചാശീർവ്വദിച്ചു. എല്ലാവരും ബ്രഹ്മസാക്ഷാൽക്കാരത്തെ ലക്ഷ്യംവെച്ച് ബ്രഹ്മധ്യാനനിരതരായി വാണു.

ഓം തത് സത് ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

# ഗീതഗോവിന്ദകാവ്യം

## (അഷ്ടപദി)

"പീയൂഷധാര"
എന്ന വ്യാഖ്യാനത്തോടുകൂടിയതു്

സാമോദദാമോദരം എന്ന

## ഒന്നാം സൎഗ്ഗം

ഭക്താഗ്രണിയായ ശ്രീ ജയദേവ മഹാകവി തന്റെ പ്രബന്ധനിൎമ്മാണനിൎവ്വിഘ്നപരിസമാപ്തിക്കു് "മംഗളം" നേൎന്നുകൊണ്ടു്, രാധാമാധവക്രീഡാരൂപമായ വസ്തുനിൎദ്ദേശംചെയ്യുന്നു.

ശ്ലോകം (1)

"മേഘൈൎമ്മേദുരമംബരം വനഭുവഃ ശ്യാമാസ്തമാലദ്രുമൈ-
ൎന്നക്തം ഭീരുരയം ത്വമേവ തദിമം രാധേ ഗൃഹം പ്രാപയ,"
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ പ്രത്യധ്വകുഞ്ജദ്രുമം
രാധാമാധവയോൎജ്ജയന്തി യമുനാകൂലേ രഹഃകേളയഃ

സാരം:—"ഹേ രാധേ! ആകാശം മഴക്കാറുകളാൽ മൂടപ്പെട്ടിരിക്കുന്നു"— കാളിന്ദീതീരത്തിൽ കാൎത്ത്യായനീദേവി സേവയ്ക്കു ചെന്നിരുന്ന നന്ദഗോപൻ രാത്രിയായതിനാൽ രാധയോടു പറഞ്ഞു:—"വനസീമയിലുള്ള പച്ചില

മരങ്ങൾ വല്ലാതെ ഇരുണ്ടിരിക്കുന്നു; നമ്മുടെ കൃഷ്ണൻ രാത്രികാലങ്ങളിൽ അതിഭീരുവുമാണ്. അതുകൊണ്ട് നീ തന്നെ ഇവനെ ഗൃഹത്തിൽ കൊണ്ടാക്കണം". ഈവിധമുള്ള നന്ദഗോപൻെറ ആജ്ഞയാൽ പോയിട്ടുള്ള രാധാകൃഷ്ണന്മാർ തമ്മിൽ യമുനാതീരത്തിലുള്ള നികുഞ്ജങ്ങളിൽ വെച്ച് ചെയ്ത മാരകേളികൾ സർവ്വോൽകൃഷ്ടതയിൽ വത്തിക്കുമാറാകട്ടെ.

അനന്തരം കവി, താനുണ്ടാക്കുവാൻ ഭാവിക്കുന്ന പ്രബന്ധത്തെ അവതരിപ്പിക്കുന്നു — താനുണ്ടാക്കുവാൻ പോകുന്നത് ഇന്നതെന്നു പ്രതിജ്ഞചെയ്യുന്നു.

ശ്ലോകം (2)

വാഗ്ദേവതാചരിതചിത്രിതചിത്തസത്മാ
പത്മാവതീചരണചാരണചക്രവത്തീ
ശ്രീവാസുദേവരതികേളികഥാസമേത_
മേതന്തനോതിജയദേവകവിഃപ്രബന്ധം.

സാരം:— വാണീദേവിയുടെ ചരിതത്താൽ രൂപീകരിക്കപ്പെട്ട മനസ്സാകുന്ന വസതിയോടുകൂടിയവനും, പരിപൂൎണ്ണമാനസനും ലക്ഷ്മീദേവിയുടെ പാദസേവകന്മാരിൽ അതിപ്രധാനിയും ആയ ജയദേവൻ രാധാമാധവന്മാരുടെ കാമകേളിവൎണ്ണനമായ ഈ കാവ്യത്തെ രചിക്കുന്നു.

ശ്ലോകം (3)

യദിഹരിസ്മരണേ സരസം മനോ
യദിവിലാസകലാസുകുതൂഹലം
മധുരകോമളകാന്തപദാവലീം
ശൃണുതദാജയദേവസരസ്വതീം

സാരം:—മഹാജനങ്ങളെ! നിങ്ങൾക്കു നിങ്ങളുടെ മനസ്സ് വിഷ്ണുസ്മരണയിൽ ഹൃദ്യതാവിശേഷേണ ഭവിക്കുന്നുണ്ടെങ്കിൽ, അഥവാ ശൃംഗാരകലകളിൽ തൃപ്തരായ് ഭവിക്കുന്നുണ്ടെങ്കിൽ, മാധുൎയ്യസൌകുമാൎയ്യാകൎഷണീയകങ്ങളായ പദാവലികളോടുകൂടിയ ശ്രീ ജയദേവരുടെ വാഗ്വിലാസത്തെ ശ്രവിച്ചാലും!

കവി തന്റെ സമകാലീനന്മാരായ ചില മഹാകവികളുടെ ഗുണഗണങ്ങളെപ്പറഞ്ഞ് അവരേക്കാൾ പ്രബന്ധരചനയിൽ അവസരോചിതമായ മനോധൎമ്മം തനിക്കുണ്ടെന്നു ഈ ശ്ലോകത്താൽ വ്യക്തമാക്കുന്നു.

ശ്ലോകം (4)

വാചഃപല്ലവയത്യുമാപതിധരഃസന്ദൎഭശുദ്ധിംഗിരാം
ജാനീതേ ജയദേവ ഏവ ശരണഃ ശ്ലാഘ്യോദുരൂഹദ്രുതേ
ശൃംഗാരോത്തരസൽപ്രമേയരചനൈരാചാൎയ്യഗോവൎദ്ധന
സ്സ്പൎദ്ധീകോപിനവിശ്രുതഃശ്രുതിധരോധോയീകവിക്ഷ്മാപതി

സാരം:—ഉമാപതിധരൻ വാക്കുകളെ അത്യധികം പ്രകടിപ്പിക്കുന്നു. വാചകഭംഗിയാണ്—അൎത്ഥപുഷ്ടിയല്ല—അദ്ദേഹത്തിന്റെ കവിതയ്ക്കു് പ്രധാനം. ചരണൻ ദുൎവ്വിഷയങ്ങളിൽ ബുദ്ധിയയക്കുന്നില്ലെങ്കിൽ ഗ്രന്ഥരചനയിൽ സ്തുത്യൎഹനാണു് ശ്രുതിധരൻ. ശൃംഗാരപരങ്ങളായ ഉൽകൃഷ്ടപ്രബന്ധങ്ങളുടെ നിൎമ്മാണത്തിൽ ഗോവൎദ്ധനോടു മത്സരിക്കുന്നവനാകയാൽ പ്രസിദ്ധിയില്ലാതായിത്തീരുന്നു. ധോയി കവിയല്ല, കവിരാജാവാണ്. രാജാവു് പ്രജകളെ ശാസിക്കും വിധം ഗുണദോഷനിരൂപണംചെയ്തു് കവികളെ ശാസിക്കുന്നതിലാണ്, സ്വന്തം കാവ്യനിൎമ്മാണത്തി

ലല്ലാ അദ്ദേഹത്തിനു സാമത്ഥ്യം. ഈ വിധം ചിന്തിച്ചു നോക്കിയാൽ പദാവലികളുടെ സന്ദർഭശുദ്ധി ജയദേവകവി മാത്രമേ നന്നായറിയുന്നുള്ളു—ഉമാപതിധരൻ, ചരണൻ, ഗോവദ്ധനാചായ്യൻ മുതലായവർ ജയദേവനെപ്പോലെ വംഗരാജാവായ ലക്ഷ്മണസേനസദസ്സിൽ ഉണ്ടായിരുന്ന ഒരു കവിയായിരുന്നു.

അനന്തരം കവി, കേവലം ലൌകികനെപ്പോലെ കൃഷ്ണൻ രാധയോടുകൂടി ക്രീഡചെയ്യുന്നതിനാൽ, കൃഷ്ണൻ സാക്ഷാൽ ബ്രഹ്മസ്വരൂപനും, മത്സ്യ!കൂമ്മവരാഹാദികളായ ഉയച്ചയും താഴ്ചയും ഇല്ലാത്ത ശുദ്ധസത്വഗുണപ്രശോഭിതനായി ഒരേ നിലയിൽ വത്തിക്കുന്നവനെന്നു കാണിക്കുവാനും സ്ഥാപിക്കുവാനുംവേണ്ടി പ്രബന്ധാദിയിൽ മംഗളവാചാ ദശാവതാരവണ്ണന ചെയ്യുന്നു.

## ഒന്നാം അഷ്ടപദി

### മാളവിരാഗം—അടതാളം

പ്രളയപയോധിജലേ ധൃതവാനസിവേദം
വിഹിതവഹിത്രചരിത്രമഖേദം
കേശവധൃതമിനശരീര! ജയജഗദീശഹരെ! 1

ക്ഷിതിരതിവിപുലതരെതവതിഷ്ഠതിപൃഷ്ഠേ
ധരണിധരണകിണചക്രഗരിഷ്ഠേ
കേശവധൃതകച്ഛരൂപ! ജയ ജഗദിശഹരെ! 2

വസതിദശനശിഖരേ ധരണിതവലഗ്നാ
ശശിനി കളങ്കകലേവനിമഗ്നാ
കേശവധൃതസൂകരരൂപ! ജയ ജഗദീശഹരെ! 3

തവകരകമലവരേ നഖമത്ഭുതശൃംഗം

ദലിതഹിരണ്യകശിപുതനുഭൃംഗം
കേശവധൃതനരഹരിരൂപ! ജയജഗദീശഹരെ! 4

ഛലയതിവിക്രമണേബലിമത്ഭുതവാമന!
പദനഖനീരജനിതജനപാവന!
കേശവധൃതവാമനരൂപ! ജയജഗദീശഹരെ! 5

ക്ഷത്രിയരുധിരമയേ ജഗദപഗതപാപം
സ്നപയസിപയസിശമിതഭവതാപം
കേശവധൃതഭൃഗുപതിരൂപ! ജയജഗദീശഹരെ! 6

വിതരസിദിക്ഷുരണേ ദിക്പതി കമനീയം
ദശമുഖമൌലിബലിം രമണീയം
കേശവധൃതരഘുപതിരൂപ! ജയജഗദീശഹരെ! 7

വഹസിവപുഷിവിശദേ വസനം ജലദാഭം
ഹലഹതിഭീതിമിളിതയമുനാഭം
കേശവധൃതഹലധരരൂപ! ജയജഗദീശഹരെ! 8

നിന്ദസിയജ്ഞവിധേരഹഹശ്രുതിജാതം
സദയഹൃദയ!ദശിതപശുഘാതം
കേശവധൃതബുദ്ധശരീര!ജയജഗദീശഹരെ! 9

മ്ലേഛനിവഹനിധനേ കലയസി കരവാളം
ധൂമകേതുമിവകിമപികരാളം
കേശവധൃതകല്ക്കി ശരീര!ജയജഗദീശഹരെ! 10

ശ്രീ ജയദേവകവേരിദമുദിതമുദാരം
ശൃണുശുഭദം സുഖദം ഭവസാരം
കേശവധൃതദശവിധരൂപ! ജയജഗദീശഹരേ! 11

1. പ്രളയജലത്തിൽ, അല്ലയോ മത്സ്യാവതാരം കയ്യൊണ്ട ഭഗവാനെ! ലോകത്തെ ഉദ്ധരിക്കുവാൻ വിശ്രുത

മായ വേദം ആണ്ടുപോയപ്പോൾ മത്സ്യരൂപം കൈക്കൊണ്ടു് —ഹയഗ്രീവനിധനംചെയ്തു്—വേദത്തെ ക്ലേശംവിനാ വീണ്ടെടുത്ത കേശവ! ഹേ ഹരെ! ജഗദീശ! സകല പാപങ്ങളേയും നശിപ്പിക്കുന്ന ജഗൽക്കാരണമൂർത്തേ! നിന്തിരുവടി ജയിച്ചാലും!

2. അല്ലയോ കൂർമ്മാവതാരം കൈക്കൊണ്ട ആനന്ദമൂർത്തേ! വിസ്തൃതമായ മന്ദരപർവ്വതത്തെ പൃഷ്ഠഭാഗേ ധരിച്ചു് അമൃതമഥനത്തിൽ കടലിൽ താണുപോയ ഭൂമിയെ ഉദ്ധരിച്ച കേശവ! ഹേ ഹരേ! ജഗദീശ! നിന്തിരുവടി വിജയിച്ചാലും!

3. അല്ലയോ സൂകരരൂപമാന്ന വിശ്വംഭര! അങ്ങയുടെ തേററയുടെ അഗ്രത്തിൽ ഭൂമിയെ, ചന്ദ്രനിലുള്ള കളങ്കമെന്നപോലെ പററിച്ചു് ഹിരണ്യാക്ഷനിധനംചെയ്ത സർവ്വ ചരാചരാന്തർഗ്ഗതധായ ഭഗവാനെ! കേശവ! ഹരേ നിന്തിരുവടി ജയിച്ചാലും!

4. ഹരേ! കൃഷ്ണ! അങ്ങയുടെ തൃക്കരമാകുന്ന അംഭോരുഹത്തിൽ ഉണ്ടാകുന്ന ഹിരണ്യകശിപുവിനെ വെച്ചു് അങ്ങയുടെ നീണ്ടുകൂർത്ത നഖാഗ്രങ്ങളാൽ അവന്റെ മാർപിളൎന്നു ദുഷ്ടദൈത്യനിധനംചെയ്ത നരസിംഹാവതാരത്താൽ പ്രശോഭിച്ച സച്ചിന്മയ! കേശവ! ഹരേ! നിന്തിരുവടി ജയിച്ചാലും!

5. അല്ലയോ വാമനമൂർത്തേ! അങ്ങയുടെ പാദത്തിൽനിന്നും പുറപ്പെടുന്ന പാദോദകത്താൽ ലോകം ശുദ്ധീകരിക്കയും, ഓരോ അത്ഭുതകർമ്മങ്ങളാൽ വ്യാപൃതരായവരെ തന്നുടെ പ്രഭാവത്താൽ നിസ്സാരമാക്കിത്തള്ളിക്ക

ളയുന്നവനും ആയ ലോകേശ! അവിടന്നു പദവിന്യാസത്താൽ മൂന്നടി ഭൂമിയെ അവ്യാജേന ത്രൈലോക്യം മുഴുവനും മാബലിയിൽനിന്നും വാമനനായി—വാമനാവതാരത്താൽ—വാങ്ങിച്ച് മാബലിയെ അനുഗ്രഹിച്ച വേദനാഥ! കേശവ! ഹേ ഹരേ! ജഗദീശ്വര! ജയിച്ചാലും!

6. ഹേ! ഭൃഗുകുല നക്ഷത്രമായവതരിച്ച ക്ഷത്രിയാന്തക! അങ്ങ് ക്ഷത്രിയരക്തത്തിൽ കുളിച്ച് സംസാരനാശത്തെ ചെയ്ത് പ്രകാശിച്ച പരശുരാമാവതാരമെടുത്തു വിളങ്ങിയ കേശവ! ഹേ ഹരേ! പരമാത്മസ്വരൂപ! അങ്ങ് ജയിച്ചാലും!

7. ഹേ! ദശരഥസൂനുവായ ശ്രീരാമചന്ദ്ര! അങ്ങ് രാവണാദി ദുഷ്ടരാക്ഷസന്മാരെ നശിപ്പിക്കുവാൻ ശ്രീരാമാവതാരമെടുത്ത് രാവണയുദ്ധത്തിൽ അവന്റെ ശിരസ്സുകളാകുന്ന ബലിസമൂഹങ്ങളെ പത്തുദിക്കുകളിലും എറിഞ്ഞു് ദിക്പാലന്മാർ ഇണങ്ങിനില്ക്കുവാൻ പററിയവിധം പ്രവൃത്തിച്ച ഹേ കേശവ! ഹരേ! നിന്തിരുവടി ജയിച്ചാലും!

8. അല്ലയോ ബലരാമാവതാരമെടുത്ത പുണ്യസ്വരൂപ! വെളുത്ത ശരീരത്തിൽ കാർമ്മേഘനിറത്താൽ ശോഭിതമായ വസ്ത്രവും ധരിച്ച് കലപ്പ—കരി—എന്ന ദിവ്യായുധവും ധരിച്ച്, കലപ്പകൊണ്ടുള്ള അടിയെ ഭയന്നു് ശരണംപ്രാപിച്ച കാളിന്ദീനദിക്കുള്ള കാന്തിയെ കവന്ന, അല്ലയോ കോമളാകാര! ഹേ ഹരേ! കേശവാ! നിന്തിരുവടി ജയിച്ചാലും!

9. അല്ലയോ ദീനാവലോകന! ബുദ്ധദേവനായവതരിച്ച ദാനൈകതല്പര! ഹാ കഷ്ടം! പശുക്കളെക്കൊന്നു യാഗം കഴിക്കുന്ന വിധികൾ ഉൾക്കൊള്ളുന്ന വേദസമൂഹങ്ങ

ളെ ആക്ഷേപിച്ച് അഹിംസാധർമ്മം സ്ഥാപിച്ച വിശുദ്ധമൂർത്തേ! ഹേ കേശവ! ഹരേ! നിന്തിരുവടി ജയിച്ചാലും!

10. അല്ലയോ ദുഷ്ടനിഗ്രഹശിഷ്ടപരിപാലനതല്പര! അങ്ങ് കല്ക്കിയായവതാരംചെയ്ത്, ധൂമകേതുവിനേയും അഗ്നിയേയുംപോലെ ദുഷ്ടനിഗ്രഹത്തിനായി ഖഡ്ഗധരനായി പ്രശോഭിച്ച ഉഗ്രമൂർത്തേ! ഹേ കേശവ! ഹരേ! നിന്തിരുവടി ജയിച്ചാലും!

11. അല്ലയോ ദശാവതാരം കൈക്കൊണ്ട വിഷ്ണുമൂർത്തേ! അങ്ങ് ധർമ്മസംസ്ഥാപനത്തിന്ന് കാലംപോലെ അവതാരമെടുത്ത് പ്രശോഭിക്കുന്ന മംഗളസ്വരൂപ! ഗാംഭീര്യവും മംഗളസ്വരൂപവും മംഗളകരവുമായി ശ്രീ ജയദേവരിൽനിന്നുത്ഭൂതമായിട്ടുള്ള ഈ ഗാനാമൃതത്തെ കേട്ട് അല്ലയോ കേശവ! ഹേ ഹരേ! അങ്ങ് ജയിച്ചാലും!

മേൽപറഞ്ഞ ദശാവതാരങ്ങളും, ആ അവതാരമൂർത്തികളെല്ലാം കൃഷ്ണപരമാത്മാവിന്റെ പ്രതിരൂപങ്ങളെന്നു കവി സ്ഥാപിക്കുന്നു.

## ശ്ലോകം (5)

വേദാനുദ്ധരതെജഗന്തിവഹതേ ഭൂഗോളമുദ്ബിഭ്രതേ
ദൈത്യംദാരയതേബലിം ഛലയതേ ക്ഷത്രക്ഷയം കുർവ്വതേ
പൌലസ്ത്യം ജയതേഹലംകലയതേ കാരുണ്യമാതന്വതേ
മ്ലേഛാൻമൂർഛയതേദശാകൃതികൃതേ കൃഷ്ണായതുഭ്യം നമഃ

സാരം:—വേദങ്ങളെ ഉദ്ധരിക്കുന്നതും, ലോകങ്ങളെ വഹിക്കുന്നതും, ഭൂഗോളത്തെ എടുക്കുന്നതും, ഹിരണ്യകശിപുവിനെ പിളക്കുന്നതും, മഹാബലിയെ ചതിക്കുന്നതും, ക്ഷത്രിയരെ ക്ഷയിപ്പിക്കുന്നതും, രാവണനെ ജയിക്കുന്നതും

കരുണയെ പരത്തുന്നതും, മ്ലേഛരെ നശിപ്പിക്കുന്നതും എല്ലാം ഒരാൾതന്നെയാണ്. അങ്ങിനെ പത്തു രൂപം സന്ദൎഭാനുസരണം കയ്ക്കൊണ്ടു പ്രശോഭിക്കുന്ന ശ്രീകൃഷ്ണപരമാനന്ദമൂൎത്തിയായ നിൻതിരുവടിക്കു നമസ്കാരം.

അനന്തരം കവി, ഭഗവാന്റെ അപദാനങ്ങളേയും മററു മാഹാത്മ്യങ്ങളേയും ധ്യാനിച്ചുകൊണ്ട് ഭക്തി പരവശനായി സ്തോത്രംചെയ്യുന്നു.

## രണ്ടാം അഷ്ടപദി

### ഗുജ്ജരീരാഗം—അടതാളം.

ശ്രിതകമലാകുചമണ്ഡല! ധൃതകുണ്ഡല!
കലിതലളിതവനമാല! ജയജയ-ദേവഹരേ! 1

ദിനമണിമണ്ഡലമണ്ഡന! ഭവഖണ്ഡന!
മുനിജനമാനസഹംസ! ജയജയ ദേവഹരേ! 2

കാളിയവിഷധരഭഞ്ജന! ജനരഞ്ജന!
യദുകുലനളിനദിനേശ! ജയജയ ദേവഹരേ! 3

മധുമുരനരകവിനാശന! ഗരുഡാസന!
സുരകുലകേളിനിദാന! ജയജയ ദേവഹരേ! 4

അമലകമലദളലോചന! ഭവമോചന!
ത്രിഭുവനഭവനനിധാന! ജയജയ ദേവഹരേ! 5

ജനകസുതാകുചഭൂഷണ! ജിതദൂഷണ!
സമരശമിതദശകണ്ഠ! ജയജയ ദേവഹരേ! 6

അഭിനവജലധരസുന്ദര! ധൃതമന്ദര!
ശ്രീമുഖചന്ദ്രചകോര! ജയജയ ദേവഹരേ! 7

ശ്രീജയദേവകവേരിദംകുരുതേമുദം
മംഗലമുജ്ജ്വലഗീതം ജയജയ ദേവഹരേ! 8

1. അല്ലയോ ശ്രീദേവിയുടെ സ്തനകലശത്തെത്താങ്ങുന്നവനെ! കുണ്ഡലങ്ങൾ കാതിലും, വിശേഷമായ വനമാലയെ മാറിലും ധരിച്ച കൃഷ്ണ! അങ്ങു ജയിച്ചാലും!

2. അല്ലയോ ഭാനുമണ്ഡലപ്രഭയെ ജയിക്കുന്ന ആഭരണങ്ങളണിഞ്ഞിട്ടുള്ള കോമളസ്വരൂപ! സംസാരനാശന! ഋഷിമാനസഹംസമേ! ഹരേ കൃഷ്ണ! നിന്തിരുവടി ജയിച്ചാലും!

3. അല്ലയോ ഉഗ്രനായ കാളിയനെ മർദ്ദിച്ച വാസുദേവ! ഇഷ്ടജനങ്ങൾക്കു തൃപ്തിയെ നൽകുന്ന കേശവ! യദുവംശപങ്കജത്തിന്നു ഭാനുദേവനായി പ്രകാശിക്കുന്ന ഹരേ! കൃഷ്ണ! നിന്തിരുവടി ജയിച്ചാലും!

4. അല്ലയോ മധു, മുരൻ, നരകൻ ആദിയായ ദൈത്യാന്തകനായ ഹരേ! ഗരുഡാസന! ദുഷ്ടനാശന! ദേവകൾക്ക് ആശ്വാസമരുളിപ്പാലിക്കുന്ന വിശ്വംഭര! ഹേ കൃഷ്ണ! നിന്തിരുവടി ജയിച്ചാലും!

5. അല്ലയോ ചെന്താമരദളനയന! സംസാരനാശന! ത്രൈലോക്യവാസിൻ! ഹരെകൃഷ്ണ! അങ്ങ് ജയിച്ചാലും!

6. അല്ലയോ ജാനകിദേവിയുടെ കുചകലശങ്ങൾക്കു വിഭൂഷണമായി ലസിക്കുന്നവനെ ഖരദൂഷണനാശന! രാവണഹന്താവേ! ഹരേ കൃഷ്ണ! നിന്തിരുവടി ജയിച്ചാലും!

7. അല്ലയോ കാർമ്മേഘകാന്തിയെ ജയിച്ച കൃഷ്ണാ! മന്ദരഗിരിയെ വഹിച്ചവനെ! ലക്ഷ്മീദേവിയുടെ മുഖചന്ദ്രനു ചകോരമായി പ്രകാശിക്കുന്നവനെ ഹരെ കൃഷ്ണ! നിന്തിരുവടി ജയിച്ചാലും!

8. പ്രൌഢിയാളുന്ന ശ്രീ ജയദേവകവിയുടെ ഈ ഗീതം സന്തോഷമരുളുന്നു. ഹരേ കൃഷ്ണ! നിന്തിരുവടി ജയിച്ചാലും

അനന്തരം കവി ശിഷ്യഗണങ്ങൾക്കു മംഗളം നേരുന്നു.

ശ്ലോകം (6)

പത്മാപയോധരതടീപരിരംഭലഗ്ന-
കാശ്മീരമുദ്രിതമുരോ മധുസൂദനസ്യ
വ്യക്താനുരാഗമിവഖേലദനംഗഖേദ-
സ്വേദാംബുപൂരമനുപൂരയതുപ്രിയംവഃ

സാരം:—രാധയെ ആലിംഗനംചെയ്തപ്പോൾ അനുരാഗത്രൂപമോ എന്നു തോന്നുമാറ് അവളുടെ കുചകലശങ്ങളിൽനിന്നും മാറിൽചററിയ കുങ്കുമത്തോടുകൂടിയും എന്നാൽ ഉള്ളിലുള്ള രാഗം പുറത്തേയ്ക്കു പ്രകാശിക്കുന്നതെന്നു തോന്നുംവിധവും സുരതത്താൽ സംഭവിച്ച ആയാസം ഹേതുവാൽ ഉണ്ടായ വിയർപ്പുകണങ്ങളോടു ചേർന്നും ഇരിക്കുന്ന ശ്രീകൃഷ്ണൻെറ മനോഹരമായ മാറിടം നിങ്ങൾക്കഭീഷ്ടമരുളട്ടെ!

രാധയോടു സഖി പറയാൻ ഭാവിക്കുന്നതു് കവി വിസ്തരിക്കുന്നു.

ശ്ലോകം (7)

വസന്തേ വാസന്തീകുസുമസുകുമാരൈരവയവൈർ-
ഭ്രമന്തീം കാന്താരേ ബഹുവിഹിതകൃഷ്ണാനുസരണാം
അമന്ദം കന്ദർപ്പജ്വരജനിതചിന്താകുലതയാ
വലൽബാധാംരാധാംസരസമിദമൂചേസഹചരീ.

സാരം:—വസന്തകാലത്തു് മുല്ലപ്പൂപോലെ മാർദ്ദവവും കോമളവുമായ ശരീരത്തോടുകൂടി ദുർഗ്ഗടവനത്തിൽ പല പ്രാവശ്യം കൃഷ്ണനെത്തേടി ചുററിനടന്നു് കാമാർത്തിയാൽ സംഭവിച്ച മനോരാജ്യത്താൽ ക്ഷീണിച്ചും തന്നിമി

ത്തം വദ്ധിച്ച വിരഹതാപത്തോടെയും ഇരിക്കുന്ന രാധയോടു സഖി ഇനി പറവാൻ ഭാവിക്കുന്ന കാൎയ്യങ്ങളെ വിസ്തരിക്കുന്നു,

## മൂന്നാം അഷ്ടപദി

വസന്തരാഗം—അടന്തതാളം.

ലളിതലവംഗലതാപരിശീലനകോമളമലയസമീരേ
മധുകരനികരകരംബിതകോകിലകൂജിതകുഞ്ജകുടീരേ
വിഹരതിഹരിരിഹസരസവസന്തേനൃത്യതി
യുവതിജനേനസമംസഖി! വിരഹിജനസ്യദുരന്തേ 1

ഉന്മദമദനമനോരഥപഥികവധൂജനജനിതവിലാപേ
അളികുലസംകുലകുസുമസമൂഹനിരാകുലബകുളകലാപേ
വിഹരതി 2

മൃഗമദസൌരഭരഭസവശംവദനവദളമാലതമാലേ
യുവജനഹൃദയവിദാരണമനസിജനഖരുചി
കിംശുകജാലേ—വിഹരതി 3

മദനമഹീപതികനകദണ്ഡരുചികേസരകുസുമവികാസേ
മിളിതശിലീമുഖപാടലപടലകൃതസ്മരതൂണവിലാസേ
വിഹരതി 4

വിഗളിതലജ്ജിതജഗദവലോകനതരുണകരുണ
കൃതഹാസേ!
വിരഹിനികൃന്തനകുന്തമുഖാകൃതികേതകി
ദന്തുരിതാശേ—വിഹരതി 5

മാധവികാമിപരിമളലളിതേ നവമാലികയാതിസുഗന്ധൌ
മുനിമനസാമപിമോഹനകാരിണിതരുണാകാരണ
ബന്ധൌ—വിഹരതി 6

സ്ഫുരദതിമുക്തലതാപരിരംഭണമുകുളിതപുളകിതചൂതേ

വൃന്ദാവനവിപിനേപരിസരപരിഗതയമുനാജല
പൂതേ—വിഹരതി 7
ശ്രീജയദേവഭണിതമിദമുദയതിഹരിചരണസ്മൃതിസാരം
സരസവസന്തസമയവനവൎണ്ണനമനുഗതമദനവികാരം
വിഹരതി 8

സാരം:—1 ഹേ പ്രിയസഖി! രാധേ! വസന്തത്തിൽ ഏററവും മുദ്ദുക്കളായിരിക്കുന്ന ഏലവംഗവള്ളികളിൽ തട്ടി വരുന്നതുകൊണ്ടു സൌരഭ്യശൈത്യാദി ഗുണഗണങ്ങളോടു കൂടി മലയപൎവ്വതത്തിൽനിന്നു വരുന്ന മലയമാരുതൻ ധാരാളം വീശിക്കൊണ്ടിരിക്കുന്നതും ഭൃംഗപങ്ക്തികളാൽ നിറഞ്ഞും കുയിലുകൾ പാടിക്കൊണ്ടുമിരിക്കുന്ന വള്ളിക്കുടിലുകളോടുകൂടിയതും വിരഹികൾക്കു ഏററവും ദുസ്സഹവുമായ വൃന്ദാവനോദ്യാനത്തിൽ ശ്രീകൃഷ്ണൻ മററുള്ള ഗോപസുന്ദരിമാരൊരുമിച്ചു് ക്രീഡിക്കുകയും നൃത്തംചെയ്യുകയും ചെയ്യുന്നു.

2. കഠിനമായ മന്മഥപീഡയെ പൊറുക്കാതെ വിരഹിണികൾ ദുഃഖിച്ചിരിക്കുന്നതും അളിസമൂഹം ഇടതിങ്ങിയ പുഷ്പനിരകളാൽ നിറഞ്ഞ ഇലഞ്ഞിമരങ്ങളെക്കൊണ്ടു മനോഹരവുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡാചതുരനായി രസിക്കുന്നു.

3. കസ്തൂരി സുഗന്ധം അതീവ കലൎന്നു വിടൎന്നു് നിൽക്കുന്ന പുഷ്പധോരണിയോടുകൂടിയ പുത്തൻദളങ്ങളാൽ അലംകൃതമായ പച്ചിലമരങ്ങളോടുകൂടിയും, യുവാക്കളുടെ ഹൃദയം പിളൎക്കുവാനുള്ള കാമദേവൻെറ നഖപംക്തികൾപോലെ ശോഭിക്കുന്ന പ്ലാശിൻപൂക്കളോടുകൂടിയും ഉള്ള വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡാചതുരനായി രസിക്കുന്നു.

4. മന്മഥരാജാവിൻെറ സ്വർണ്ണക്കാലുള്ള വെൺകൊററക്കുടപോലെ ശോഭിച്ചുകൊണ്ടു പുന്നപ്പൂക്കൾ വിടൎന്നു് ശോഭായമാനമായി നിൽക്കുന്നതും, വണ്ടുകൾ കൂട്ടം കൂട്ടമായിവന്നു് പററിയ പാതിരിപ്പൂക്കൾ മന്മഥൻെറ എടുത്താലൊടുങ്ങാത്ത ആവനാഴിയോ എന്നു തോന്നുംവിധം ശോഭിക്കുന്ന വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡാചതുരനായി രസിക്കുന്നു.

5. ജനങ്ങൾ നാണമില്ലാതെ ചപലത കാണിക്കുന്നതുകണ്ടു് പുഞ്ചിരിക്കുന്നുവോ എന്നു തോന്നുംവിധം കരുണപുഷ്പങ്ങൾ വിടൎന്നും, വിരഹികളെ കുത്തിപ്പിളൎപ്പാനോ എന്നു തോന്നുംവിധം കുന്താഗ്രങ്ങൾപോലെ കൂൎത്തുനിൽക്കുന്ന കൈതപ്പൂക്കൾ നിറഞ്ഞിരിക്കുന്നതുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡാചതുരനായി രസിക്കുന്നു.

6. മല്ലികാപുഷ്പങ്ങളുടെ മനോഹരപരിമളം ചേൎന്നും പിച്ചകപ്പൂക്കളുടെ വിശേഷ നറുമ കലൎന്നും തപസ്വിശരന്മാക്കു മോഹത്തെ വളൎത്തുന്നതും തരുണന്മാക്കു —പ്രണയകലഹത്താൽ പിരിഞ്ഞിരിക്കുന്ന യുവതിയുവാക്കന്മാരെ അന്യോന്യം യോജിപ്പിക്കുന്നതിന്നു ബന്ധുവുമായ വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ക്രീഡാചതുരനായി രസിക്കുന്നു.

7. മുല്ലവള്ളികളുടെ ആലിംഗനസുഖമനുഭവിച്ചു് രോമാഞ്ചത്തോടുകൂടി പുഷ്പിച്ചുനിൽക്കുന്ന മാവിൻകൂട്ടങ്ങളോടും, അടുത്തു ചുററും ഒഴുകുന്ന യമുനാജലത്താൽ പരിശുദ്ധമായും വിളങ്ങുന്ന വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ ഗോപയുവതിമാരോടുകൂടി ക്രീഡിച്ചു രസിക്കുന്നു.

8. ശ്രീ ജയദേവരാൽ പറയപ്പെട്ട—വാഴ്ത്തപ്പെട്ട— ശൃംഗാരരസത്തോടുകൂടിയ വസന്തകാലവൎണ്ണനയെ ഭഗ

വാൻ പാദസ്മരണം പ്രധാനമാക്കി കാമവികാരവർണ്ണനാരൂപേണ ഈ ധ്യാനം പ്രശോഭിക്കുന്നു.

ശ്ലോകം (8)

ദര വിദളിത മല്ലീ വല്ലി ചഞ്ചൽ പരാഗ-
പ്രകടിതപടവാസൈർവ്വാസയൻ കാനനാനി
ഇഹഹി ദഹതി ചേതഃ കേതകീഗന്ധബന്ധുഃ
പ്രസരദസമബാണ പ്രാണവൽ ഗന്ധവാഹഃ

സാരം:- കുറഞ്ഞൊന്നു വികസിച്ച മല്ലികാകുസുമങ്ങളോടു കൂടിയ വൃന്ദാവനത്തിൽ ചെറുകാററടിക്കുമ്പോഴും വള്ളികളിൽ നിന്നുതിരുന്ന പൂമ്പൊടികളാൽ ഈ വനം മുഴുവനും സുഗന്ധപൂരിതമായിത്തീരുന്നതും കൂടാതെ കൈതപ്പൂക്കളുടെ സുഗന്ധത്തെ വഹിച്ചുവരുന്ന മന്ദാനിലൻ വിരഹികളുടെ പ്രാണനെക്കൂടെ അപഹരിക്കാനൊരുങ്ങിയ പുഷ്പായുധനെപ്പോലെത്തന്നെ വിരഹികളായ തരുണീതരുണന്മാരുടെ മനസ്സിനെ വല്ലാതെ ദഹിപ്പിക്കുന്നു. കഷ്ടം! രാധേ! നീ ഇതൊക്കെക്കണ്ടില്ലേ?

ശ്ലോകം (9)

ഉന്മീലന്മധു ഗന്ധലുബ്ധ മധുപവ്യാധൂത ചൂതാങ്കുര-
ക്രീഡൽ കോകിലകാകളി കളരവൈരുൽ ഗീർണ്ണ
കർണ്ണജ്വരാഃ
നീയന്തേ പഥികൈഃ കഥം കഥമപി ധ്യാനാവധാന
ക്ഷണ-
പ്രാപ്തപ്രാണസമാസ മാഗമരസോല്ലാസൈരമീ വാസരാഃ

സാരം:- വിരഹികൾ തങ്ങളുടെ ഭാൎയ്യമാരേത്തന്നെ ഏകാഗ്രമായിച്ചിന്തിച്ച് ക്ഷണനേരത്തേയ്ക്കു സങ്കല്പ സമാഗമ സുഖം അനുഭവിച്ചതുകൊണ്ടുള്ള സന്തുഷ്ടിയോടും, കോകിലങ്ങൾ മാവിൻ കൊമ്പുകളിൽ കളിച്ചുരസിച്ചാനന്ദിച്ചിരിക്കുമ്പോൾ പൂന്തേൻ നുകരാനുള്ള അത്യാസക്തിയോടെ അളിവൃന്ദങ്ങൾ പാറനുവരുമ്പോൾ, അതുകൾ ചലിക്കുമ്പോഴുണ്ടാകുന്ന കുയിലുകളുടെ അവ്യക്തസ്വരങ്ങളാകുന്ന മധുരശബ്ദങ്ങളെക്കൊണ്ട് അതിവ ക്ലേശഭ്രയിഷ്ഠമായിട്ട് ഈ വസന്തത്തെ പ്രയാസേന കഴിച്ചുകൂട്ടുന്നു.

ശ്ലോകം (10)

അനേകനാരീ പരിരംഭസംഭ്രമ-
സ്ഫുരന്മനോഹാരി വിലാസലാലസം
മുരാരിമാരാദുപദശ്‌യന്ത്യസൌ
സഖീസമക്ഷം പുനരാഹരാധികാം

സാരം:- ഇതുവരെ രാധയോടു പറഞ്ഞുകൊണ്ടിരുന്ന ആ സഖി, സുന്ദരിമാരായ ഒട്ടേറെ ഗോപിമാരോടുകൂടിയുള്ള ശ്രീകൃഷ്ണന്റെ രഹസ്സല്ലാപങ്ങളെ ഒരു വൃക്ഷത്തെ മറഞ്ഞുനിന്ന് കാട്ടിക്കൊടുത്തുകൊണ്ടു പിന്നേയും പറഞ്ഞു:-

നാലാം അഷ്ടപദി
രാമക്രിയാരാഗം - ഏകതാളം

ചന്ദനചൎച്ചിതനീലകളേബരപീതവസനവനമാലീ
കേളിചലന്മണികുണ്ഡലമണ്ഡിതഗണ്ഡയുഗഃസ്മിതശാലി
ഹരിരിഹമുഗ്ദ്ധവധൂനികരേവിലാസിനിവിലസതി
കേളിപരേ 1

പീനപയോധരഭാരഭരേണഹരിംപരിരഭ്യസരാഗം
ഗോപവധൂരനുഗായതികാപിദുദഞ്ചിതപഞ്ചമരാഗം-
ഹരിരിഹ 2

കാപിവിലാസവിലോലവിലോചനഖേലനജനിതമനോജം
ധ്യായതിമുഗ്ധവധൂരധികംമധുസൂദനവദന
സരോജം —ഹരിരിഹ 3

കാപികപോലതലേമിളിതാലപിതുംകിമപിശ്രുതിമൂലേ
ചാരുചുചുംബ നിതംബവതീദയിതംപുളകൈ
രനുകൂലേ—ഹരിരിഹ 4

കേളികലാകുതുകേനചകാചിദമും യമുനാവനകൂലേ
മഞ്ജുളവഞ്ചുളകുഞ്ജഗതംവിചകർഷകരേണദുകൂലെ-
ഹരിരിഹ 5

കരതലതാളതരളവലയാവലികലിതകളസ്വനവംശേ
രാസരസേസഹനൃത്തപരാഹരിണായുവതിഃപ്രശശംസേ-
ഹരിരിഹ 6

ശ്ലിഷ്യതികാമപിചുംബതികാമപികാമപിരമയതിരാമാം
പശ്യതിസസ്മിതചാരുതരാമപരാമനുഗച്ഛതിവാമാം-
ഹരിരിതി 7

ശ്രീജയദേവഭണിതമിദമത്ഭുത കേശവകേളിരഹസ്യം
വൃന്ദാവനവിപിനേ ചരിതം വിതനോതുശുഭാനിയശസ്യം-
ഹരിരിഹ 8

1. ഹേ സുന്ദരി! കാളമേഘനിറത്തോടുകൂടിയ ശരീരത്തിൽ ചന്ദനംതേച്ച് പീതാംബരവും—മഞ്ഞപ്പട്ട്—വനമാലയും ധരിച്ച് കളിനിമിത്തം ആടിക്കൊണ്ടിരിക്കുന്ന രത്നനിർമ്മിതമായ കുണ്ഡലങ്ങളാൽ ശോഭിക്കുന്ന ഗണ്ഡ

സ്ഥലങ്ങളോടും, വിനോദത്തിൽ താല്പര്യമുള്ള താരുണ്യവതികളായ സുന്ദരിമാരോടുചേൎന്ന് അല്ലയോ സഖി! മന്ദസ്മിതത്താൽ മനോഹരനായിരിക്കുന്ന ശ്രീകൃഷ്ണൻ കളിക്കുന്നു.

2. ഒരു ഗോപസ്ത്രീ തടിച്ചുകനത്ത കൊങ്കത്തടംകൊണ്ടു് കൃഷ്ണനെ അനുരാഗാതിശയത്താൽ പരിരംഭണംചെയ്തു് ഉറക്കെ കൃഷ്ണനോടുകൂടി പഞ്ചമരാഗത്തിൽ പാട്ടുകൾ പാടുന്നു.

3. മുഗ്ദ്ധാംഗിയായ മറെറാരുത്തി, ശൃംഗാരവിലാസങ്ങളാൽ ഇളകിക്കൊണ്ടിരിക്കുന്ന നേത്രാഞ്ചലത്താൽ മന്മഥവികാരമരുളുന്ന ആ കൃഷ്ണൻെറ മുഖാരവിന്ദത്തെ നിശ്ചേഷ്ടമായി ധ്യാനിക്കുന്നു.

4. തടിച്ച നിതംബത്തോടുകൂടിയ ഒരുവൾ എന്തോ സ്വകാൎയ്യം പറയുവാനെന്ന നാട്യത്തിൽ ചെവിയോടു ചേൎന്നനിന്നു് പ്രിയനായ ആ കൃഷ്ണൻെറ കവിൾത്തടത്തിൽ രോമാഞ്ചംകൊണ്ടു് തനിക്കധീനനാണെന്നു നിനച്ചുകൊണ്ടുതന്നെ കൌതുകാവഹമാകുംവിധം ചുംബിക്കുന്നു.

5. വേറൊരുത്തി, ക്രീഡാരംഭത്തിലുള്ള താല്പൎയ്യത്താൽ കാളിന്ദീതീരത്തിലുള്ള വനപ്രദേശത്തിലേക്ക് തരുണീഗണമദ്ധ്യേ സ്ഥിതിചെയ്യുന്ന കൃഷ്ണൻെറ മഞ്ഞത്തുകിലിൽ പിടിച്ചുവലിക്കുന്നു.

6. മറെറാരുത്തി, കൃഷ്ണൻ വേണുഗാനംചെയ്യുമ്പോൾ രാഗത്തിനും താളത്തിനുമൊത്തു് കൈകൾ കൊട്ടി കൈവളകളുടെ കിലുക്കംകൊണ്ടു് വേണുഗാനത്തിന്നു് മാധുൎയ്യംവരുത്തി കൃഷ്ണനൊത്തു് നൃത്തംചെയ്ത സമൎത്ഥയായ അവളെ കൃഷ്ണൻ പ്രശംസിക്കുന്നു.

7. ഒരുത്തിയെ, കൃഷ്ണൻ ആലിംഗനംചെയ്കയും, വേറൊരുത്തിയെ ചുംബിക്കുകയും, മറെറാരുത്തിയെ രമി

പ്പിക്കയും, പിന്നെ ഒരുത്തിയെ മന്ദസ്മിതകടാക്ഷങ്ങളാൽ സുഖിപ്പിക്കയും, കോപത്തോടെ നിന്ന വേറൊരുത്തിയെ സമാധാനിപ്പിക്കാനായി അവളെ പിന്തുടരുകയുംചെയ്യുന്നു

8. വൃന്ദാവനത്തിൽവെച്ചുണ്ടായ രാസക്രീഡാമഹോത്സവത്തോടുകൂടിയതും ശ്രീ ജയദേവരാൽ വർണ്ണിക്കപ്പെട്ടതുമായ ശ്ലാഘനിയമായ ഈ ഗാനം യശസ്കരമായ ശുഭത്തെയരുളട്ടെ.

രാധയോടു ഭഗവാൻെറ രാസക്രീഡയെ സഖി വിസ്തരിച്ചു പറഞ്ഞശേഷം ഭഗവാൻെറ കാന്തിപൂരത്തെ വർണ്ണിക്കുന്നു.

ശ്ലോകം (11)

വിശേഷാമനുരഞ്ജ്ഃനനജനയന്നാനന്ദമിന്ദീവര–
ശ്രേണിശ്യാമളകോമളൈരുപനയന്നംഗൈരനം
ഗോത്സവം
സ്വച്ഛന്ദംവ്രജസുന്ദരീഭിരഭിതഃപ്രത്യംഗമാലിംഗനഃ
ശൃംഗാരസ്സഖിമൂർത്തിമാനിവമധൌമുഗ്ധോഹരിഃ
ക്രീഡതി

സാരം:— സഖി, രാധേ! സുന്ദരമൂർത്തിയായ ശ്രീകൃഷ്ണൻ ഈ വസന്തത്തിൽ സകലക്കും അനുരാഗം ജനിപ്പിച്ച് സന്തോഷമരുളുന്നു. നീലോല്പലസമൂഹംപോലെ മനോഹരങ്ങളായ കൃഷ്ണൻെറ അവയവങ്ങളെക്കൊണ്ടു കാമോത്സവം നടത്തിയും ചുററുംനില്ക്കുന്ന സുന്ദരികളായ ഗോപസ്ത്രീകളാൽ അംഗങ്ങൾതോറും യഥേഷ്ടം ചുംബനംചെയ്യപ്പെട്ടും, പരിപൂർണ്ണമായ ശൃംഗാരംതന്നെയോ ഈ മൂർത്തി എന്നു തോന്നുമാറ് ഹേ സഖി! ഈ വസന്തത്തിൽ ശ്രീകൃഷ്ണൻ ക്രീഡിച്ചു രസിക്കുന്നു.

അനന്തരം സഖി ഈ വസന്തത്തിലെ വൎദ്ധിച്ച
ഗുണഗണങ്ങളെ വൎണ്ണിക്കുന്നു.

ശ്ലോകം (12)

അദ്യോത്സംഗവസത്ഭുജംഗകബളക്ലേശാദിവേശാചലം
പ്രാലേയപ്ലവനേച്ഛയാനുസരതിശ്രീഖണ്ഡശൈലാനിലഃ
കിഞ്ചസ്നിഗ്ധരസാലമൌലിമുകുളാന്യാലോക്യ
ഹൎഷോദയാ-
ദുന്മീലന്തികുഹൂഃകുഹൂരിതികളോത്താളാഃപികാനാംഗിരഃ

സാരം:— ഇപ്പോഠം തെക്കൻകാറ്റ് തന്റെ വാസസ്ഥാനത്തുള്ള ഈ ചന്ദനവൃക്ഷങ്ങളുടെ മൂലഭാഗങ്ങളിൽ വസിക്കുന്ന സർപ്പങ്ങഠം ഭക്ഷിക്കുന്നതിനാലുണ്ടാകുന്ന വിഷദുഃഖത്തേയും തന്നിമിത്തമുണ്ടാകുന്ന ഉഷ്ണവും നശിപ്പിപ്പാനായി മഞ്ഞിൻവെള്ളത്തിൽ കുളിക്കുവാൻ ഹിമവാനിലേയ്ക്കു പോകുന്നു—വീശുന്നു മാത്രമല്ല പുതിയ മാവിൻമൊട്ടുകളെക്കണ്ടു് സന്തോഷത്താൽ കുഹൂ കുഹൂ എന്നു അവ്യക്തത്തിലും ഉച്ചത്തിലും ഉള്ള കുയിലുകളുടെ ശബ്ദങ്ങളും നാലുപാടും കേഠംക്കുന്നു.

ശ്ലോകം (13)

രാസോല്ലാസഭരേണവിഭ്രമഭൃതാമാഭീരവാമഭ്രുവാ
മഭ്യൎണ്ണേപരിരഭ്യനിൎഭരമുരഃ പ്രേമാന്ധയാരാധയാ
സാധുത്വദ്വദനംസുധാമയമിതിവ്യാഹൃത്യഗീതസ്തുതി
വ്യാജാലിംഗിതചുംബിതഃ സ്മിതമനോഹാരീഹരിഃപാതുവഃ

സാരം:- രാസക്രീഡയാലുണ്ടായ സന്തോഷത്താൽ ഇനി ചെയ്യേണ്ടതെന്തെന്നു നിശ്ചയമില്ലാതെ പരിഭ്രമിക്കുന്നു. ഗോപികളുടെ അടുക്കൽവെച്ച് പ്രേമത്തഴപ്പിനാൽ ചെയ്യേണ്ടതറിഞ്ഞുകൂടാത്ത രാധാദേവിയാൽ മാറിനെച്ചേത്ത് ഗാഢാലിംഗനംചെയ്ത് അമൃതസമാനമായ അങ്ങയുടെ മുഖം അതിവിശേഷമെന്നു പറഞ്ഞു് അദ്ദേഹത്തിൻെറ ഗാനത്തെപ്പുകഴ്ത്തുന്നു എന്ന വ്യാജേന ആലിംഗന ചുംബനാദികൾ ചെയ്യുകയും അതിൽ തൃപ്തിഭാവനായി മന്ദസ്മേരവദനംകൊണ്ടു് മനസ്സിനെ ആകർഷിക്കുന്നവനായി ഭക്തന്മാക്കു് ദുഃഖലേശമരുളാത്തവനായി വസിക്കുന്ന ശ്രീകൃഷ്ണൻ നിങ്ങളെ—ഈ കൃതിപാരായണം ചെയ്യുന്ന നിങ്ങളെ—രക്ഷിക്കട്ടെ.

ശ്രീ ജയദേവകൃതം ഗീതഗോവിന്ദകാവ്യം
ഒന്നാം സർഗ്ഗം
സമാപ്തം.

---

അക്ലേശകേശവം എന്ന

## രണ്ടാം സർഗ്ഗം.

മററു ഗോപസ്ത്രീകളോടുകൂടി കൃഷ്ണൻ ക്രീഡിക്കുന്നതു കണ്ട് കോപത്തോടുകൂടിയ രാധ സഖിയോടു തൻെറ ദുഃഖാവസ്ഥ പറയുവാൻ ഭാവിക്കുന്നതായി കവി പറയുന്നു.

ശ്ലോകം (14)

വിഹരതിവനേ രാധാസാധാരണപ്രണയേ ഹരൌ
വിഗളിത നിജോല്ക്കൂഷാ ദീഷ്യ്യാവശേന ഗതാന്യതഃ

കചചിദപി ലതാകുഞ്ജേ ഗുഞ്ജന്മധുവ്രതമണ്ഡലീ-
മുഖര ശിഖരേ ലീനാ ദീനാപ്യുവാച രഹസ്സഖീം

സാരം:— ശ്രീകൃഷ്ണൻ വൃന്ദാവനത്തിൽവെച്ച് എല്ലാ ഗോപസുന്ദരിമാരേയും ഒന്നുപോലെ സ്നേഹിച്ച് വിനോദിച്ചും വിനോദിപ്പിച്ചും രാസക്രീഡാദികളാൽ കഴിഞ്ഞുകൂട്ടുമ്പോൾ, കൂട്ടതൽ സ്നേഹാനുരാഗങ്ങൾ രാധയിൽ പ്രകാശിപ്പിച്ചില്ലെന്ന കാരണത്താൽ—അഭിമാനവതിയായ അവൾ അവളുടെ സ്ഥിതിക്ക് അതു യോജിച്ചതല്ലെന്നു കരുതി മററൊരുദിക്കിൽ—അളിവൃന്ദങ്ങളുടെ ശബ്ദധോരണികൊണ്ട് മനോഹരമായ ഒരു വള്ളിക്കുടിലിൽ ചെന്ന് കാമപരവശയെങ്കിലും ഒളിച്ചിരുന്നുകൊണ്ട് തൻെറ സഖിയോടു പറഞ്ഞു.

## അഞ്ചാം അഷ്ടപദി.

(ഗുഞ്ജരീരാഗം—രൂപകതാളം)

സഞ്ചരദധര സുധാമധുരധ്വനി മുഖരിത മോഹനവംശം
ചലിതദൃഗഞ്ചല ചഞ്ചലമൌലികപോലവിലോലവതംസം
രാസേ ഹരിമിഹ വിഹിതവിലാസം
സ്മരതി മനോ മമ കൃതപരിഹാസം. 1
ചന്ദ്രകചാരുമയൂര ശിഖണ്ഡകമണ്ഡല വലയിതകേശം
പ്രചുരപുരന്ദര ധനുരനുരഞ്ജിത മേദുര മുദിര
സുവേഷം- രാസേ. 2
ഗോപകദംബനിതംബവതീമുഖ ചുംബന ലംഭിതലോഭം.
ബന്ധുജീവമധുരാധര പല്ലവ കലിതദരസ്മിതശോഭം-
രാസേ 3

വിപുലപുളക ഭുജപല്ലവ വലയിത വല്ലവ യുവതിസഹസ്രം
കരചരണോരസി മണിഗണഭൂഷണ കിരണ
വിഭിന്നതമിസ്രം–രാസേ 4

ജലദപടല ചലദിന്ദു വിനിന്ദ കചന്ദന തിലകലലാടം
പീനഘനോധര പരിസര മർദ്ദന നിർദ്ദയ ഹൃദയ
കവാടം–രാസേ 5

മണിമയമകര മനോഹര കുണ്ഡല മണ്ഡിത ഗണ്ഡമുദാരം
പീതവസന മനുഗത മുനിമനുജ സുരാസുര പരിവാരം–
രാസേ 6

വികചകദംബതലേ മിളിതം കലികലുഷഭയം ശമയന്തം
മാമപി കിമപി തരംഗദനംഗദൃശാ വപുഷാ രമയന്തം–
രാസേ 7

ശ്രീ ജയദേവ ഭണിത മതിസുന്ദരമോഹന മധുരിപുരൂപം
ഹരിചരണസ്മരണംപ്രതി സമ്പ്രതിപുണ്യവതാമനുരൂപം
രാസേ 8

സാരം:– 1. പ്രിയസഖി! ഇളകുന്ന അധരത്താൽ അമൃതിനേക്കാറം മാധുര്യ്യമേറുന്ന ഓടക്കുഴൽനാദവും വാൽക്കണ്ണുകളിളക്കി തല കുലുക്കുന്നതുകൊണ്ട് കവിറംത്തടങ്ങളിൽ പ്രതിബിംബിക്കുന്ന കുണ്ഡലങ്ങറം തിളങ്ങിക്കൊണ്ടും രാസക്രീഡയാൽ ശ്രദ്ധാലുവായിരിക്കുന്ന ഹാസ്യരസപ്രധാനനായ ആ ശ്രീകൃഷ്ണനെ എന്റെ ഹൃദയം അഭിനന്ദിക്കുന്നു.

2. കണ്ണുകളുള്ള മനോഹരമായ മയിൽപീലികറം കൊണ്ടു ചുററും തിരുകിയ കേശഭാരത്തോടും കാർമ്മേഘസദൃശം ശോഭിക്കുന്ന ശരീരകാന്തിയോടുംകൂടിയ ശ്രീകൃഷ്ണനെ ഞാൻ മനസാ സ്മരിക്കുന്നു.

3. ഗോപസ്ത്രീകളുടെ മുഖചുംബനാവേശത്തോടുകൂടിയും മനോഹരമായ അധരപല്ലവത്തിൽകൂടി പ്രശോഭിക്കുന്ന മന്ദസ്മിത ധോരണിയോടുംകൂടിയ ശ്രീകൃഷ്ണനെ ഞാൻ മനസാ സ്മരിക്കുന്നു.

4. കുളുർക്കെ രോമാഞ്ചംകൊണ്ട കരോരുഹങ്ങളാൽ ഗോപസുന്ദരിമാരെ തലോടിക്കൊണ്ടും അഴകേറിയ തിരുമേനിയിലുള്ള പലവിധ ആഭരണങ്ങളുടെ പ്രഭാപൂരത്താൽ തമസ്സിനെ വേർപെടുത്തിക്കൊണ്ടും സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണനെ ഞാൻ നമസ്കരിക്കുന്നു.

5. കാർമേഘസമൂഹങ്ങളുടെ ഇടയിൽ പ്രശോഭിക്കുന്ന താരാധിനാഥനേക്കാൾ കാന്തിയേറിയ ചന്ദനക്കുറിയാലലംകരിച്ച ഫാലപ്രദേശത്തോടും, പീനങ്ങളായ സ്തനദ്വയങ്ങളെ നിർദ്ദയമായി മർദ്ദനംചെയ്യുന്ന വക്ഷസ്ഥലത്തോടും ചേർന്ന ശ്രീകൃഷ്ണനെ ഞാൻ മനസാ സ്മരിക്കുന്നു.

6. കണ്ണാടിപോൽ വിളങ്ങുന്ന ഗണ്ഡസ്ഥലങ്ങളിൽ പ്രശോഭിക്കുന്ന മകരകുണ്ഡലകാന്തിയോടും, ഔദാര്യനിധിയായും, മഞ്ഞപ്പട്ടുടയാടയോടുകൂടിയും ദിവ്യപ്രമുഖന്മാരായ പരിജനങ്ങളോടുംകൂടിയ ശ്രീകൃഷ്ണനെ ഞാൻ മനസാ സ്മരിക്കുന്നു.

7. ഗോപികളെ പ്രണയകലഹം ഹേതുവാലുണ്ടായ ദുഃഖങ്ങളിൽനിന്നകററിയും, കാമവികാരത്തെ ഉദ്ദീപിപ്പിക്കുന്ന നേത്രങ്ങളോടും, ശോഭായമാനമായ ശരീരത്താൽ ദൂരമിരിക്കുന്ന എന്നേയും രമിപ്പിച്ച് ഈ രാസക്രീഡയിൽ ഓരോ ശൃംഗാരചേഷ്ടകൾ കാണിച്ചും എന്നെ പരിഹസിച്ചും ചിരിച്ചും വിനോദിച്ചുമിരിക്കുന്ന ശ്രീകൃഷ്ണനെ ഞാൻ മനസാ സ്മരിക്കുന്നു.

8. ശ്രീ ജയദേവരാലുണ്ടാക്കപ്പെട്ട ശ്രീകൃഷ്ണന്റെ മനോഹരമായ വിലാസചേഷ്ടകളെ വൎണ്ണിക്കുന്ന ഈ ഗാനം പുണ്യവാന്മാൎക്കു ശ്രീകൃഷ്ണസ്മരണയ്ക്കു കാരണമായിത്തീരട്ടെ.

ശ്ലോകം (15)

ഗണയതി ഗുണഗ്രാമം ഭ്രാമം ഭ്രമാദപി നേഹതേ
വഹതി ച പരിതോഷം ദോഷം വിമുഞ്ചതി ദൂരതഃ
യുവതിഷു വലത്തൃഷ്ണേ കൃഷ്ണേ വിഹാരിണി മാം വിനാ
പുനരപി മനോവാമം കാമം കരോതി കരോമി കിം

സാരം:- ശ്രീകൃഷ്ണൻ ഗോപസുന്ദരിമാരിൽ അനുരാഗപ്രവീണനായി ഈ ഇവളെ വെടിഞ്ഞു് ക്രീഡാദികളിൽ രസിച്ചുകൊണ്ടിരിക്കുന്നതു് എനിക്കു കാണുവാൻ ഇടയാകുമ്പോഴും—എന്റെ മനസ്സിന്നു് വിപരീതമായ ഒരവസ്ഥ കാണുമ്പോഴും—എന്റെ ഹൃദയം അദ്ദേഹത്തിന്റെ മാഹാത്മ്യങ്ങളെ ചിന്തിക്കുന്നു. പക്ഷെ, അതിനാൽ ഞാൻ ഭ്രമിക്കയില്ല; സന്തോഷത്തെ സ്വീകരിക്കയും ദുഃഖത്തെ ദൂരത ത്യജിക്കയും ചെയ്യുന്നു. എന്നാലും, എനിക്കു് കാമം വൎദ്ധിച്ചുവൎദ്ധിച്ചു വരുന്നല്ലോ! അതിനു് ഞാൻ എന്താണു് ചെയ്യേണ്ടതു്?

അതിനുശേഷം ആ രാധാദേവി പണ്ടുകഴിഞ്ഞ സമാഗമസുഖാദികളെ ചിന്തനംചെയ്തു് ആശാബദ്ധയായി ക്കൊണ്ടു സഖിയോടു് തന്റെ അന്തൎഗ്ഗതം തുറന്നുപറയുന്നു.

ആറാം അഷ്ടപദി.

(ഗുണ്ടക്രിയാരാഗം— ഏകതാളം)

നിഭൃതനികുഞ്ജഗൃഹംഗതയാനിശിരഹസിനിലീയവസന്തം
ചകിതവിലോകിതസകലദിശാരതിരഭസരസേനഹസന്തം

സഖി ഹേ കേശിമഥനമുദാരം രമയമയാ സഹ
മദന മനോരഥഭാവിതയാ സവികാരം 1
പ്രഥമസമാഗമലജ്ജിതയാ പടുചാടുശതൈരനുകൂലം
മൃദുമധുരസ്മിതഭാഷിതയാ ശിഥിലീകൃതജഘനദുകൂലം-
സഖി ഹേ 2
കിസലയശയനനിവേശിതയാചിരമുരസിമമൈവശയാനം
കൃതപരിരംഭണചുംബനയാ പരിരഭ്യകൃതാധരപാനം-
സഖി ഹേ 3
അലസനിമിലിതലോചനയാ പുളകാവലിലളിതകപോലം
ശ്രമജലസകലകളേബരയാവരമദനമദാദതിലോലം
സഖി ഹേ 4
കോകിലകളരവകൂജിതയാജിതമനസിജതന്ത്രവിചാരം
ശ്ലഥകുസുമാകുലകുന്തളയാനഖലിഖിതഘനസ്തനഭാരം-
സഖി ഹേ 5
ചരണരണിതമണിനൂപുരയാപരിപൂരിതസുരത വിതാനം
മുഖരവിശൃംഖലമേഖലയാസകചഗ്രഹചുംബനദാനം-
സിഖി ഹേ 6
രതിസുഖസമയരസാലസയാദരമുകുളിതനയനസരോജം
നിസ്സഹനിപതിതതനുലതയാമധുസൂദനമുദിതമനോജം-
സഖി ഹേ 7
ശ്രീജയദേവഭണിതമിദമതിശയമധുരിപുനിധുവനശീലം
സുഖമുല്ക്കണ്ഠിതരാധികയാകഥിതംവിതനോതുസലീലം-
സഖി ഹേ 8

സാരം:- പ്രിയസഖി! നീ, രാത്രിയിൽ ആരുമില്ലാത്ത വിജനപ്രദേശത്ത് ഒളിച്ചിരിക്കുന്നവനും, കാമരസത്തിലുള്ള അഭിനിവേശംകൊണ്ട് സന്തോഷസൂചനമായി

മന്ദഹസിക്കുന്നവനും ഭക്തന്മാൎക്കു അഭീഷ്ടസിദ്ധിയരുളുന്നവനും, മനസ്സിലുള്ള അനുരാഗത്തിന്റെ സൂചനമായ കടാക്ഷവീക്ഷണങ്ങളോടുകൂടിയവനും ആയ ശ്രീകൃഷ്ണനെ, ആരുമറിയാതെ പതുങ്ങിനടന്ന് ആരെങ്കിലും കണ്ടെങ്കിലോ എന്ന ഭയത്തോടെ നാലുഭാഗവുംനോക്കി നടക്കുന്നവളും കാമോപഭോഗങ്ങളിലുള്ള അഭിനിവേശംകൊണ്ടു ഓരോ ചേഷ്ടകളെ കാണിക്കുന്നവളുമായ എന്നോടുകൂടി ആ കേശിമഥനനെ ചേൎത്ത് രമിപ്പിച്ചാലും—കാമപരവശയായിരിക്കുന്ന എന്റെ സമീപത്തേയ്ക്കാനയിച്ചാലും!

2. പ്രഥമസമാഗമത്തിൽ ലജ്ജയോടുകൂടി അനേകം ചാടൂക്തികൾപറഞ്ഞും മാധുൎയ്യത്തോടെ പുഞ്ചിരിച്ചു സംസാരിക്കുമ്പോൾ ജഘനവസനം നീക്കുന്നവനുമായ ആ ശ്രീകൃഷ്ണനെ നീ എന്നോടു ചേൎത്തു രമിപ്പിച്ചാലും.

3 ഞാൻ തളിർകിടക്കയിൽ കിടക്കുമ്പോൾ എന്റെ മാറിൽ ചിരശയനനായി പരിരംഭണംചെയ്തിട്ട് കൃതാധരപാനനായിരിക്കുന്ന ആ ശ്രീകൃഷ്ണനെ നീ എന്നോടുകൂടി രമിപ്പിച്ചാലും!

4. പ്രിയസഖി! പുളകംകൊണ്ടു സുന്ദരങ്ങളും മനോഹരങ്ങളുമായ കവിൾത്തടങ്ങളോടുകൂടിയവനും, രതിശ്രമത്താൽ എന്റെ ശരീരം വിയൎക്കുമ്പോൾ, കാമോദ്ദീപനം ഹേതുവായിട്ട് പലവിധ ക്രീഡകൾ ചെയ്യുവനുമായ ആ ശ്രീകൃഷ്ണനെ എന്നോടുകൂടി രമിപ്പിച്ചാലും!

5. ഞാൻ അവ്യക്തങ്ങളായി കുയിൽ, മാടപ്രാവ് മുതലായവയുടെ സിൽക്കാരങ്ങളോടുകൂടി കൂകുമ്പോഴും കാമശാസ്ത്രത്തെ അതിലംഘിച്ചു രതിചെയ്യും, വാർകുന്തലഴിഞ്ഞ് മലർനിരകൾ പൊഴിയുമ്പോൾ എന്റെ മുലകളിൽ

അദ്ധ്ചന്ദ്രാകാരങ്ങളായ നഖക്ഷതങ്ങൾ ഏല്പിച്ച വിനോദിക്കുന്നവനുമായ ശ്രീകൃഷ്ണനെ നീ എന്നോടുകൂടി രമിപ്പിച്ചാലും!

6. കാമശാസ്ത്രത്തിന്നു കുറവുകൂടാതെ രതിക്രീഡകൾ ചെയ്യുന്നവനും ബലാൽകാരേണ എന്റെ തലമുടിയിൽ പിടിച്ചുനിൎത്തി ചുംബനാദികൾ നടത്തിയവനും എന്റെ പാദങ്ങളിലെ മണിനൂപുരങ്ങൾ കിലുങ്ങുമ്പോൾ സുരതലീലാവിസ്താരം നിൎത്തിയും ചുംബിച്ച വിലസുന്നവനുമായ ശ്രീകൃഷ്ണനെ നീ എന്നോടു ചേൎത്താലും!

7. പ്രിയസഖി! കാമകേളിയിലുള്ള രസത്താൽ സുരതാവസാനത്തിൽ കുറഞ്ഞൊന്നു ചിമ്മിയ കണ്ണുകളോടുകൂടിയവനും ആയ ശ്രീകൃഷ്ണനെ, സുരതത്തിലെ ആനന്ദംകൊണ്ടും ക്ഷീണംകൊണ്ടും കൎത്തവ്യവിമുഖയായി ശയ്യയിലോ പ്രിയ മാറിടത്തിലോ കിടക്കുന്നവളുമായ എന്നോടുകൂടെ രമിപ്പിച്ചാലും!

8. ശ്രീജയദേവകവി പാടിയതും ഉൽക്കണ്ഠയോടെ രാധ പറഞ്ഞതും വിലാസം നിറഞ്ഞതുമായ ഈ ശ്രീകൃഷ്ണസുരതക്രീഡ നിങ്ങൾക്കു സുഖത്തെ നൽകട്ടെ.

അനന്തരം സഖിയോടു രാധാദേവി തന്റെ മനോഗതത്തെ ആശാഭരിതയായിക്കൊണ്ടു പറഞ്ഞു:—

ശ്ലോകം (16)

ഹസ്തസ്രസ്തവിലാസവംശമനൃജുഭ്രൂവല്ലിമദ്വല്ലവീ-
വൃന്ദോത്സാരിദൃഗന്തവീക്ഷിതമതിസ്വേദാർദ്രഗണ്ഡസ്ഥലം
മാമുദ്വീക്ഷ്യവിലക്ഷിതസ്മിതസുധാമുഗ്ദ്ധാനനംകാനനേ
ഗോവിന്ദംവ്രജസുന്ദരീഗണവൃതംപശ്യാമിഹൃഷ്യാമി ച.

സാരം:—വൃന്ദാവനത്തിൽ ഗോപികളാൽ ചുററപ്പെട്ടും, മന്ദസ്മിതാർദ്രമുഖാരവിന്ദത്തോടുംകൂടി എന്നെക്കണ്ടു്, കയ്യിലിരുന്ന ഓടക്കുഴൽ വീണുപോയതും, ലജ്ജയോടും, വിയർപ്പാൽ നനഞ്ഞ കവിൾത്തടത്തോടും, ഗോപികളെ ദൂരത്താക്കുന്ന കടാക്ഷത്തോടുംകൂടി സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണനെ ഞാൻ എപ്പോഴാണ് കാണുകയും സന്തോഷിക്കയും—സുഖിക്കയും—ചെയ്യുന്നതു്!

ശ്ലോകം (17)

ദൂരാലോകഃസ്തോകസ്തബകനവകാശോകലതികാ—
വികാസഃകാസാരോപവനപവനോപിവ്യഥയതി
അപിഭ്രാമ്യൽ ഭൃംഗീരണിതരമണീയാനമുകുള—
പ്രസൂതിശ്ചൂതാനാം സഖി! ശിഖരിണീയം സുഖയതി.

സാരം:—അല്ലയോ സഖി! അശോകത്തിൻപുഷ്പങ്ങൾ കുലകുലയായി വിടൎന്നുനില്ക്കുന്നതു് കാണുമ്പോൾ എന്റെ മനസ്സ് തുടിക്കുന്നു. കാസാരത്തിന്റെ—പൊയ്കയുടെ—അടുത്തുള്ള പുഷ്പവാടിയിൽനിന്നും വരുന്ന ഇളംകാററും എന്നെ വല്ലാതെ തപിപ്പിക്കുന്നു. തേൻമാവിൽ ചുററിപ്പററിപ്പറന്നു് മാധുൎയ്യഗാനം മുഴക്കുന്ന പെൺവണ്ടുകളുടെ നാദശ്രേണികളെക്കൊണ്ടു്, മനോഹാരിതകലൎന്നായി തലകൂപ്പിച്ചു നില്ക്കുന്ന ഈ മാന്തൂക്കുലകളിലുള്ള മൊട്ടുകളും ഇങ്ങോട്ടും ആശ്വാസം തരുന്നില്ല.

ഈ സർഗ്ഗത്തിന്റെ അവസാനത്തിൽ കവി അനുഗ്രഹബുദ്ധ്യാ മംഗളം നേരുന്നു.

ശ്ലോകം (18)

സാകൂതസ്മിതമാകുലാകുലഗളദ്ധമ്മില്ലമുല്ലാസിത—
ഭ്രൂവല്ലികമളീകദൎശിതഭുജാമൂലാൎദ്ധപൃഷ്ഠസ്തനം

ഗോപീനാംനിഭൃതംനിരീക്ഷ്യഗമിതാകാംക്ഷശ്ചിരം ചിന്തയ-
ന്നന്തർമ്മുഗ്ധമനോഹരോഹരതുവഃക്ലേശംനവഃകേശവഃ

സാരം:—സുന്ദരിമാരായ ആ ഗോപാംഗനമാർ കാമാതുരകളായി, തലമുടി കെട്ടഴിഞ്ഞും, കൌതുകമേറുന്ന ചില്ലിയുഗളത്തെ വെട്ടിച്ചും, ഉപായത്താൽ കക്ഷത്തിൻെറ അദ്ധഭാഗവും, പൃഷ്ഠവും, മുലകളും കാണിച്ചും സംശയമെന്യേ ചെറുഹാസം പൊഴിക്കുന്നതു, ഒഴിഞ്ഞുനിന്നു നോക്കി അവരിൽ ആഗ്രഹം വദ്ധിച്ച് ചിന്താഗതനായി, മുഗ്ധമനോഹരരൂപനായിരിക്കുന്ന ആ കേശവൻ നിങ്ങളുടെ സന്താപങ്ങളെ കളയുമാറാകട്ടെ.

ശ്രീ ജയദേവകൃതം ഗീതഗോവിന്ദകാവ്യം
രണ്ടാംസർഗ്ഗം സമാപ്തം

മുഗ്ധമധുസൂദനം എന്ന

# മൂന്നാം സർഗ്ഗം

ശ്ലോകം (19)

കംസാരിരപിസംസാരവാസനാബദ്ധശൃംഖലാം
രാധാമാധായഹൃദയേതത്യാജവ്രജസുന്ദരീഃ

സാരം:—മേൽ വിവരിച്ചതുപോലെ രാധാദേവി ശ്രീകൃഷ്ണവിരഹത്താൽ ദുഃഖാത്തയായിരിക്കുന്ന അവസരത്തിൽ ശ്രീകൃഷ്ണനും—കംസനിഷൂദനനായ ശ്രീകൃഷ്ണഭഗവാനും—മായാശൃംഖലകളിൽ കുടുങ്ങി ദുഃഖിക്കുന്ന രാധയേ ചിന്തിച്ച് മററുള്ള ഗോപികളെ വിട്ടുപിരിഞ്ഞു.

പിന്നീട്ട് കവി ശ്രീകൃഷ്ണ (പരമാത്മാവിൻെറ വിരഹ ദുഃഖത്തെ വൎണ്ണിപ്പാൻ തുടങ്ങുന്നു:-

ശ്ലോകം (20)

ഇതസ്തതസ്താമനുസൃത്യ രാധികാ-
മനംഗബാണവ്രണഖിന്ന മാനസഃ
കൃതാനു താപഃ സ കളിന്ദ നന്ദിനീ-
തടാന്തകുഞ്ജേ നിഷസാദ മാധവഃ.

സാരം:- ശ്രീകൃഷ്ണൻ പുഷ്പായുധ കണകളാൽ പ്രിണിത ചേതസ്സോടെ രാധയേ പിരിഞ്ഞതിൽ നിരാശ ഭരിതനായി, അവിടവിടെ തിരഞ്ഞുനടന്നു് ഒടുവിൽ കാളിന്ദീതീരത്തുള്ള ഒരു വള്ളിക്കുടിലിൽ അതീത ക്ഷീണിതനായിക്കൊണ്ടു വിശ്രമിച്ചു.

പിന്നീട്ട് കവി ശ്രീകൃഷ്ണൻെറ നിരാശയെപ്പററി തന്നെ വൎണ്ണിക്കുന്നു.

ഏഴാം അഷ്ടപദി.

(ഗുണ്ജരീരാഗം-രൂപകതാളം)

മാമിയംചലിതാവിലോക്യവൃതംവധൂനിചയേന
സാപരാധതയാ മയാപിന വാരിതാതിഭയേന
ഹരിഹരി ഹതാദരതയാ സാഗതാ കുപിതേവ 1
കിം കരിഷ്യതി കിം വദിഷ്യതി സാ ചിരം വിരഹേണ
കിം ധനേന ജനേന കിം മമ ജീവിതേനഗൃഹേണ-
ഹരിഹരി 2

ചിന്തയാമി തദാനനം കുടിലഭ്രൂ കോപഭരേണ
ശോണപത്മമിവോപരി ഭ്രമതാകുലംഭ്രമരേണ
ഹരിഹരി 3

താമഹം ഹൃദി സംഗതാമനിശം ഭൃശം രമയാമി
കിംവനേനുസരാമിതാമിഹ കിം വൃഥാ വിലപാമി-
ഹരിഹരി 4

തന്വി! ഖിന്നാമസൂയയാ ഹൃദയം തവാകലയാമി
തന്നവേദ്മി കുതോഗതാസി ന തേനതേനുനയാമി-
ഹരിഹരി 5

ദൃശ്യസേപുരതോഗതാഗതമേവമേവിദധാസി
കിം പുരേവ സസംഭ്രമം പരിരംഭണം ന ദദാസി-
ഹരിഹരി 6

ക്ഷമ്യതാമപരം കദാപി തവേ ദൃശം ന കരോമി
ദേഹിസുന്ദരി! ദർശനം മമ മന്മഥേന ദുനോമി-ഹരിഹരി 7

വർണ്ണിതം ജയദേവകേന ഹരേരിദം പ്രവണേന
കിന്ദുബില്വ സമുദ്ര സംഭവ രോഗിണി രമണേന-
ഹരിഹരി. 8

സാരം:- 1. ഈ രാധ എന്റെ ചുററും ഗോപസുന്ദരിമാരെ കാണുകയാൽ കോപാകുലയായിപ്പോയതാണു്, തീച്ചതന്നെ ഞാനവളോടു അപരാധിയാകയാലുണ്ടായ ഭയത്താൽ അവളെ തടയ്ക്കയും ചെയ്തില്ല. കഷ്ടം! അവളോടു സസ്നേഹം-പ്രത്യേകിച്ചു്—പെരുമാററയ്ക്കയാൽ—താലോലിക്കായ്കയാൽ—തന്നെയാണു കോപിച്ചുപോയതു്.

2. കഷ്ടം! അവളിങ്ങനെ ഏറെസ്സമയം എന്നെ വേർപ്പെട്ടിരിക്കയാണെങ്കിൽ ഞാനെന്തുചെയ്യും? രാധയേ പിരിഞ്ഞാൽ പിന്നെ എനിക്കു് ധനമെന്തിനു്? ബന്ധുജനങ്ങളെന്തിനു്? ഞാൻ ജിവിച്ചിരിക്കുന്നതെന്തിനു്?

3. ക്രോധത്താൽ കറുത്തിരുണ്ട പുരികങ്ങളോടുകൂടിയ അവളുടെ മുഖത്തെ, മേൽഭാഗത്തു ചുററിത്തിരിയു

ന്ന വണ്ടിനോടുകൂടിയ ചെന്താമര പുഷ്പമെന്നപോലെ ഞാൻ കാണുന്നു

4. എൻെറ മനസ്സിലിരിക്കുന്ന ആ രാധയേ മേലിൽ എപ്പോഴും ഞാൻ സന്തോഷിപ്പിക്കുതന്നെ ചെയ്യും. എന്നെ വേർപിരിഞ്ഞിരിക്കയാലുള്ള ദുഃഖം സഹിക്കവെയ്യാതെ അവൾ എന്തുചെയ്യുമോ ആവോ?

5. ഹേ സുന്ദരി: നീ എന്നെ വിട്ടുപോയതു് എന്തുകൊണ്ടു്? അസൂയയാണു് നിൻെറ ദുഃഖത്തിന്നു കാരണം. വാസ്തവത്തിൽ ഞാൻ അപരാധമൊന്നും ചെയ്തിട്ടില്ല. അഥവാ വല്ലതും ചെയ്തിട്ടുണ്ടെന്നു നിനക്കു തോന്നുന്നപക്ഷം അതിനെ നീ ക്ഷമിക്കുക.

6. നീ എൻെറ മുമ്പിൽക്കൂടി പോകുന്നതും വരുന്നതും ഞാൻ കാണുന്നുണ്ടു്. എന്നാൽ സംഭ്രമത്തോടുകൂടിവന്നു് ആലിംഗനം ചെയ്യാത്തതു് എന്തുകൊണ്ടാണു്?

7. നീ എന്നിൽ ക്ഷമിക്കണം. ഇനിമേൽ നിന്നോടു് ഒരിക്കലും ഞാൻ ഇങ്ങിനെ ചെയ്കയില്ല. അല്ലയോ സുന്ദരീ എനിക്കു നിന്നെ കാണുമാറാകണേ! വഞ്ചകനായ കാമൻ എന്നെ വല്ലാതെ തപിപ്പിക്കുന്നു.

8. എന്നിങ്ങിനെ വിരഹദുഃഖത്തോടുകൂടിയ ശ്രീകൃഷ്ണൻെറ പ്രലാപരൂപമായ ഈ ഗാനം 'കിന്ദുബില്വം' എന്ന സാഗരത്തിൽനിന്നുത്ഭവിച്ച ചന്ദ്രനും—കിന്ദുബില്വദേശത്തിനു അലംകാരഭൂതനും —ആയ ശ്രീജയദേവകവിയാൽ വൎണ്ണിച്ചു.

പിന്നെ, ശ്രീകൃഷ്ണൻ കാമനോടു സങ്കടം ബോധിപ്പിക്കയാണു്.

ശ്ലോകം (21)

കുവലയദളശ്രേണി കണ്ഠേ ന സാ ഗരളദ്യുതിർ-
ഹൃദിബിസലതാഹാരോ നായം ഭുജംഗമനായക:
മലയജരജോ നേദം ഭസ്മപ്രിയാ രഹിതേ മയി
പ്രഹര ന ഹര ഭ്രാന്ത്യാനംഗ! ക്രുധാ കിമു ധാവസി

സാരം:- ഹേ കാമ! എൻെറ കണ്ഠത്തിൽ കാണുന്നതു് വിഷത്തിൻെറ നിറമല്ല; നീലോല്പല ദളങ്ങളാണ്. മാറിൽ കിടക്കുന്നതു് പാമ്പല്ല, താമരവളയംകൊണ്ടുണ്ടാക്കിയ മാലയാണ്. ദേഹത്തെ അലങ്കരിച്ചിരിക്കുന്നതായി കാണുന്നതു് ഭസ്മമല്ല; ചന്ദനപ്പൊടിയാണ്; നീ എന്നെ പ്രിയയെപ്പിരിഞ്ഞിരിക്കുന്ന ശിവനാണൊ ഇവൻ എന്നു ശങ്കിച്ച് കോപാവേശത്താൽ താഡനം ചെയ്യേണ്ട. നീ എന്തിനാണിവിധം ഓടിവരുന്നതു്?

ശ്ലോകം (22)

പാണൌമാ കുരുചൂതസായകമമും മാ ചാപമാരോപയ
ക്രീഡാനിർജ്ജിതവിശ്വ മൂർഛിതജനാഘാതേന കിം പൌ-
രുഷം
തസ്യാ ഏവ മൃഗീദൃശോ മനസിജ പ്രേംഖൽകടാക്ഷാശുഗ-
ശ്രേണീജർജ്ജിരിതം മനാഗപി മനോ നാദ്യാപി സന്ധു-
ക്ഷതേ.

സാരം:- കളിച്ചുകളിച്ചു എല്ലാ ലോകങ്ങളേയും കിഴടക്കുന്ന മഹാ വീര്യശാലിയായ പുഷ്പായുധ! നീ മാവിൻ പുഷ്പമാകുന്ന ഈ ആയുധത്തെ—പുഷ്പശരത്തെ—കയ്യിലെടുക്കരുത്. വില്ലു കുലയ്ക്കുകയുംഅരുതു്. ആലസ്യമഗ്നനായവനെ താഡനംചെയ്യുന്നതുകൊണ്ടു് നിനക്ക് എന്തു ബലവും പൌരുഷവുമാണ് സിദ്ധിപ്പാൻ പോകുന്നതു്? എ

ൻെറ ഹൃദയം മാൻകണ്ണിയായ രാധയുടെ കടാക്ഷങ്ങളാകു ന്ന അസ്ത്രസമൂഹങ്ങൾകൊണ്ടു ഛിന്നഭിന്നമായി ഇന്നു ത ളർന്നും മങ്ങിയും കിടക്കുന്നു.

പിന്നീട് ശ്രീകൃഷ്ണൻ മനോഹാരിണിയായ ആ രാധ യുടെ ഓരോരോ അവയവങ്ങളേയും ധ്യാനിച്ച് അതുനിമി ത്തമുണ്ടാകുന്ന താപത്തെ അവളോടുതന്നെ വിളിച്ചുപറ യുന്നു.

ശ്ലോകം (23)

ഭ്രൂചാപേ നിഹിതഃ കടാക്ഷവിശിഖോ നിർമ്മാതു മർമ്മവ്യഥാം
ശ്യാമാത്മാ കുടിലഃ കരോതു കബരീഭാരോപി മാരോദ്യമം
മോഹം താവദയംച തന്വി! തനുതാം ബിംബാധരോ-
രാഗവാൻ
സദ്വൃത്തഃ സ്തനമണ്ഡലസ്തവ കഥം പ്രാണൈർമ്മമ ക്രീ-
ഡതി

സാരം:- അല്ലയോ മൃദുവായ ശരീരകാന്തിയോടുകൂടി യ സുന്ദരി! നിൻെറ കടാക്ഷമാകുന്ന ശരം, ശ്യാമളാഭയാൽ വിളങ്ങും പുരികക്കൊടിയാകുന്ന കുലവില്ലിൽ തൊടുത്ത് ആ ശരം എൻെറ മർമ്മങ്ങളെ ഭേദിച്ചുകൊള്ളട്ടെ. അതു പോലെതന്നെ വളഞ്ഞു ചുരുണ്ട ആ കുന്തളഭാരവും എ നിക്കു മാരണകാംക്ഷയാ ഉത്സാഹിച്ചുകൊള്ളട്ടെ. തൊ ണ്ടിപ്പഴം തോററൊളിക്കുന്ന ഈ ചുണ്ടുരണ്ടും എന്നെ മോ ഹിതനാക്കിത്തീർക്കട്ടെ. നല്ല വൃത്തിയോടും വൃത്താകൃതിയി ലുമുള്ള ഈ കൊങ്കത്തടം ഏതുവിധമാണ് എൻെറ ജീവ നെയിട്ട് വലപ്പിക്കുന്നത്?

എന്നാലും താനിപ്പോഴും സങ്കല്പത്താൽ അത്യന്ത സു ഖാനുഭോഗം ഭുജ്യമാനനായിക്കൊണ്ടിരിക്കുന്നുവെന്ന് ശ്രീകൃ ഷ്ണൻ ആശ്വസിക്കുന്നു.

ശ്ലോകം (24)

താനിസ്പർശസുഖാനി തേ ച തരള സ്നിഗ്ധാ ദൃശോർവ്വിഭ്രമാ-
സ്തദ്വക്ത്രാംബുജസൌരഭം സ ച സുധാസ്യന്ദീ ഗിരാം-
വക്രിമാ
സാബിംബാധരമാധുരീതിവിഷയസംഗേപി ചേന്മാനസം
തസ്യാം ലഗ്നസമാധി ഹന്ത വിരഹവ്യാധിഃകഥം വർത്തതേ

സാരം:- രാധയുടെ ഓരോ അവയവങ്ങളെ സ്പർശിച്ചാലുണ്ടാകുന്ന സുഖവും, പ്രേമത്തേ ഉദ്ദീപിപ്പിക്കുന്ന ഇളകിക്കൊണ്ടിരിക്കുന്ന നേത്രങ്ങളുടെ ശൃംഗാരചേഷ്ടകളും, മുഖത്തിന്റെ താമരപ്പൂ സുഗന്ധവും, വാക്കുകളിൽനിന്നു് അമൃതം പൊഴിയുന്ന സാമർത്ഥ്യവിശേഷവും, ചെന്തൊണ്ടിവായ്മലരിന്റെ മാധുര്യ്യവും എല്ലാം മുമ്പനുഭവിച്ചിട്ടുള്ളതാണെങ്കിലും ചിന്തിക്കുന്തോറും അവളിൽ മാനസം ഏകാഗ്രത ഭവിക്കുന്നു. കഷ്ടം! ഈ വിരഹദുഃഖമെങ്ങിനെ സഹിക്കും?

വിരഹാർത്തനായ കൃഷ്ണൻ മനക്കണ്ണുകൊണ്ടു ഭാവനയാൽ കാണുന്ന രാധയുടെ അംഗങ്ങൾക്കുള്ള മാഹാത്മ്യവിശേഷങ്ങളെ പറയുന്നു.

ശ്ലോകം (25)

ഭ്രൂവല്ലരിർദ്ധനുരപാംഗതരംഗിതാനി
ബാണാ ഗുണഃ ശ്രവണപാളിരിതി സ്മരേണ
അസ്യാമനംഗജയജംഗമദേവതായാ-
മസ്ത്രാണി നിർജ്ജിതജഗന്തി കിമർപ്പിതാനി.

സാരം:- പരദേവതാപ്രസാദത്താൽ സിദ്ധിച്ച ആയുധങ്ങളെക്കൊണ്ടു ലോകമാകെജ്ജയിച്ചശേഷം, ആ ആ

യുധങ്ങളെല്ലാം പരദേവതയിൽതന്നെ നിക്ഷേപിക്കുന്നതു പോലെ കാമദേവനാൽ, പൂരികങ്ങളാകുന്ന വില്ല്, കടാക്ഷമാകുന്ന അമ്പ്, കാതാകുന്ന ഞാൺ ഈ വകകൾ കാമദേവൻെറ ലോകവിജയത്തിനു ജംഗമദേവതയാകുന്ന ഇവളിൽ—രാധയിൽ— അപ്പിക്കപ്പെട്ടവയാണോ?

ശ്ലോകം (26)

തിയ്യക്കണ്ഠവിലോലമൌലിതരളോത്തംസസ്യ വംശോച്ച-
ലൽ-
ഗീതിസ്ഥാനകൃതാവധാനലലനാലക്ഷൈന്നസംലക്ഷിതാഃ
സമ്മുഗ്ധാ മധുസൂദനസ്യ മധുരേ രാധാമുഖേന്ദൌ മൃദു-
സ്പന്ദം കന്ദളിതാശ്ചിരം ദദതു വഃ ക്ഷേമം കടാക്ഷാമ്മയഃ

സാരം:– ഓടക്കുഴൽ വിളിക്കുവാൻ കഴുത്തു തിരിച്ചും, ഓടക്കുഴൽ വിളിയിലുള്ള രസത്താൽ തലകുലുക്കിയും, ശിരോലങ്കാരങ്ങൾക്കു ഇളക്കംതട്ടിയും ഇരിക്കുന്ന ശ്രീകൃഷ്ണൻെറ ഏററവും പ്രിയപ്പെട്ട രാധാദേവിയുടെ മുഖമാകുന്ന ചന്ദ്രനിലേയ്ക്കു മാദ്ദവത്തോടും ഇളക്കത്തോടും കൂടിപ്പുറപ്പെട്ട്, ഓടക്കുഴൽ നാദശ്രവണത്തിൽതന്നെ മനസ്സുറപ്പിച്ചുനില്ക്കുന്ന ഗോപികമാരാൽ കാണപ്പെടാത്തതായ കടാക്ഷങ്ങളാകുന്ന കല്ലോലമാലകൾ നിങ്ങളെ ആവരണംചെയ്തു നിങ്ങൾക്കു മോക്ഷത്തെ നൽകട്ടെ.

ശ്രീജയദേവകൃത ഗീതഗോവിന്ദകാവ്യം

മൂന്നാം സർഗ്ഗം

സമാപ്തം.

സ്നിഗ്ധമധുസൂദനം എന്ന

# നാലാം സർഗ്ഗം.

ശ്ലോകം (27)

യമുനാതീര വാനീരനികുഞ്ജേ മന്ദമാസ്ഥിതം
പ്രാഹ പ്രേമഭരോൽഭ്രാന്തം മാധവം രാധികാസഖീ.

സാരം:- രാധാദേവിയുടെ സഖി, വർദ്ധിച്ച സ്നേഹത്താൽ എന്തെന്നില്ലാതെ രാധയുടെ ദുഃഖഭാരത്തേകണ്ടു് ഭ്രമിച്ചു് യമുനയുടെ അരികേയുള്ള വള്ളിക്കുടിലിൽചെന്നു് നിരുത്സാഹനായിരിക്കുന്ന കൃഷ്ണനോടു പറഞ്ഞു.

എട്ടാം അഷ്ടപദി.

കർണ്ണാടകരാഗം — ഏകതാളം.

നിന്ദതി ചന്ദനമിന്ദുകിരണമനു വിന്ദതി ഖേദമധീരം
വ്യാളനിലയമിളനേന ഗരളമിവ കലയതി മലയസമീരം
മാധവ മനസിജവിശിഖഭയാദിവ ഭാവനയാ ത്വയി ലീനാ
സാ വിരഹേ തവ ദീനാ. 1

അവിരളനിപതിതമദനശരാദിവ ഭവദവനായ വിശാലം
സ്വഹൃദയമർമ്മണി വർമ്മ കരോതി സജലനളിനിദളജാലം
സാ വിരഹേ. 2

കുസുമവിശിഖശരതല്പമനല്പവിലാസകലാകമനീയം
വ്രതമിവ തവ പരിരംഭസുഖായ കരോതി കുസുമശയനീയം
(സാ വിരഹേ) 3

വഹതി ച വിഗളിതലോചന ജലഭരമാനനകമലമുദാരം
വിധുമിവ വികടവിധുന്തുദദന്തദളനഗളിതാമൃതധാരം
സാ വിരഹേ 4

വിലിഖതി രഹസി കുരംഗമദേന ഭവന്തമസമശരഭൂതം
പ്രണമതി മകരമധോ വിനിധായ കരേ ച ശരന്നവചൂതം
സാ വിരഹേ 5

പ്രതിപദമിദമപി നിഗദതി മാധവ തവ ചരണേ പതി-
താഹം
ത്വയി വിമുഖേ മയി സപദിസുധാനിധിരപി തനുതേ
തനുദാഹം
സാ വിരഹേ 6

ധ്യാനലയേന പുരഃ പരികല്പ്യ ഭവന്തമതിവദുരാപം
വിലപതി ഹസതി വിഷീദതി രോദിതി ചഞ്ചതി മുഞ്ചതി
താപം
സാ വിരഹേ 7

ശ്രീജയദേവഭണിതമിദമധികം യദി മനസാ നടനീയം
ഹരിവിരഹാകുലവല്ലവയുവതിസഖീവചനംപഠനീയം
സാ വിരഹേ 8

സാരം:- ഹേ മാധവ! അങ്ങയേ പിരിഞ്ഞു ദുഃഖി
ച്ചിരിക്കുന്ന രാധ കാമാസ്ത്രഭീരുവായി അങ്ങയിൽതന്നെ
ധ്യാനമഗ്നയായിരിക്കുന്നതു കണ്ടാൽ, നിശ്ചലധ്യാനംകൊ
ണ്ടു്, അങ്ങയിൽത്തന്നെ തീൎന്നാൽ പിന്നെ കാമബാണ
ത്തെ ഭയപ്പെടേണ്ടതായി വരികയില്ലല്ലോ എന്നു വിചാരി
ച്ചാണൊ എന്നു തോന്നും. ഞാൻ അവളുടെ സുകുമാര
ശരീരത്തിൽ വിരഹതാപത്തേ ശമിപ്പിപ്പാൻവേണ്ടി ചന്ദ
നച്ചാറു പുരട്ടുമ്പോഴും, പാമ്പിൻവിഷമെന്നപോലുള്ള ചൂ
ട്, സഹിക്കവഹിയായെന്നു പറഞ്ഞ് തിരസ്കരിക്കുന്നു.

2. അവളുടെ ഹൃദയത്തിൽ വാസംചെയ്യുന്ന അങ്ങയെ സദാപി വന്നുതറയ്ക്കുന്ന മദനന്റെ മോഹനാസ്ത്രത്തിൽനിന്നു രക്ഷിപ്പാനോ എന്നു തോന്നുംവിധം ഹൃദയമാകുന്ന മർമ്മസ്ഥലത്തിൽ ജലകണങ്ങളാലാവൃതമായ താമരയിതളുകളെക്കൊണ്ടുള്ള കവചത്തെ അറിഞ്ഞുകൊണ്ടിരിക്കുന്നു.

3. പലവിധ കാമകേളികളിൽ പ്രിയംവായ്ക്കുവാൻ പററിയ വിധത്തിൽ സൌകര്യമുള്ള പുഷ്പശയ്യയെ അങ്ങയുടെ ആലിംഗനാദി സുഖമനുഭവിപ്പാൻവേണ്ടി, പുഷ്പായുധശരശയനമാക്കിക്കൊണ്ടു വ്രതാചരണമെന്നപോലെ ഇരിക്കുന്നു.

4. അശ്രുജാലങ്ങൾ വർദ്ധിക്കുന്നതു കണ്ടാൽ ദുഷ്ടനായ രാഹുവിന്റെ ദംഷ്ട്രങ്ങളാൽ കടിച്ചതുകൊണ്ടൊഴുകുന്ന, അമൃതധാരയോടുകൂടിയ അമൃതകിരണനെപ്പോലെ മനോഹരമായ മുഖകമലത്തെ നനയ്ക്കുന്നതായിത്തോന്നും.

5. ആരുമില്ലാത്തിടത്തുവെച്ച് അങ്ങയുടെ രൂപം കസ്തൂരിയെക്കൊണ്ടു വരയ്ക്കുകയും, താഴെ കാമന്റെ വാഹനമായ മത്സ്യത്തേയും, കരത്തിൽ പുത്തൻചൂതബാണത്തേയും എഴുതി നമസ്കരിക്കുന്നു.

6. എല്ലായ്പോഴും അവൾ ആ ചിത്രത്തെ കൈകൂപ്പി കുമ്പിട്ട് ഇങ്ങിനെ പറയും! "ഹേ മാധവ! ഞാൻ അങ്ങയുടെ പാദപത്മത്തിൽ നമസ്കരിക്കുന്നു. അങ്ങ് എന്നെ വേർപെട്ടിരിക്കുമ്പോൾ—എന്നോടു വിമുഖനായിരിക്കുമ്പോൾ—അമൃതകിരണനായ ചന്ദ്രനുംകൂടി എനിക്കു സന്താപത്തെ—ഉഷ്ണത്തെ—അരുളുന്നു."

7. പ്രത്യക്ഷമായി ഇനി ഭവാനെ പ്രാപിപ്പാൻ സാദ്ധ്യമാകയില്ലെന്നു തീച്ചപ്പെടുത്തി, ഉറച്ച സങ്കടത്തോടെ, ഭവാൻ തൻെറ മുമ്പിൽ നില്ക്കുന്നെന്നു നിശ്ചയിച്ച് സങ്കടംപറകയും, ചിലപ്പോഠം ചിരിക്കുകയും, ദുഃഖിക്കുകയും, കരയുകയും പിന്നീട്ട് തിരഞ്ഞുനടക്കുകയുംചെയ്തു ദുഃഖശാന്തിയെ വരുത്തുന്നു.

8. ശ്രീ ജയദേവരുടെ കവിത, മനസ്സുകൊണ്ടു് വേണ്ടപോലെ രസിക്കണമെങ്കിൽ, ശ്രീകൃഷ്ണവിയോഗത്താൽ പരവശയായ രാധയുടെ സഖി വാക്‌സ്വരൂപമായ ഈ പാട്ട് പാടിപ്പഠിക്കേണ്ടതാണ്.

രാധയുടെ വിരഹാവസ്ഥയെ സഖി വീണ്ടും മററൊരുപ്രകാരത്തിൽ ചുരുക്കിക്കൊണ്ടുപറയുന്നു:

ശ്ലോകം (28)

ആവാസോവിപിനായതേ പ്രിയസഖിമാലാപിജാലായതേ

താപോനിശ്വസിതേന ദാവദഹനജ്വാലാകലാപായതേ

സാപിത്വദ്വിരഹേണഹന്ത ഹരിണീരൂപായതേഹാകഥം

കന്ദപ്പോപിയമായതേവിരചയൻശാർദ്ദൂലവിക്രീഡിതം.

സാരം:—ഹേ മാധവ! കാട്ടിൽ വലവെയ്ക്കുന്നതു മൃഗങ്ങഠംക്കു ഉപദ്രവത്തെ നൽകുന്നതുപോലെ ആ പ്രിയ സഖി, രാധാദേവിക്കു, അങ്ങയുടെ വേർപാടിനാൽ പ്രിയസഖികളും അവഠംക്ക് ഉപദ്രവകാരിണികളായിത്തീരുന്നു. കാട്ടുതീ, കാററിനാൽ വദ്ധിക്കുന്നതുപോലെ അവളുടെവിരഹതാപവും നിശ്വസിക്കപ്പെടുന്ന വായുവിനാൽ ജ്വലിക്കു

ന്നു. അവളിപ്പോൾ അങ്ങയുടെ വേർപാടുകൊണ്ടു് ഒരു മാൻകിശോരിയെപ്പോലെയായിരിക്കുന്നു. ഭയങ്കരനായ കാമൻ ഇങ്ങിനെയിരിക്കുന്ന അവളെ വ്യാഘ്രത്തെപ്പോലെ ഹിംസിക്കാൻ ഭാവിക്കയുംചെയ്യുന്നു. ഈവക സംഗതികളാൽ ഇന്നു് അവളുടെ വാസഗേഹം ഒരു ഘോരാരണ്യം പോലെയായിരിക്കുന്നു.

പിന്നേയും സഖി രാധാദേവിയുടെ വിരഹാവസ്ഥയെ മറെറാരുപ്രകാരേണ കൃഷ്ണനോടു പറയുന്നു.

ഒമ്പതാം അഷ്ടപദി

(ദേശാക്ഷിരാഗം – ഏകതാളം)

സ്തനവിനിഹിതമപി ഹാരമുദാരം
സാമനുതേ കൃശതനുരതിഭാരം

രാധികാതവ വിരഹേ കേശവ 1
സരസമസൃണമപിമലയജപങ്കം
പശ്യതിവിഷമിവ വപുഷിസശങ്കം—രാധികാ. 2
ശ്വസിതപവനമനുപമപരിണാഹം
മദനദഹനമിവവഹതിസദാഹം— രാധികാ 3
ദിശി ദിശി കിരതി സജലകണജാലം
നയനനളിനമിവ വിഗളിതനാളം—രാധികാ 4
നയനവിഷയമപി കിസലയതല്പം
കലയതിവിഹിതഹുതാശനകല്പം —രാധികാ 5
ത്യജതിനപാണിതലേനകപോലം
ബാലശശിനമിവ സായമലോലം.—രാധികാ 6
ഹരിരിതി ഹരിരിതി ജപതിസകാമം

വിരഹവിഹിതമരണേവനികാമം—രാധികാ 7
ശ്രീജയദേവഭണിതമിതിഗീതം
സുഖയതുകേശവപദമുപനീതം--രാധികാ 8

സാരം:—ഹേ കൃഷ്ണ! അങ്ങയോടുള്ള വിരഹത്താൽ ക്ഷീണിച്ച് അതികൃശയായ ആ രാധ, സ്തനങ്ങളെ അലങ്കരിച്ചിരിക്കുന്ന വിശേഷപ്പെട്ട ആ മുത്തുമാലയുംകൂടി വലിയ ഭാരമായി അവൾക്കു തോന്നുന്നു.

2. അവൾ, കൊഴുത്തുമിനുത്ത് സുഗന്ധത്തോടുകൂടിയുള്ള ചന്ദനച്ചാറിനേപോലും വിഷമെന്നപോലെ സംശയഭാവനയിൽ നോക്കുന്നു.

3. അവൾ ദീൎഘമായി കാമാഗ്നിയേപോലെ ചൂടോടുകൂടിയിരിക്കുന്ന ശ്വാസംവിട്ടുകൊണ്ടിരിക്കുന്നു.

4. കണ്ണുനീരോടുകൂടി അവൾ അങ്ങയെ കാണ്മാനുള്ള ആഗ്രഹത്താൽ നാലുപുറവും നോക്കി പരിഭ്രാന്തയായി നില്ക്കുന്നു.

5. അവൾ മുമ്പ് കിടക്കാറുള്ള തളിർകിടക്കയെ ജ്വലിക്കുന്ന അഗ്നിയെപ്പോലെ കരുതുന്നു.

6. ബാലചന്ദ്രനെപ്പോലെ ചലനമില്ലാത്ത കവിൾത്തടത്തെ, സന്ധ്യാസമയത്ത് കരതലത്താൽ താങ്ങിക്കൊണ്ടു നില്ക്കുന്നു.

7. അങ്ങയുടെ വിരഹത്താൽ അവൾ മരിക്കാറായതുപോലെ ഹരി ഹരി എന്നിങ്ങിനെ ജപിക്കുകയും ചെയ്യുന്നു.

8. ശ്രീജയദേവരാൽ വൎണ്ണിക്കപ്പെട്ടതും ശ്രീകൃഷ്ണപാ

ദാരവിന്ദത്തിൽ സമൎപ്പിക്കപ്പെട്ടതുമായ ഈ ഗാനം നിങ്ങളെ സുഖിപ്പിക്കുമാറാകട്ടെ.

ശ്ലോകം (29)

സ്വാരോമാഞ്ചതിസീൽകരോതി വിലപത്യുൽകമ്പതേ താമ്യതി-
ധ്യായത്യുൽഭ്രമതിപ്രമീലതിപതത്യുദ്യാതിമൂർഛത്യപി
ഏതാവത്യതനുജ്വരേവരതനുൎജ്ജീവേന്നകിംതേരസാൽ
സ്വവൈദ്യപ്രതിമപ്രസീദസി യദിത്യക്താന്യഥാന്യൽപരം

സാരം:- മനസ്സങ്കല്പത്താൽ അങ്ങയെ ആലിംഗനം ചെയ്തുകൊണ്ട് ആ രാധ രോമാഞ്ചകഞ്ചുകിതയായി, പിന്നേയും പിന്നേയും ആ സുഖത്തെത്തന്നെ ആലോചിച്ച് ഉച്ചത്തിൽ ശബ്ദിക്കുകയും, ആവലാതിപറകയും, വിറയ്ക്കുകയും, ക്ഷീണിക്കുകയും, ധ്യാനിക്കുകയും, ചുററിനടക്കുകയും, കണ്ണടയ്ക്കുകയും, വീഴുകയും, എഴുന്നേല്ക്കുകയും, മോഹിതയാവുകയും, അല്ലയോ ദേവന്മാരുടെ വൈദ്യന്മാരായ അശ്വിനിദേവന്മാൎക്ക തുല്യനായ വാസുദേവ! ഈവിധമുള്ള കാമജ്വരത്തിനു ചികിത്സചെയ്യുവാനുള്ള ത്രാണി അങ്ങയ്ക്കുമാത്രമേയുള്ളു. അങ്ങയുടെ ശൃംഗാരരസമാകുന്ന ഔഷധത്താൽ ആ സുന്ദരി ജീവിക്കാതിരിക്കുമോ? അങ്ങ് അനുഗ്രഹിക്കാതിരിക്കയാണെങ്കിൽ അവൾ ഉപേക്ഷിതയാകും —ലോകത്തിൽ നിഷ്പ്രയോജനയായിത്തീരും— കഷ്ടം തന്നെ.

സഖി ശ്രീകൃഷ്ണനോട് ഏററെ പരുഷവാക്കുകൾ പറയുന്നു.

ശ്ലോകം (30)

സ്മരാതുരാം ദൈവതവൈദ്യഹൃദ്യ!
ത്വദംഗസംഗാമൃതമാത്രസാദ്ധ്യാം
വിമുക്തബാധാം കുരുഷേ ന രാധാ-
മുപേന്ദ്ര വജ്രാദപി ദാരുണോസി.

സാരം:- അല്ലയോ ദേവവൈദ്യന്മാരായ അശ്വിനി ദേവകളേക്കാൾ തേജോമയനായ സുന്ദരധാമമേ! ഉപേന്ദ്രനായ അങ്ങയുടെ അംഗസംഗമമാകുന്ന അമൃതുകൊണ്ടു മാത്രം രക്ഷിക്കപ്പെടുവാൻ കഴിയുന്ന രാധയെ അങ്ങ് ഉപദ്രവമെന്ന്യേ രക്ഷിക്കപ്പെടുന്നില്ലല്ലോ. അങ്ങുന്ന് വജ്രായുധത്തേക്കാൾ ഭയങ്കരനാകുന്നു—നിർദ്ദയനാകുന്നു.

ശ്ലോകം (31)

കന്ദർപ്പജ്വരസജ്വരാതുരതനോരത്യർത്ഥമസ്യാശ്ചിരം
ചേതശ്ചന്ദനചന്ദ്രമഃ കമലിനീചിന്താസു സന്താമ്യതി
കിന്തു ക്ലാന്തിവശേന ശീതളതനുന്ത്വാമേകമേവ പ്രിയം
ധ്യായന്തി രഹസി സ്ഥിതാ കഥമപി ക്ഷീണാ ക്ഷണം-
പ്രാണിതി.

സാരം:- കാമാഗ്നിയാൽ ചുട്ടുനീറുന്ന രാധാദേവിയുടെ ഹൃദയം ചന്ദനം, ചന്ദ്രൻ, താമര ഇവകളെപ്പററി ചിന്തിക്കുമ്പോൾതന്നെ ഏററവും തളൎന്നുപോകുന്നു. എന്നാൽ ക്ഷീണിച്ച് ആരുമില്ലാത്തിടത്തിരുന്ന് അവൾ ക്ഷീണാധീനയാണെങ്കിലും സന്താപനാശനനായ അങ്ങയെതന്നെ പ്രിയങ്കരനെന്നു ചിന്തിച്ച് ധ്യാനാവിഷ്ടയായി പ്രയാസപ്പെട്ടു ജീവിക്കുന്നു.

ശ്ലോകം (32)

ക്ഷണമപി വിരഹഃ പുരാ ന സേഹേ
നയനനിമീലനഖിന്നയാ യയാതേ
ശ്വസിതു കഥമസൌ രസാളശാഖാം
ചിരവിരഹേപി വിലോക്യ പുഷ്പിതാഗ്രാം.

സാരം:- രാധയ്ക്കു മുമ്പ് കുറച്ചുനേരമെങ്കിലും അങ്ങയുടെ വിരഹം സഹിക്കേണ്ടതായി വന്നിട്ടില്ല. കണ്ണടയ്ക്കുന്നതുകൂടി അവൾക്ക ഏററവും ദുഃഖകരമായിരുന്നു; ആ സമയത്ത് അങ്ങയെ കാണ്മാൻ സാധിക്കയില്ലെന്നുള്ളതുകൊണ്ടാണ്. ആ രാധ ഇപ്പോൾ അങ്ങയോടുള്ള വിരഹത്താൽ പുഷ്പാഗ്രങ്ങളോടുകൂടിയ മാവിൻകൊമ്പുകളെക്കണ്ടിട്ട് എങ്ങിനെ ജീവിച്ചിരിക്കും? അതുകൊണ്ട് അങ്ങ് അവളുടെ അടുക്കലേക്കു പോകുവാൻ ഒട്ടും താമസിക്കരുതെ!

കവി സർഗ്ഗാവസാനം മംഗളമാശംസിക്കുന്നു.

ശ്ലോകം (33)

വൃഷ്ടിവ്യാകുലഗോകുലാവനരസാദുദ്ധൃത്യ ഗോവർദ്ധനം
ബിഭ്രദ്വല്ലവവല്ലഭാഭിരധികാനന്ദാച്ചിരം ചുംബിതഃ
ദർപ്പേണേവ തദർപ്പിതാധരതടീ സിന്ദൂരമുദ്രാങ്കിതോ
ബാഹുർഗ്ഗോപതനോസ്തനോതു ഭവതാം ശ്രേയാംസി കംസ-
ദ്വിഷഃ

സാരം:- വർഷത്താൽ ദുഃഖിതരായ ഗോകുലവാസികളെ രക്ഷിക്കുന്നതിന്ന ഗോവർദ്ധനഗിരിയെ എടുത്ത് കുടയാക്കിപ്പിടിച്ചതും, ഗോപസുന്ദരിമാർ പരമാനന്ദരസത്തിൽ ആറാടി വളരെക്കാലം ചുംബിച്ചതും, ചുംബനസമയം

ആ സുന്ദരിമാരുടെ ചുണ്ടുകളിൽനിന്നു പററിയ സിന്ദൂരത്താൽ അങ്കിതമായതും, അതുനിമിത്തമുണ്ടായ അഹംഭാവം—ഗൎവ്വം—പ്രകാശിച്ചു ചുകന്നിരിക്കയാണോ എന്നുതോന്നാവുന്ന ആ ഗോപാലകന്റെ കരപങ്കജം നിങ്ങൾക്കു ശ്രേയസ്സ് തന്നരുളട്ടെ!

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം
നാലാം സൎഗ്ഗം
സമാപ്തം.

---

സാകാംക്ഷപുണ്ഡരീകാക്ഷം എന്ന

# അഞ്ചാം സൎഗ്ഗം

### ശ്ലോകം (34)

അഹമിഹ നിവസാമി യാഹിരാധാ-
മനുനയ മദ്വചനേന ചാനയേഥാഃ
ഇതി മധുരിപുണാസഖീ നിയുക്താ
സ്വയമിദമേത്യ പുനൎജ്ജഗാദ രാധാം.

സാരം:- രാധാസഖിയോടു കൃഷ്ണൻ പറഞ്ഞു:- "ഞാനിവിടെത്തന്നെയിരിക്കാം. നീ പോയി രാധയോടു ഞാൻ പറഞ്ഞയച്ചതായിപ്പറഞ്ഞു് സമാധാനിപ്പിച്ചു് ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരിക" ഇപ്രകാരം കൃഷ്ണൻ പറഞ്ഞതുകേട്ടു് ആ സഖി ത്വരിതം രാധയുടെ സമീപം ചെന്നു പറഞ്ഞു.

## പത്താം അഷ്ടപദി.

(വരാളിരാഗം—രൂപകതാളം)

വഹതി മലയസമീരേ മദനമുപനിധായ
സ്ഫുടതി കുസുമനികരേ വിരഹിഹൃദയദളനായ
തവവിരഹേ വനമാലീ സഖി സീദതി രാധേ! 1

ദഹതി ശിശിരമയൂഖേ മരണമനുകരോതി
പതതി മദനവിശിഖേ വിലപതിവികലതരോതി
തവവിരഹേ 2

ധ്വനതി മധുപസമൂഹേ ശ്രവണമപിദധാതി
മനസി കലിതവിരഹേ നിശി നിശി രുജമുപയാതി
തവവിരഹേ 3

വസതി വിപിനവിതാനേ ത്യജതി ലളിതധാമ
ലുഠതി ധരണിശയനേ ബഹു വിലപതി തവ നാമ
തവവിരഹേ 4

ഭണതി കവിജയദേവേ വിരഹവിലസിതേന
മനസി രഭസവിഭവേ ഹരിരുദയതു സുകൃതേന
തവവിരഹേ 5

സാരം:— 1. ഹേ പ്രിയസഖീ രാധേ! കൃഷ്ണൻ നിന്നോടു വേർപെട്ടു് വിരഹംനിമിത്തം വളരെ ദുഃഖിക്കുന്നു. തെക്കൻകാററു് കാമനെ ചുമന്നുകൊണ്ടു് വീശുമ്പോഴും വിരഹികളുടെ മനസ്സിനെ തപിപ്പിക്കുവാനായി പൂനിരകൾ വികസിക്കുമ്പോഴും ആ ശ്രീകൃഷ്ണൻ വല്ലാതെ തളരുന്നു.

2. അതിശീതളങ്ങളായ ചന്ദ്രികയോടുകൂടിയ ആ പനിമതി ഉദിക്കുമ്പോൾ ദുഃഖം സഹിക്കാതെ മരണമടഞ്ഞതുപോലെ കിടക്കുകയും കാമബാണങ്ങൾ വന്നു തറയ്ക്കുമ്പോൾ കഠിനദുഃഖം കലൎന്നു കരയുകയും.

3. അളിനിനാദശ്രവണത്താൽ കൃഷ്ണൻ സഹിക്കവഹിയാതെ ചെവി പൊത്തുകയും വേദനിക്കുകയും ചെയ്യുന്നു.

4. അതിമനോഹരമായ തൻെറ ഗൃഹത്തിലിരിക്കാതെ കൃഷ്ണൻ വിരഹദുഃഖത്തെക്കളവാൻവേണ്ടി കാട്ടിൽ പോയി ചുററിനടക്കുകയും വെറും നിലത്തുകിടന്ന് നിൻെറ പേർവിളിച്ച് കരയുകയുംചെയ്യുന്നു.

5. ശ്രീ ജയദേവകവി പൂർവ്വജന്മാർജ്ജിതവാസനാബലത്താൽ — ജന്മാന്തരസുകൃതത്താൽ — ശ്രീകൃഷ്ണവിരഹചേഷ്ടകളെ വർണ്ണിക്കുന്നത് അറിഞ്ഞിട്ട് ആ കൃഷ്ണൻ സന്തോഷത്തോടെ തൻെറ മുമ്പിൽ പ്രത്യക്ഷമാകുവാൻ പ്രാർത്ഥിക്കുന്നു.

വീണ്ടും സഖി കൃഷ്ണൻെറ വിരഹചേഷ്ടകളെ രാധയോടു പറയുന്നു!

ശ്ലോകം (35)

പൂർവ്വംയത്രസമംത്വയാരതിപതേരാസാദിതാഃസിദ്ധയ-
സ്തസ്മിന്നേവനികുഞ്ജമന്മഥമഹാതീർത്ഥേപുനർമ്മാധവഃ
ധ്യായംസ്ത്വാമനിശംജപന്നപി തവൈവാലാപമന്ത്രാവലിം
ഭൂയസ്ത്വൽകുചകുംഭനിർഭരപരീരംഭാമൃതംവാഞ്ഛതി

സാരം:— മുമ്പ് ശ്രീകൃഷ്ണൻ നിന്നോടുകൂടി എവിടെവെച്ച് ആലിംഗനചുംബനാദികൾ അനുഭവിച്ചുവോ, ആ വള്ളിക്കുടിലാകുന്ന കാമദേവഹർമ്മ്യത്തിൽ, എപ്പോഴും നിന്നെത്തന്നെ ധ്യാനിച്ചും, സ്വകാര്യഭാഷണങ്ങളാകുന്ന മന്ത്രങ്ങളെ ഉരുക്കഴിച്ചും—ജപിച്ചും—വീണ്ടും വീണ്ടും നിൻെറ കുചകുംഭങ്ങളുടെ ഗാഢാലിംഗനമാകുന്ന മോക്ഷത്തെ ആഗ്രഹിച്ചും സ്ഥിതിചെയ്യുന്നു.

## പതിനൊന്നാം അഷ്ടപദി

(ഗൌഡരാഗം—ഏകതാളം)

രതിസുഖസാരേഗതമഭിസാരേമദനമനോഹരവേശം
നകുരുനിതംബിനിഗമനവിളംബനമനുസരതം
ഹൃദയേശം
ധീരസമീരേയമുനാതീരേ വസതിവനേ വനമാലീ
ഗോപീപീനപയോധരമർദ്ദനചഞ്ചലകരയുഗശാലീ 1
നാമസമേതംകൃതസങ്കേതം വാദയതേമൃദുവേണും
ബഹുമനുതേനനുതേതനുസംഗതപവനചലിതമപി
രേണും—ധീരസമീരേ 2
പതതിപതത്രേ വിചലതിപത്രേശങ്കിതഭവദുപയാനം
രചയതിശയനംസചകിതനയനംപശ്യതിതവപന്ഥാ-
നംധീരസമീരേ 3
മുഖരമധീരംത്യജമഞ്ജീരംരിപുമിവകേളിസുലോലം
ചലസഖികുഞ്ജംസതിമിരപുഞ്ജംശീലയനീലനി-
ചോളം—ധീരസമീരേ 4
ഉരസിമുരാരേരുപഹിതഹാരേഘനഇവതരളവലാകേ
തടിദിവപീതേരതിവിപരീതേരാജസിസുകൃതവിപാകേ-
ധീരസമീരേ 5
വിഗളിതവസനംപരിഹൃതരശനംഘടയജഘനമപി-
ധാനം
കിസലയശയനേപങ്കജനയനേ നിധിമിവഹർഷനിദാനം-
ധീരസമീരേ 6
ഹരിരഭിമാനീരജനിരിദാനീമിയമുപയാതിവിരാമം
കുരുമമവചനംസത്വരരചനംപൂരയമധുരിപുകാമം-
ധീരസമീരേ 7

ശ്രീജയദേവേകൃതഹരിസേവേഭണതിപരമരമണീയം
പ്രമുദിതഹൃദയംഹരിമതിസദയംനമതസുകൃതിഗമനീയം
ധീരസമീരേ 8

സാരം:—1. അല്ലയോ സുന്ദരി! ഗോപസുന്ദരിമാരുടെ തടിച്ച മുലകളെ മർദ്ദനംചെയ്യാൻ ഇളകിക്കൊണ്ടിരിക്കുന്ന കരപങ്കജങ്ങളോടുകൂടിയ ശ്രീകൃഷ്ണൻ ഇളംകാററ് വീശിക്കൊണ്ടിരിക്കുന്ന യമുനാതീരത്തുള്ള രതിസുഖത്തിനു സങ്കേതസ്ഥാനമായ ആ കാട്ടിൽ സ്ഥിതിചെയ്യുന്നു. പുഷ്പായുധനേക്കാൾ ചേതോഹരനും നിൻെറ മനസ്സിൽ സ്ഥാനമുറപ്പിച്ചവനുമായ ശ്രീകൃഷ്ണനെ—നിൻെറ പ്രാണാധിനാഥനെ—നീ അനുസരിക്കുക; ഒട്ടും താമസമരുത്.

2. നാമമുദ്രയാകുന്ന മൃദുവായ വേണുഗാനം, അദ്ദേഹം സങ്കേതത്തെ സൂചിപ്പിച്ചുകൊണ്ട് ചെയ്തുകൊണ്ടിരിക്കുന്നു. നിൻെറ തനുവേ സ്പർശിക്കുന്ന കാററിൽ ഇളകിവരുന്ന ധൂളിയെപ്പോലും അദ്ദേഹം മാനിക്കയും ചെയ്യുന്നുണ്ട്.

3. പക്ഷികൾ ചിറകടിക്കുമ്പോഴും ഇലകൾ ഇളകുമ്പോഴും ഭവതിയുടെ വരവാണെന്നു ശങ്കിച്ച് ശയ്യോപകരണങ്ങൾ തയ്യാറാക്കുകയും ഇളകിക്കൊണ്ടിരിക്കുന്ന നേത്രാഞ്ചലത്താൽ ഭയത്തോടെ നിൻെറ വരവിനെ ആ കൃഷ്ണൻ നോക്കിനില്ക്കുകയുംചെയ്യുന്നു.

4. ശബ്ദമുണ്ടാക്കുന്ന ഈ കാൽച്ചിലമ്പ്, ക്രീഡാസമയം ഇളക്കവും ശബ്ദവുമുണ്ടാക്കുന്നതും അതുനിമിത്തം അതു ശത്രുവായിത്തീരുന്നതുമാകയാൽ അതിനെ തല്ക്കാലം വേണ്ടെന്നുവെയ്ക്കുക. ഹേ സഖി! കൂരിരുട്ടുചേൎന്ന ലതാഗൃഹത്തിലേയ്ക്ക് കറുത്ത മൂടുപടം ധരിച്ച് നീലവസ്ത്രധാരിണിയായി നീ പ്രവേശിച്ചാലും.

5. ഹേ മഞ്ഞനിറത്തോടുകൂടിയ പ്രിയസഖി! സുകൃതാനുഭവത്തിന്നൊരുങ്ങിപ്പുറപ്പെടുന്ന മംഗളാപാംഗി! നീ വിപരീതസുരതസമയത്ത് കൃഷ്ണൻെറ മുത്തുമാലയലങ്കരിച്ച മാറിടത്തിൽ, വെള്ളപ്പക്ഷിസമൂഹങ്ങളോടുകൂടിയ മേഘത്തിൽ മിന്നൽപിണരെന്നപോലെ ശോഭിക്കുവാൻ തയാറാവുക.

6. അല്ലയോ പങ്കജാക്ഷി! നീ വസ്ത്രം അഴിഞ്ഞും അരഞ്ഞാൺ കളഞ്ഞും ആവരണമില്ലാത്തതും നിധിയെന്നപോലെ സന്തോഷകാരണമായുമിരിക്കുന്ന ജഘനത്തെ തളിർമെത്തയിൽ വെച്ചാലും!

7. രാത്രി കഴിയാറായി. കൃഷ്ണൻ അഭിമാനിയാണ്. ബദ്ധപ്പെട്ടു പറയുന്ന എൻെറ വാക്കിനെ നീ അനുസരിച്ചാലും. ശ്രീകൃഷ്ണൻെറ ആഗ്രഹംപോലെ വേഗം വേണ്ടതു പ്രവൃത്തിച്ചാലും!

8. സാക്ഷാൽ കൃഷ്ണമൂർത്തിയെ സേവിച്ചിരിക്കുന്ന ശ്രീജയദേവൻ മനോഹരരൂപേണ വർണ്ണിച്ച് ഗാനംചെയ്യുമ്പോൾ നിങ്ങൾ, ഹൃദയംതെളിഞ്ഞ് ദയയോടും പുണ്യവാന്മാർക്കുമാത്രം അറിവാൻ കഴിയുന്നവനുമായ ശ്രീകൃഷ്ണഭഗവാനെ നമസ്കരിച്ചാലും.

സഖി, കൃഷ്ണൻെറ മുമ്പുകഴിഞ്ഞ സങ്കടാവസ്ഥയെ പിന്നേയും പറയുന്നു.

ശ്ലോകം (36)

വികിരതിമുഹുശ്ശ്വാസാനാശാംപുരോമുഹുരീക്ഷതേ
പ്രവിശതിമുഹുഃകുഞ്ജംഗുഞ്ജന്മുഹുർബ്ബഹുതാമ്യതി
രചയതിമുഹുശ്ശയ്യാംപര്യ്യാകുലോവലതേമുഹു-
ർമ്മദനകദനക്ലാന്തഃ കാന്ത! പ്രിയസ്തവ വർത്തതേ.

സാരം:– അല്ലയോ സുന്ദരി! നിന്റെ പ്രിയൻ കാമാർത്തനായി, ദീർഘശ്വാസവും വിട്ട്, നിന്റെ വരവിനെ പ്രതീക്ഷിച്ച് മുൻഭാഗത്തേക്കുതന്നെ എപ്പോഴും നോക്കുകയും പിന്നെയും ലതാഗൃഹത്തിൽ പ്രവേശിച്ച് അവ്യക്തസ്വരത്തിൽ ശബ്ദിക്കുകയും വല്ലാതെ തളൎന്നു ക്ഷീണിക്കുകയും പിന്നെയും ശയ്യാപധാനങ്ങൾ തയ്യാറാക്കുകയും ഒരുക്കുകയും. പിന്നെയും ചുററിത്തിരിയുകയും ചെയ്യുന്നു.

രാധയെ പിന്നെയും സഖി അഭിസരണത്തിന്നു പ്രേരിപ്പിക്കുന്നു—നിർബ്ബന്ധിക്കുന്നു.

ശ്ലോകം (37)

ത്വദ്വാമ്യേന സമം സമഗ്രമധുനാ തിഗ്മാംശുരസ്തംഗതോ
ഗോവിന്ദസ്യ മനോരഥേന ച സമം പ്രാപ്തം തമഃ സാന്ദ്രതാം
കോകാനാം കരുണസ്വനേന സദൃശീ ദീർഘാ മദഭ്യർത്ഥനാ
തന്മുഗ്ധേ വിഫലം വിളംബനമസൌ രമ്യോഭിസാരക്ഷണഃ

സാരം:– സുന്ദരിയായ രാധേ! സൂൎയ്യൻ അസ്തമിച്ചതോടുകൂടി നിന്റെ കഷ്ടകാലമെല്ലാം നീങ്ങി; ഇരുട്ടായതോടുകൂടി നിന്നോടുള്ള അനുരാഗവും വിരഹതാപവും ശ്രീകൃഷ്ണന്ന് വൎദ്ധിച്ചുകഴിഞ്ഞു; ചക്രവാകപ്പക്ഷികൾ രാത്രി വിരഹംകൊണ്ടു ദയനീയമായി കരയാറുള്ളതുപോലെ നിന്നോടു ഞാൻ താണപേക്ഷിക്കുവാൻ തുടങ്ങിയിട്ടും സമയമേറെയായി. ഇനിയെങ്കിലും വൈകിക്കാതെ കഴിയും വേഗം കൃഷ്ണസമീപത്തേയ്ക്കു പുറപ്പെടുക. അഭിസരിക്കുവാനുള്ള സമയം ജ്യോത്സ്യന്മാർ കുറിച്ചിട്ടുള്ളതും ഇതുതന്നെയാണ്.

പിന്നീട് സഖി അഭിസാരരതിയിലുള്ള രസാതിശയത്തെ രാധയോടു പറയുന്നു.

ശ്ലോകം (38)

ആശ്ലേഷാദനു ചുംബനാദനു നഖോല്ലേഖാദനു സ്വാന്തജ-
പ്രോൽബോധാദനു സംഭ്രമാദനു രതാരംഭാദനു പ്രീതയോഃ
അന്യാർത്ഥംഗദയോർഭ്രമാന്മിളിതയോസ്സംഭാഷണൈർജ്ജാനതോ-
ർദമ്പത്യോരിഹ കോനു കോനു തമസി വ്രീളാവിമിശ്രോ രസഃ

സാഃ-തമസ്സിൽ — ഇരുട്ടത്തു് — പരസംസർഗ്ഗത്തിന്നു് അങ്ങുമിങ്ങുംചെന്നു് നടക്കുമ്പോൾ അന്യോന്യം കൂട്ടിമുട്ടി ആലിംഗനംചെയ്തും ചുംബിച്ചും സ്തനതടാദികളിൽ മാന്തിച്ചും പെട്ടെന്നു് കാമവികാരങ്ങൾ വർദ്ധിച്ചുവരികയാൽ ധൃതഗതിയായി രതിക്രീഡ ചെയ്യുവാൻ തുടങ്ങുകയും അതുകാരണം അത്യാനന്ദത്തോടുകൂടിയ ആ ദമ്പതിമാർ അവരുടെ വിനോദശബ്ദമാധുര്യത്താൽ തമ്മിൽ ആളെ അറിഞ്ഞു് ലജ്ജയോടുകൂടിയ അപ്പോഴത്തേ അവർക്കുണ്ടായ രസം എത്രവിശേഷം! അതുകൊണ്ടു ഭവതിക്കും ഇപ്പോഴങ്ങു ചെന്നാൽ ഏററവും ആനന്ദമനുഭവിക്കാം. അതിനാൽ ഇനി ഒട്ടും താമസിക്കേണ്ട.

സഖി കൃഷ്ണൻെറ ആശയെ ദൃഢമായിപ്പറഞ്ഞു് അവസാനിപ്പിക്കുന്നു.

ശ്ലോകം (39)

സഭയചകിതം വിന്യസ്യന്തീം ദൃശൌ തിമിരേ പഥി
പ്രതിതരു മുഹുഃ സ്ഥിത്വാ മന്ദം പദാനി വിതന്വതീം

കഥമപി രഹഃ പ്രാപ്താമംഗൈരനംഗതരംഗിഭിഃ
സുമുഖി സുഭഗഃ പശ്യൻ സ ത്വാമുപൈതുകൃതാർത്ഥതാം

സാരം:- അല്ലയോ സുന്ദരി! ഈ ഇരുൾനിറഞ്ഞ വഴിയിൽകൂടി ഭയവിഹ്വലതയോടെ നോക്കിക്കൊണ്ടും യാത്രാ ക്ലേശം തീപ്പാൻ ഇടയ്ക്കിടെ ഓരോ വൃക്ഷച്ഛായകളിൽ ഇരു ന്നുകൊണ്ടും മെല്ലെ മെല്ലെ നടന്ന് ആ ഗൂഢമായ സ്ഥലത്തെത്തി കാമാർത്തിയാൽ കരചരണാദ്യവയവങ്ങളിളകി ക്കൊണ്ടു സ്ഥിതിചെയ്യുന്ന നിന്നെ അതിമനോഹരനായ ശ്രീകൃഷ്ണൻ കണ്ടറിഞ്ഞ് സന്തോഷസാഗരത്തിൽ മഗ്നനാകട്ടെ.

കവി സർഗ്ഗാന്തത്തിൽ മംഗളമോതുന്നു.

ശ്ലോകം (40)

രാധാമുഗ്ധമുഖാരവിന്ദമധുപസ്ത്രൈലോക്യ മൌലിസ്ഥലീ
നേപത്ഥ്യോചിതനീലരത്നമവനീഭാരാവതാരാന്തകഃ
സ്വച്ഛന്ദം വ്രജസുന്ദരീജനമനസ്തോഷപ്രദോഷശ്ചിരം
കംസധ്വംസനധൂമകേതുരവതു ത്വാം ദേവകീനന്ദനഃ

സാരം:- അല്ലയോ ജനങ്ങളെ! രാധാദേവിയുടെ സുന്ദരമുഖമാകുന്ന പത്മത്തിലെ വണ്ടായും ത്രൈലോക്യവാസികളുടെ ആകെ ശിരോരത്നത്തിന്നു പററിയ ഇന്ദ്രനീലക്കല്ലായും ഭൂമിഭാരത്തിന്നു കാരണഭൂതന്മാരായ ദുഷ്ടന്മാരുടെ അന്തകനായും ഗോപികാ ജനങ്ങളുടെ മനഃതൃപ്തിക്കും ആനന്ദത്തിനും കാരണനായും കംസഹന്താവായുമിരിക്കുന്ന ശ്രീകൃഷ്ണഭഗവാൻ നിങ്ങളെ ദീർഘകാലം സസുഖം രക്ഷിക്കട്ടെ

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം
അഞ്ചാംസർഗ്ഗം
സമാപ്തം.

സോൽക്കണ്ഠവൈകുണ്ഠം എന്ന

## ആറാം സർഗ്ഗം.

രാധയുടെ സഖി ശ്രീകൃഷ്ണസമീപേ ചെന്നു് രാധയുടെ വിരഹാവസ്ഥയെപ്പററി പറയുവാനാരംഭിക്കുന്നു.

ശ്ലോകം (41)

അഥ താം ഗന്തുമശക്താം
ചിരമനുരക്താം ലതാഗൃഹേ ദൃഷ്ട്വാ
തച്ചരിതം ഗോവിന്ദേ
മനസിജമന്ദേ സഖീ പ്രാഹ.

സാരം:- അനന്തരം സഖി, വളരെക്കാലമായി ശ്രീകൃഷ്ണനിൽ അനുരക്തയായിരിക്കുന്ന ആ രാധയെ ലതാഗൃഹത്തിലേക്കു നടക്കുവാൻ ശക്തിയില്ലാതെകണ്ടിട്ടു്, കാമബാണത്താൽ ആലസ്യമാണ്ടു കിടക്കുന്ന ശ്രീകൃഷ്ണസമീപമെത്തി രാധാ വൃത്താന്തമറിയിക്കുന്നു.

പന്ത്രണ്ടാം അഷ്ടപദി.

(ശങ്കരാഭരണം രാഗം — അടതാളം)

പശ്യതി ദിശി ദിശി രഹസി ഭവന്തം
ത്വദധരമധുരമധൂനി പിബന്തം
നാഥ ഹരേ! സീദതി രാധാ വാസഗൃഹേ 1
ത്വദഭിസരണരഭസേന വലന്തീ
പതതി പദാനി കിയന്തി — ചലന്തീ — നാഥഹരേ 2
വിഹിതവിശദബിസകിസലയവലയാ
ജീവതി പരമിഹ തവ രതികലയാ — നാഥഹരേ 3

മുഹുരവലോകിതമണ്ഡനലീലാ
മധുരിപുരഹമിതിഭാവനശീലാ—നാഥഹരേ 4

ത്വരിതമുപൈതിനകഥമഭിസാരം
ഹരിരിതിവദതിസഖിമനുവാരം—നാഥഹരേ 5

ശ്ലിഷ്യതിചുംബതിജലധരകല്പം
ഹരിരുപഗതഇതിതിമിരമനല്പം—നാഥഹരേ 6

ഭവതിവിളംബിനിവിഗളിതലജ്ജാ
വിലപതിരോദിതിവാസകസജ്ജാ—നാഥഹരേ 7

ശ്രീജയദേവകവേരിദമുദിതം
രസികജനംതനുതാമതിമുദിതം—നാഥഹരേ 8

സാരം:- അല്ലയോ നാഥ! ഹരേ! രാധ, പാക്കുന്ന വീട്ടിൽതന്നെ തളൎന്നിരിക്കുന്നു. അവൾ ഗൂഢസ്ഥലത്തു വെച്ച് മാറു ഗോപിമാരുടെ മധുരാധരപാനംചെയ്യുന്ന വനായിട്ട് അങ്ങയെ കാണുന്നു.

2\. അങ്ങയുടെ അടുക്കൽ വരുവാൻ താല്പൎയ്യത്തോടെ അവൾ തെല്ല് നടന്നപ്പോൾ തളൎന്നുവീഴുന്നു.

3\. കാമബാണം തറച്ച് ചൂടിൻെറ ശാന്തിക്കായി അതിന്നനുകൂലമായ താമരവളയവും തളിരുംകൊണ്ടുണ്ടാക്കിയ വളകളും ധരിച്ച് അങ്ങയോടു ചേൎന്നുള്ള രതിക്രീഡയിൽ ആഗ്രഹിച്ചുകൊണ്ടുമാത്രം അവൾ ജീവിക്കുന്നു.

4\. കൂടക്കൂടെ താൻ അണിഞ്ഞിട്ടുള്ള അലങ്കാരങ്ങളുടെ ഭംഗിനോക്കി "ഞാൻ ശ്രീകൃഷ്ണൻതന്നെയാണ്" എന്ന് ദൃഢതയാ ധ്യാനിച്ചുകൊണ്ട് ഭാവനയിൽ ലയിച്ച് സ്ഥിതിചെയ്യുന്നു.

5. എന്താണ് ശ്രീകൃഷ്ണൻ വേഗം സമീപമണയാ ത്തത് എന്നവൾ എപ്പോഴും സഖിയോടു ചോദിക്കുന്നു.

6. കൃഷ്ണൻ അടുത്തുവന്നു എന്ന് വിചാരിച്ച്,കാർമേഘസദൃശമായ കൂരിരുട്ടിനെ ആലിംഗനം ചെയ്കയും ചുംബിക്കയും ചെയ്യുന്നതായി നടിക്കുന്നു.

7. അവൾ ക്രീഡചെയ്യാൻ ഗൃഹത്തിൽ കാത്തിരുന്നിട്ട് അങ്ങയുടെ വരവുകാണാതെ നാണിച്ചും വ്യസനിച്ചും ആർത്തനാദം പുറപ്പെടുവിച്ച് കരയുകയുംചെയ്യുന്നു.

8. ശ്രീജയദേവകവിയിൽനിന്ന് ഉത്ഭവിച്ച ഈ ഗാനം രസികന്മാർക്ക് സന്തോഷത്തെയരുളട്ടെ.

ശ്ലോകം (42)

വിപുലപുളകപാളിഃ സ്ഫീതസീൽക്കാരമന്ത-
ര്ജ്ജനിതജഡിമകാകുവ്യാകുലംവ്യാഹരന്തീ
തവകിതവവിധത്തേ മന്ദകന്ദർപ്പചിന്താം
രസജലനിമഗ്നാ ധ്യാനലഗ്നാമൃഗാക്ഷീ.

സാരം:- സൌന്ദര്യധാമമായ അവൾ ശൃംഗാരസാഗരമഗ്നയായി, അങ്ങയുടെ സ്വരൂപധ്യാനത്തിൽ ലയിച്ചു, രോമാഞ്ചകഞ്ചുകിതയായിരിക്കുന്ന ആയവൾ വിയർത്തൊലിച്ച് മനസ്സിലുണ്ടായ മൌഢ്യതയോടും അസൂയാദിദോഷങ്ങൾ ആവരണംചെയ്തതിനാലുണ്ടായ സീൽക്കാരത്താലും ലജ്ജാവഹമായ വികാരപരമ്പരകളാലും "ഹേ കാമവികാരം നശിച്ചുപോയ ധൂർത്തേ"എന്നിപ്രകാരം പറഞ്ഞു് അങ്ങയെത്തന്നെ വിചാരംചെയ്തുകൊണ്ടിരിക്കുന്നു.

ശ്ലോകം (43)

അംഗേഷ്വാഭരണംകരോതിബഹുശഃ
പത്രേപി സഞ്ചാരിണി

പ്രാപ്തംത്വാംപരിശങ്കതേവിതനുതേ
ശയ്യാം ചിരം ധ്യായതി
ഇത്യാകല്പവികല്പതല്പരചനാ-
സങ്കല്പലീലാശത-
വ്യാസക്താപിവിനാത്വയാവരതനു-
ര്ന്നൈഷാനിശാംനേഷ്യതി.

സാരം:—ഈ രാധ തന്റെ അവയവങ്ങളിൽ അലങ്കാരത്തെച്ചേർക്കുകയും, ഇലകളോ മറേറാ ഇളകുമ്പോൾ ഭവാൻ വന്നു എന്നു വിചാരിച്ച് ശയ്യോപധാനം തയാറാക്കുന്നു; അങ്ങയെത്തന്നെ ധ്യാനിക്കുന്നു; ഈവിധം അലങ്കാരത്തെ ചെയ്യുക, അങ്ങു വന്നെന്നു ശങ്കിക്കുക, ശയ്യ തയാറാക്കുക അങ്ങയെത്തന്നെ മനസ്സിൽ ധ്യാനിക്കുക ഇങ്ങിനെയുള്ള വൃത്തികളിൽ ലീനയായിരിക്കുന്നെങ്കിലും അങ്ങയെക്കൂടാതെ രാത്രിയേ കഴിക്കില്ല. അതുകൊണ്ടു് രാധാസമീപത്തേയ്ക്കു വേഗം പോകണേ!

കവി സർഗ്ഗാന്തത്തിൽ അനുഗ്രഹബുദ്ധ്യാ മംഗളം നേരുന്നു.

ശ്ലോകം (44)

കിംവിശ്രാമ്യസികൃഷ്ണഭോഗിഭവനേ ഭാണ്ഡീരഭൂമീരുഹി
ഭ്രാതര്യ്യാഹിനദൃഷ്ടിഗോചരമിതഃ സാനന്ദനന്ദാസ്പദം
രാധായാവചനംതദധ്വഗമുഖാന്നന്ദാന്തികേഗോപതോ
ഗോവിന്ദസ്യജയന്തിസായമതിഥിപ്രാശസ്ത്യഗർഭാഗിരഃ

സാരം:—അല്ലയോ ഭ്രാതാവെ! കൃഷ്ണസർപ്പങ്ങളുടെ വാസസ്ഥാനമായ ഭാണ്ഡീരമെന്ന വടവൃക്ഷച്ചുവട്ടിൽ എന്തിനായിട്ടങ്ങു വിശ്രമിക്കുന്നു? അങ്ങയുടെ നന്ദഗോപവ

സതി ആനന്ദസന്ദായകമായി ഇവിടെ നിന്നാൽ കാണാമല്ലോ; അവിടെ പോകാം. എന്നിങ്ങിനെ രാധയുടെ വചനംകേട്ട് ആ വഴിയാത്രക്കാരൻ നന്ദഗൃഹത്തിൽ ചെന്ന് രാധയുടെ ആ വാക്കുകളെ പറയുമ്പോഠം ശ്രീകൃഷ്ണൻ അതിനെ മറച്ചുകളവാനായി വൈകുന്നേരം എത്തിച്ചേൎന്ന അതിഥിയുടെ മഹിമാവിശേഷത്തെ വൎണ്ണിക്കുന്ന വാക്കുകഠം സൎവ്വോൽക്കൎഷേണ വൎത്തിക്കുന്നു.

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം
ആറാം സർഗ്ഗം സമാപ്തം

---

നാഗനാരായണം എന്ന

## ഏഴാം സൎഗ്ഗം

ശ്ലോകം (45)

അത്രാന്തരേ ചകുലടാകുലവർത്മഘാത-
സഞ്ജാതപാതക ഇവ സ്ഫുടലാഞ്ഛനശ്രീഃ
വൃന്ദാവനാന്തരമദീപയദംശുജാലൈ-
ർദ്ദിക്‌സുന്ദരീവദനചന്ദനബിന്ദുരിന്ദുഃ

സാരം:- ഈ അവസരത്തിൽ മുൻപു പറഞ്ഞമാതിരി, വ്യഭിചാരിണിക്കൂട്ടങ്ങഠക്ക് വഴിമുടക്കം ചെയ്യുന്നതുകൊണ്ടുണ്ടായ പാപമോ എന്നു തോന്നത്തക്കവിധം പ്രത്യക്ഷമായി കളങ്കമാണ്ടവനും പൂൎവ്വദിങ്ങ്സുന്ദരിയുടെ മുഖത്തി

ൻ ചന്ദനപ്പൊട്ടായും ഉള്ള താരേശൻ കിരണാവലികളോടുകൂടെ വൃന്ദാവനത്തിന്റെ മേൽഭാഗത്തു് പ്രശോഭിച്ചു.

ചന്ദ്രോദയസമയത്തു് രാധ വിരഹദുഃഖത്താൽ വ്യസനിക്കുന്നു.

ശ്ലോകം (46)

പ്രസരതി ശശധരബിംബേ
വിഹിതവിളംബേ ച മാധവേ വിധുരാ
വിരചിതവിവിധവിലാപം
സാ പരിതാപം ചകാരോച്ചൈഃ

സാരം:— ചന്ദ്രബിംബം ഉദിച്ചുപൊങ്ങുമ്പോഴും ശ്രീകൃഷ്ണൻ ചെല്ലുവാൻ താമസിച്ചപ്പോഴും കാമോദ്ദീപകയായ ആ രാധ അളവററ ദുഃഖത്താൽ ഉച്ചത്തിൽ പലവിധ സങ്കടങ്ങളോടുകൂടി ആവലാതി പറഞ്ഞു ക്ലേശിച്ചു.

രാധയുടെ വിലാപത്തെ കവി ഈ ഗാനംകൊണ്ടു പറയുന്നു.

പതിമൂന്നാം അഷ്ടപദി

(ആഹരി രാഗം—ചമ്പതാളം)

കഥിതസമയേപി ഹരിരഹഹ ന യയൌ വനം
മമ വിഫലമിദമമലരൂപമപി യൌവനം
യാമി ഹേ കമിഹ ശരണം സഖീജനവചനവഞ്ചിതാ. 1
യദനുഗമനായ നിശി ഗഹനമപി ശീലിതം
തേന മമ ഹൃദയമിദമസമശരകീലിതം—യാമി ഹേ 2
മമ മരണമേവ വരമതിവിതഥകേതനാ
കിമിതി വിഷഹാമി വിരഹാനലമചേതനാ—യാമി ഹേ 3

അഹഹ കലയാമി വലയാദിമണിഭൂഷണം
ഹരിവിരഹദഹനവഹനേന ബഹുദൂഷണം_യാമി ഹേ 4

മാമഹഹ വിധുരയതി മധുരമധുയാമിനി
കാപി ഹരിമനുഭവതി കൃതസുകൃതകാമിനി_യാമി ഹേ 5

കുസുമസുകുമാരതനുമതനു ശരലീലയാ
സ്രഗപിഹൃദി ഹന്തി മാമതി വിഷമശീലയാ_യാമി ഹേ 6

അഹമിഹ നിവസാമി ന ഗണിതവനവേതസാ
സ്മരതി മധുസൂദനോ മാമപി ന ചേതസാ_യാമി ഹേ 7

ഹരിചരണശരണജയദേവകവിഭാരതി
വസതു ഹൃദി യുവതിരിവ കോമളകലാവതീ_യാമി ഹേ 8

സാരം:— കഷ്ടം! ഈശ്വര! സഖിജനത്തിൻെറ വാക്കിനാൽ വഞ്ചിതയായ ഞാൻ ഇനി ആരേ ശരണം പ്രാപിക്കും? കഷ്ടം! ശ്രീകൃഷ്ണൻ പറഞ്ഞ സമയമായിട്ടും വനത്തിലേക്ക എത്തിച്ചേൎന്നില്ലല്ലോ. എനിക്കുള്ള മനോഹരമായ സൌന്ദൎയ്യവും യൌവനവും വെറുതേ നഷ്ടമായിപ്പോയി.

2. ഞാൻ ഏതൊരാളെ അനുഗമിപ്പാനായാഗ്രഹിക്കുന്നു, ആ ശ്രീകൃഷ്ണനെത്തന്നെ അനുസരിക്കുന്നതിനു അബലയായ ഞാൻ രാത്രി സ്വാതന്ത്ര്യമായ സഞ്ചാരവുംകൂടി ശീലിച്ചു. അദ്ദേഹം കാരണം എൻെറ ഈ ഹൃദയം കാമാസ്ത്രങ്ങളാൽ തുളയ്ക്കപ്പെട്ടു.

3. നല്ലതു് ഇനി എനിക്കു മരണമാണു് നല്ലതു്. ശരീരംകൊണ്ടു യാതൊരു പ്രയോജനവുമില്ലാതെ ജീവച്ഛരീരമെന്നപോലെയിരിക്കുന്ന ഞാൻ കാഠിന്യം മൂൎത്തിമത്തായിട്ടുള്ള ഈ വിയോഗാഗ്നിയെ സഹിക്കുമോ? എങ്ങിനെയാണു് സഹിക്കുക.

4. കഷ്ടം! ഞാൻ ശ്രീകൃഷ്ണൻെറ വിയോഗദുഃഖത്തെ അനുഭവിക്കുന്നതുകൊണ്ട് രത്നമയങ്ങളായ ആഭരണങ്ങളുംകൂടി ഏററവും ഉപദ്രവകരമായിത്തോന്നുന്നു.

5. കഷ്ടം! കഷ്ടം!! അതിമോഹനമായ ഈ വസന്തരാത്രി എന്നെ അതിയായി ദുഃഖിപ്പിക്കുന്നു. സുകൃതിനിയായ ഏതോ ഒരുത്തി ശ്രീകൃഷ്ണനെ അനുഭവിക്കുന്നു; നിശ്ചയംതന്നെ.

6 അസഹനീയമായ കാമബാണപീഡനിമിത്തം മാറിലണിഞ്ഞിട്ടുള്ള പൂമാലപോലും കുസുമതനുവായ ഇവളെ സങ്കടപ്പെടുത്തുന്നു.

7. ഞാൻ ഈ കാട്ടു്, വള്ളിക്കുടിൽ ഇതുകളെ കണക്കാക്കാതെ ഇവിടെ സ്ഥിതിചെയ്യുന്നു. കൃഷ്ണനാകട്ടെ, എന്നെ മനസ്സുകൊണ്ടു സ്മരിക്കപോലും ചെയ്യുന്നില്ല.

8. ശ്രീകൃഷ്ണൻെറ ചരണാരവിന്ദംതന്നെ ശരണമായ ജയദേവകവിയുടെ ഈ കൃതി ശൃംഗാരനിപുണയായ യുവതി എന്നപോലെ മനസ്സിൽ വെച്ചുകൊൾക.

ശ്രീകൃഷ്ണൻ വരാതിരിപ്പാനുള്ള കാരണത്തെ രാധ പലവിധമൂഹിക്കുന്നു.

ശ്ലോകം (47)

തൽ കിം കാമപി കാമിനീമഭിസൃതഃ കിംവാ കലാകേളിഭി–
ർബ്ബദ്ധോ ബന്ധുഭിരന്ധ കാരിണി വനോപാന്തേ കിമു–
ഭ്രാമ്യതി
കാന്തഃ ക്ലാന്തമനാ മനാഗപി പഥി പ്രസ്ഥാതുമേവാക്ഷമഃ
സങ്കേതികൃതമഞ്ജുവഞ്ജുളലതാകുഞ്ജേപിയന്നാഗതഃ

സാരം:– എൻെറ ഭർത്താവായ കൃഷ്ണൻ സ്ഥാനമുറപ്പി

ച്ച നിശ്ചയിച്ചിരുന്ന ഈ മനോഹര വള്ളിക്കുടിലിലും വന്നില്ലല്ലോ. അതു ഏതോ ഒരു സുന്ദരിയുടെ മുമ്പിൽപെട്ടിട്ടോ അഥവാ ബന്ധുക്കളുമായുള്ള വിലാസക്രീഡകളിൽ കുടുങ്ങിയിട്ടോ? അതോ ഇരുളടഞ്ഞ കാട്ടിൽ ചുററിത്തിരിഞ്ഞു് മനോസുഖമില്ലാതെ പുറപ്പെട്ടുവാൻ ശക്തിയില്ലാതെ ക്ഷീണിതനായിട്ടുതന്നെയോ?

ശ്ലോകം (48)

അഥാഗതാം മാധവമന്തരേണ
സഖീമിയം വീക്ഷ്യ വിഷാദമൂകാം
വിശങ്കമാനാ രമിതം കയാപി
ജനാർദ്ദനം ദൃഷ്ടവദേതദാഹ.

സാരം:—കൃഷ്ണനെ കൊണ്ടുവരുവാൻ പോയ സഖി, കൃഷ്ണനെക്കൂടാതെ ദുഃഖിതയായിവരുന്നതുകണ്ടു് രാധ, ഇപ്പോഠം ശ്രീകൃഷ്ണൻ ഏതോ ഒരു സുന്ദരിയോടുകൂടി രമിക്കുന്നതായിക്കണ്ടതുപോലെ പറയുന്നു.

പതിന്നാലാം അഷ്ടപദി.

(കേദാരബന്ധുരാഗം— അടതാളം)

സ്മരസമരോചിതവിരചിതവേഷാ
ഗളിതകുസുമദരവിലുളിതകേശാ
കാപി മധുരിപുണാ വിലസതി യുവതിരധികഗുണാ 1
ഹരിപരിരംഭണചലിതവികാരാ
കുചകലശോപരിതരളിതഹാരാ—കാപി 2
വിചലദളകലളിതാനനചന്ദ്രാ
തദധരപാനരഭസകൃതതന്ദ്രാ—കാപി 3
ചഞ്ചലകുണ്ഡലലളിതകപോലാ
മുഖരിതരശനാജഘനഗതിലോലാ—കാപി 4

ദയിതവിലോകിതലജ്ജിതഹസിതാ
ബഹുവിധകൂജിതരതിരസരസിതാ — കാപി 5
വിപുലപുളകപൃഥുവേപഥുഭംഗാ
ശ്വസിതനിമീലിതവികസദനംഗാ — കാപി 6
ശ്രമജലകണ്ണഭരസുഭരസുഭഗശരീരാ
പരിപതിതോരസി രതിരണധീരാ — കാപി 7
ശ്രീജയദേവഭണിതഹരിരമിതം
കലികലുഷം ജനയതു പരിശമിതം — കാപി 8

സാരം:- മന്മഥകേളിക്ക് യോഗ്യമായ വേഷഭൂഷാദികളോടുകൂടി എന്നേക്കാൾ യോഗ്യയായ ഒരുവൾ ശ്രീകൃഷ്ണനോടുകൂടി, അല്പം കെട്ടഴിഞ്ഞ് പുഷ്പം വീണുപോയ ചികുരഭാരത്തോടുംകൂടി വിനോദിക്കുന്നു.

2. ശ്രീകൃഷ്ണനോടുകൂടിയുള്ള ആലിംഗനംകൊണ്ടു രോമാഞ്ചാദി കാമവികാരങ്ങൾ വർദ്ധിച്ചും സ്തനഭരങ്ങളിൽ കിടന്ന് മുത്തുമാല്യാദിഹാരജാലങ്ങളാടിയും ഒരുത്തി കൃഷ്ണനോടുചേർന്ന് രമിക്കുന്നു.

3. മന്ദസമീരണസമ്പർക്കത്താലും മറ്റുമായി ഇളകിക്കൊണ്ടിരിക്കുന്ന കുറുനിരകളെക്കൊണ്ടു മോഹനമായ മുഖചന്ദ്രനോടും, അദ്ദേഹത്തിന്റെ അധരാമൃതമാസ്വാദിച്ചുണ്ടായ ആനന്ദാതിശയത്തിൽ മുഴുകിയും, മയങ്ങിയും ഒരുത്തി മന്മഥലിലയിൽ ലയിക്കുന്നു.

4. ഇളകിക്കൊണ്ടിരിക്കുന്ന കുണ്ഡലങ്ങളാൽ മനോഹരമായ കുണ്ഡലങ്ങളോടും പ്രതിഫലിക്കുന്ന കവിൾത്തടത്തോടും, ശബ്ദിക്കുന്ന അരഞ്ഞാളോടുചേർന്ന ജഘനപ്രദേശത്തിന്റെ ഇളക്കത്തോടും അത്യന്തം കൌതുകത്തോടുകൂടിയും ഒരുവൾ രമിക്കുന്നു.

5. പ്രാണേശനായ കൃഷ്ണൻെറ സവ്വാംഗസൂക്ഷ്മ നിരീക്ഷണംകൊണ്ടു് ഉണ്ടായ ലജ്ജയോടും പുളകങ്ങളോടും പലവിധത്തിലുള്ള കാമകേളിസീൽക്കാരത്തോടും, ക്രീഡാരസത്താലുളവാകുന്ന ഒരുവിധ ശബ്ദകോലാഹലങ്ങളോടുംകൂടി ഒരുവഠം രതിക്രീഡയിൽ മുഴുകിയിരിക്കുന്നു.

6. വദ്ധിച്ച വ്യാപിച്ചിട്ടുള്ള രോമാഞ്ചങ്ങളോടും, വിറയലും നെടുവീപ്പും മീതെമീതെ വന്നു കയറിയും കണ്ണുകളടച്ചും കാമം വദ്ധിച്ചും ഒരുവഠം തന്നെത്താൻ മറന്നു രമിക്കുന്നു.

7. കാമകേളിയാലുണ്ടായ അത്യദ്ധ്വാനത്താൽ വിയപ്പുതുള്ളികളെക്കൊണ്ടു് മനോഹര ശരീരകാന്തിയോടും, സുരതരണത്തിൽ ധൈയ്യശാലിയായി രണമാടി ഹരിയുടെ മാറിൽ ശയിച്ചു് ഒരുവഠം സാമത്ഥ്യത്തോടെ രമിക്കുന്നു

8. ശ്രീജയദേവകവി നിമ്മിച്ച ഈ കൃഷ്ണമന്മഥരണം കലിദോഷത്തെ തിക്കമാറാകട്ടെ.

ശ്ലോകം (49)

വിരഹപാണ്ഡു മുരാരിമുഖാംബുജ-
ദ്യുതിരയം തിരയന്നപി വേദനാം
വിധുരതിവ തനോതി മനോഭുവഃ
സുഹൃദയേ ഹൃദയേ മദനവ്യഥാം.

സാരം:- ഹേ സഖി! എൻെറ വേർപാടുകൊണ്ടു വിളന്ന് ശ്രീകൃഷ്ണൻെറ മുഖാരവിന്ദത്തിൻെറ ശോഭയോടു സാദൃശ്യമുള്ള കാമൻെറ ബന്ധുവായ ഈ ചന്ദ്രൻ വിരഹദുഃഖത്തെ മാറ്റുന്നുണ്ടെങ്കിലും, ഈ താരപതി കാമൻെറ ബന്ധുവാകയാൽ എനിക്കു കാമാത്തിയേ വളത്തുന്നു.

## പതിനഞ്ചാം അഷ്ടപദി.

(മുഖാരിരാഗം—അടതാളം)

സമുദിതമദനേ രമണീവദനേ ചുംബനവലിതാധരേ
മൃഗമദതിലകം ലിഖതിസപുളകം മൃഗമിവരജനീകരേ
രമതേ യമുനാപുളിനവനേ വിജയീ മുരാരിരധുനാ: 1
ഘനചയരുചിരേ രചയതി ചികുരേ തരളിതതരുണാനനേ
കുരവകകുസുമം ചപലാസുഷമം രതിപതിമൃഗകാനനേ–
രമതേ. 2
ഘടയതി സുഘനേ കുചയുഗഗഗനേ മൃഗമദരുചിഭൂഷിതേ
മണിസരമമലം താരകപടലം നഖപദശശി ഭൂഷിഃതേ–
രമതേ. 3
ജിതബിസശകലേ മൃദുഭുജയുഗളേ കരതലനളിനീദളേ
മരതകവലയം മധുകരനിചയം വിതരതി ഹിമശീതളേ–
രമതേ. 4
രതിഗൃഹജഘനേ വിപുലാപഘനേ മനസിജകനകാസനേ
മണിമയരശനം തോരണഹസനം വികിരതി കൃതവാ–
സനേ—രമതേ. 5
ചരണകിസലയേ കമലാനിലയേ നഖമണിഗണപൂജിതേ
ബഹിരപവരണം യാവകഭരണം ജനയതി ഹൃദി യോ–
ജിതേ–രമതേ. 6
രമയതി സുദൃശം കാമപി സുദൃശം ഖലഹലധരസോദരേ
കിമഫലമവസം ചിരമിഹ വിരസം വദ സഖി! വിടപോ–
ദരേ–രമതേ 7
ഇഹ രസഭണനേ കൃതഹരിഗുണനേ മധുരിപുപദസേ–
വകേ
കലിയുഗചരിതം ന വസതു ദുരിതം കവിനൃപജയദേവഃകേ–
രമതേ. 8

സാരം:- 1. ഇപ്പോഠം ജയശീലനായ കൃഷ്ണൻ യമുനാതീരത്തിലുള്ള കാട്ടിൽവെച്ചു ക്രീഡിക്കുന്നു. അദ്ദേഹം കാമാൎത്തിയാൽ ചുംബനത്തിന്നു നേരിട്ടു കാണിച്ച് അകത്തേക്കു ചുരുക്കുന്ന അധരത്തോടുകൂടിയ സുന്ദരിയുടെ മുഖത്തിൽ ചന്ദ്രനിലെ മൃഗത്തെ എന്നപോലെയുള്ള കസ്തൂരിതിലകം രോമാഞ്ചഭാരത്തോടുകൂടി എഴുതുന്നു

2. കാൎമ്മേഘനിരകളെപ്പോലെ മനോഹരവും, യുവവൃന്ദങ്ങളുടെ മനസ്സിനെ ഇളക്കുന്നതും, കാമനാകുന്ന മൃഗത്തിൻെറ വിനോദസ്ഥാനമായ കാടായും വിളങ്ങുന്ന അവളുടെ ചികരഭാരത്തിൽ മിന്നലെന്നപോലെ ശോഭയുള്ള ചെങ്കുറുഞ്ഞികുസുമം ചൂടിക്കുന്നു.

3. ഏററവും ഇടതിങ്ങിയതും കസ്തൂരി പൂശിയതും നഖഖേലനകാന്തിയാകുന്ന ചന്ദ്രൻ അലങ്കരിക്കപ്പെട്ട സ്തനഭരമാകുന്ന ആകാശത്തിൽ മുത്തുകളാകുന്ന താരാജാലങ്ങളെ ചേൎത്തിണക്കുന്നു.

4. താമരത്തണ്ടിനേക്കാഠം മാൎദ്ദവമുള്ള ഉള്ളംകയ്യാകുന്ന താമരദളങ്ങളോടും മഞ്ഞുപോലെ കുളുത്ത മനോഹരങ്ങളായ രണ്ടു കൈകളിലും കങ്കണജാലമാകുന്ന വണ്ടിൻ കൂട്ടങ്ങളേയും ധരിച്ചിരിക്കുന്നു.

5. കാമൻെറ സ്വൎണ്ണസിംഹാസനമായും വിസ്താരമേറിയ അവയവങ്ങളോടുകൂടിയും സുഗന്ധദ്രവ്യങ്ങളാൽ അലങ്കരിക്കുന്നതായും ശൃംഗാരരസത്തിൻെറ ഇരിപ്പിടമായുമുള്ള ജഘനത്തിൽ മംഗളമാലയെ ഹസിക്കുന്ന—പുച്ഛിക്കുന്ന—രത്നമയമായ അരഞ്ഞാൺ അണിയിക്കുന്നു.

6. ശ്രീദേവിക്കിരിപ്പിടമായും നവപംക്തികളാകുന്ന രത്നസമൂഹങ്ങളാലലങ്കരിക്കപ്പെട്ടതായും ഉള്ള കാൽത്താർ

ഹൃദയസരോജത്തിൽ ചേർത്തു അതിലെല്ലാം ചെമ്പിന്നിച്ചാർ തേയ്ക്കുന്നു.

7. ഈവിധം സ്നേഹമില്ലാത്ത ആ ബലഭദ്രാനുജൻ ഒരു സുന്ദരിയെ ഏററവും രമിപ്പിക്കുമ്പോൾ, അല്ലയോ സഖി! നീ പറയൂ! ഞാൻ ഈ വള്ളിക്കുടിലിനുള്ളിൽ നിരാശാഗത്തത്തിൽ താണും പൊങ്ങിയും യാതൊരു ഫലവുമില്ലാതെ എന്തിനു താമസിച്ചു?

8. ശ്രീകൃഷ്ണപാദഭക്തനും മഹാകവിയുമായ ശ്രീ ജയദേവകവി ശ്രീകൃഷ്ണന്റെ മാഹാത്മ്യങ്ങളെ വിവരിച്ചും ശ്രീകൃഷ്ണന്റെ തൃപ്പാദങ്ങളെ സേവിച്ചുംകൊണ്ടു വിരചിതമായ ഈ ഗാനം കലിയുഗത്തിന്നു പുണ്യമായിത്തീരട്ടെ.

രാധ അസൂയാകലുഷിതയായിക്കൊണ്ടു സഖിയോടു പറയുന്നു:

ശ്ലോകം (50)

നായാതഃ സഖി നിർദ്ദയോ യദി ശഠസ്ത്വം ദൂതി കിന്ദൂയസേ
സ്വച്ഛന്ദം ബഹുവല്ലഭഃ സ രമതേ കിം തത്ര തേ ദൂഷണം
പശ്യാദ്യപ്രിയസംഗമായ ദയിതസ്യാ കൃഷ്യമാണം
ഗുണൈ-
രുൽക്കണ്ഠാർത്തിഭരാദിവ സ്ഫുടദിദം ചേതഃ സ്വയം
യാസ്യതി.

സാരം:— അല്ലയോ സഖി! ദയയില്ലാത്തവനും ദുഷ്ടനുമായ കൃഷ്ണൻ വന്നില്ലെങ്കിൽ നീ ദുഃഖിക്കുന്നതെന്തിന്? അദ്ദേഹം വളരെ ഭാര്യമാരോടുചേന്ന് ഇഷ്ടംപോലെ ക്രീഡിക്കുന്നു. അതിൽ നിനക്കെന്തു കുററം? ഭത്താവിന്റെ സൌന്ദര്യാദിഗുണഗണങ്ങളാൽ ആകർഷിക്കപ്പെട്ട് പ്രേമാധിക്യത്താൽ പൊട്ടിപ്പോകുമോ എന്നു തോന്നുംവിധം ഇരിക്കുന്ന എന്റെ മനസ്സ് ഇതാ പ്രിയകൃഷ്ണന്റെ സംഗമ

ത്തിന്നായി ഞാൻ തന്നെത്തന്നെ പോകും—ഞാൻ സ്വ യമായിത്തന്നെ പോകും— ഇപ്പോൾതന്നെ മരിക്കും.

അനന്തരം രാധ കൃഷ്ണസംയോഗം സിദ്ധിപ്പാൻ ഭാഗ്യംചെയ്ത സ്ത്രീയുടെ സുഖാനുഭവത്തെ വർണ്ണിക്കുന്നു:

പതിനാറാം അഷ്ടപദി.

(പുന്നാഗരാഗം—അടതാളം)

അനിലതരളകുവലയനയനേന
തപതി ന സാ കിസലയശയനേന
സഖി യാ രമിതാ വനമാലിനാ 1
വികസിതസരസിജലളിതമുഖേന
സ്ഫുടതി ന സാ മനസിജവിശിഖേന—
സഖി യാ രമിതാ 2
അമൃതമധുരമൃദുതരവചനേന
ജ്വലതി ന സാ മലയജപവനേന—സഖിയാ രമിതാ 3
സ്ഥലജലരുഹരുചികരചരണേന
ലുഠതി ന സാ ഹിമകരകിരണേന—സഖി യാ രമിതാ 4
സജലജലദസമുദയരുചിരേണ
ദളതി ന സാ ഹൃദി വിരഹഭരേണ—സഖി യാ രമിതാ 5
കനകനികഷരുചിശുചിവസനേന
ശ്വസിതി ന സാ പരിജനഹസനേന—സഖി യാ രമിതാ
സകലഭുവനജനവരതരുണേന 6
വഹതി ന സാരുജമതികരുണേന-സഖി യാ രമിതാ 7
ശ്രീജയദേവഭണിതവചനേന
പ്രവിശതു ഹരിരപി ഹൃദയമനേന—സഖി യാ രമിതാ 8

സാരം:—1. ഹേ സഖി! കാററിനാലിളകുന്ന നീലോല്പലസദൃശമുള്ള നേത്രങ്ങളോടുകൂടിയ കൃഷ്ണനോടൊരു

മിച്ച് ഏതൊരുവൾ രമിച്ചുവോ അവൾ പൂമെത്തയിൽ കിടക്കുന്നതുകൊണ്ടു ഞാൻ വ്യസനിക്കുന്നില്ല.

2. വിടൎന്ന താമരദളംപോലെ മോഹനമായ മുഖകാന്തിയോടുകൂടിയ കൃഷ്ണനോടുകൂടി ഏതൊരുത്തി രമിച്ചുവോ അവൾ കാമന്റെ കണകളാൽ പിളരുന്നില്ല.

3. അമൃതിനേക്കാൾ മനോഹരവും കോമളവുമായ വചോധാടിയോടുചേൎന്ന കൃഷ്ണനൊരുമിച്ച് ഏതൊരുവൾ രമിക്കുന്നുവോ അവൾ മലയവായുവിനാൽ ദഹിക്കുന്നില്ല.

4. സ്ഥലപത്മമെന്നപോലെ മനോഹരങ്ങളായ കരചരണങ്ങളോടുകൂടിയ ശ്രീകൃഷ്ണനോടുകൂടി ഏതൊരുത്തി രമിച്ചുവോ അവൾ പൂനിലാവേററ് കിടന്നുരുളുന്നില്ല.

5. കാൎമ്മേഘകാന്തിയേ കവരുന്ന ശരീരകാന്തിയോടുകൂടിയ കൃഷ്ണനോടുകൂടി ഏതൊരുത്തി രമിച്ചുവോ അവൾക്കു വിരഹദുഃഖംകൊണ്ട് ഹൃദയം പിളരുന്നില്ല.

6. സുവൎണ്ണം മാററുരയ്ക്കുന്ന കല്ലിന്റെ ശോഭയേക്കാൾ തേജസ്സായങ്ങുന്ന് വസ്ത്രധാരണം ചെയ്തിട്ടുള്ള കൃഷ്ണനോടുകൂടെ യാവളൊരുത്തി രമിച്ചുവോ അവൾ ചുററുമുള്ളവരുടെ പരിഹാസംകൊണ്ടു ഉഛ്വാലനിശ്വാസം വിടുന്നില്ല.

7. സൎവ്വലോകങ്ങളിലുമുള്ള യുവാക്കന്മാരിൽവെച്ച് ശ്രേഷ്ഠയുവാവായും ദയാലുവായുമിരിക്കുന്ന ശ്രീകൃഷ്ണനോടുകൂടെ ഏതൊരുത്തി രമിച്ചുവോ അവൾ വിരഹദുഃഖം അനുഭവിക്കുന്നില്ല.

8. ശ്രീ ജയദേവരാൽ വൎണ്ണിച്ചിട്ടുള്ള വാക്‌സ്വരൂപമായ ഈ ഗാനത്താൽ ശ്രീകൃഷ്ണൻ ഹൃദയത്തിൽ വിളങ്ങട്ടെ.

രാധാദേവി മലയമാരുതനെപ്പററിപ്പറയുന്നു:-

ശ്ലോകം (51)

മനോഭവാനന്ദ ചന്ദനാനില
പ്രസീദ മേ ദക്ഷിണ മുഞ്ച വാമതാം
ക്ഷണം ജഗൽപ്രാണ വിധായ മാധവം
പുരോ മമ പ്രാണഹരോ ഭവിഷ്യസി.

സാരം:_ മദനാനന്ദത്തെ സദയമരുളുന്ന തെക്കൻകാറേ! നീ എനിക്കുവേണ്ടി പ്രസാദിച്ചാലും! അല്ലയോ കാമദേവനെ പ്രസാദിപ്പിക്കുന്ന മലയമാരുതാ! ദക്ഷിണദേശജാത! പരോപകാരതല്പരനെ! അങ്ങ് പ്രതികൂലഭാവനയെ ഉപേക്ഷിക്കുക. അല്ലയോ ലോകങ്ങൾക്കു ജീവനെ നൽകുന്ന മഹാപ്രഭോ! അങ്ങ് ശ്രീകൃഷ്ണനെ എൻെറ മുമ്പിൽ തെല്ലുനേരം നിത്തിട്ട് പിന്നെ എൻെറ ജീവനെ ഹനിച്ചാലും.

വീണ്ടും തൻെറ വിരഹാവസ്ഥയെക്കുറിച്ചു രാധ സഖിയോടു പറയുന്നു:_

ശ്ലോകം (52)

രിപുരിവ സഖീസംവാസോയം ശിഖീവ ഹിമാനിലോ
വിഷമിവ സുധാരശ്മിയ്യസ്മിന്ദുനോതി മനോഗതേ
ഹൃദയമദയേ തസ്മിന്നേവം പുനവ്വലതേ ബലാൽ
കുവലയദൃശാം വാമഃ കാമോ നികാമനിരങ്കുശഃ

സാരം:_ അല്ലയോ സഖി! ശ്രീകൃഷ്ണൻ ഇല്ലാത്തസമയം സഖീജനസഹവാസം ശത്രുസംസൎഗ്ഗം എന്നപോലെയും, തണുത്ത കാററ് അഗ്നിയെപ്പോലെയും, അമൃതുസമനായ ചന്ദ്രൻ വിഷമെന്നപോലെയും എൻെറ മനസ്സിനെ വേദനിപ്പിക്കുന്നു. എന്നെ ഇത്രയും ദുഃഖിപ്പിക്കുന്ന നിർദ്ദയനായ ആ ശ്രീകൃഷ്ണനെ എൻെറ മനസ്സ് എന്നെ വകവെ

യ്ക്കാതെ പിന്നേയും പിന്നേയും ചുററിത്തിരിയുന്നു. എങ്ങും തടസ്ഥമില്ലാത്ത കാമൻ സുന്ദരിമാക്ക ശത്രുവാകുന്നു. അല്ലെങ്കിൽ ആ ശ്രീകൃഷ്ണനെ സംബന്ധിച്ച് ആ പുഷ്പായുധൻ എൻെറ മനസ്സിനെ പിന്നേയും പ്രേരിപ്പിക്കുമോ?

രാധാദേവി കാമവികാരമഗ്നയായിക്കൊണ്ടു വീണ്ടും പറയുന്നു:

ശ്ലോകം (53)

ബാധാം വിധേഹി മലയാനില പഞ്ചബാണ
പ്രാണാൻ ഗൃഹാണ ന ഗൃഹം പുനരാശ്രയിഷ്യേ
കിന്തേ കൃതാന്തഭഗിനി! ക്ഷമയാ തരംഗൈ-
രംഗാനി സിഞ്ച മമ ശ്യാമതു ദേഹദാഹഃ.

സാരം:- ഹേ മലയമാരുത! നീയെന്നെ ഉപദ്രവിച്ചു കൊള്ളുക എൻെറ ഗൃഹത്തിലേയ്ക്കു ഞാനിനി മടങ്ങിപ്പോകുമെന്നു നിങ്ങൾ വിചാരിക്കേണ്ട. കൃഷ്ണൻ കൂടാതെ ഞാനാരിലും പോകയില്ല. യമസോദരിയായ ഹേ കാളിന്ദി! നിൻെറ ക്ഷമകൊണ്ടെന്തു പ്രയോജനം? നീ ക്ഷമിച്ചിരിക്കേണ്ട. നിൻെറ കല്ലോലമാലകളാൽ എന്നെ നനച്ചു കൊൾക. വിരഹംനിമിത്തമുണ്ടായ എൻെറ ഈ ശരീര ദുഃഖം നശിക്കട്ടെ -ചുട്ടുനീറൽ ശമിക്കട്ടെ.

കവിവാക്യം — സർഗ്ഗാന്തമംഗളം.

ശ്ലോകം 54)

പ്രാതന്നീലനിചോളമച്ച്യുതമുരസ്സംവീതപീതാംബരം
രാധായാശ്ചകിതം വിലോക്യ ഹസതിസൈ്വരം സഖീ
മണ്ഡലേ
വ്രീളാചഞ്ചലമഞ്ചലം നയനയോരാധായ രാധാനനേ
സ്മേരമുഖോയമസ്തു ജഗദാനന്ദായ നന്ദാത്മജഃ.

സാരം:- പ്രഭാതത്തിൽ ശ്രീകൃഷ്ണനെ നീലപ്പട്ടിനാൽ മുഖം മറച്ചും മഞ്ഞപ്പട്ടിനാൽ മാറിനെ മറച്ചും കണ്ടിട്ട്

സഖിമാർ സന്തോഷഭാവനയിൽ ചിരിക്കുമ്പോഠം, നാണംകൊണ്ടാട്ടുന്ന കടക്കണ്ണു് രാധയെ കടാക്ഷിച്ചു് ഗൂഢമായി ദൂരത്തുനിന്നു പുഞ്ചിരിതൂകിയ നന്ദജനായ ശ്രീകൃഷ്ണഭഗവാൻ ലോകത്തിന്നു നന്മയെ അരുളട്ടെ.

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം
ഏഴാം സർഗ്ഗം
സമാപ്തം.

---

വിലക്ഷ്മലക്ഷ്മിപതി എന്ന

## എട്ടാം സർഗ്ഗം.

ശ്ലോകം (55)

അഥ കഥമപി യാമിനിം വിനിയ
സ്മരശരജജ്ജരിതാപി സാ പ്രഭാതെ
അനുനയവചനം വദന്തമഗ്രേ
പ്രണതമപി പ്രിയമാഹ സാഭ്യസൂയം.

സാരം:_ അനന്തരം, കാമദേവൻെറ ബാണഗണങ്ങളാൽ രാധ ഏററവും ദുഃഖിതയാണെങ്കിലും എത്രയോ പ്രയാസപ്പെട്ടു് നിശാദേവിയെ തള്ളിവിട്ടു. പ്രഭാതത്തിൽ അവളുടെ പ്രേയാനായ കൃഷ്ണൻ മുമ്പിൽവന്നു് സാമ്യവാക്കുകഠം പറയുവാൻ തുടങ്ങി. ഈർഷ്യയോടെ അവഠം അദ്ദേഹത്തോടു പറഞ്ഞു:

പതിനേഴാം അഷ്ടപദി.
(മലഹരിരാഗം—രൂപകതാളം)

രജനിജനിതഗുരുജാഗരരാഗകഷായിതമലസ നിമേഷം
വഹസിനയനമനുരാഗമിവ സ്ഫുടമുദിതരസാഭിനിവേശം

യാഹി മാധവ യാഹി കേശവ മാ വദ കൈതവവാദാം
താമനുസര സരസീരുഹലോചന യാ തവ ഹരതി
വിഷാദ. 1

കജ്ജളമലിനവിലോചന ചുംബനവിരചിതനീലിമരൂപം
ദശനവസനമരുണം തവ കൃഷ്ണ തനോതി തനോരനു-
രൂപം— യാഹി മാധവ 2

വപുരനുസരതി തവ സ്മരസംഗരനവനഖരക്ഷതരേഖം
മരതകശകലകലിതകളധൌതലിപേരിവ രതിജയലേഖം
—യാഹി മാധവ 3

ചരണകമലഗളദലക്തകസിക്തമിദംതവ ഹൃദയമുദാരം
ദശ്യതിവ ബഹിർമ്മദനദ്രുമനവകിസലയപരിവാരം
—യാഹി മാധവ. 4

ദശനപദം ഭവദധരഗതം മമ ജനയതി ചേതസി ഖേദം
കഥയതി കഥമധുനാപി മയാ സഹ തവ വപുരേതദഭേദം
—യാഹി മാധവ. 5

ബഹിരിവ മലിനതരം തവകൃഷ്ണ! മനോപി ഭവിഷ്യ
തി നൂനം
കഥമഥ വഞ്ചയസേ ജനമനുഗതമസമശരജ്വരദൂനം
—യാഹി മാധവ. 6

ഭ്രമതി ഭവാനബലാകബളായ വനേഷു കിമത്ര വിചിത്രം
പ്രഥയതി പൂതനികൈവ വധൂവധനിർദ്ദയ! ബാലചരിത്രം
—യാഹി മാധവ. 7

ശ്രീജയദേവഭണിതരതിവഞ്ചിതഖണ്ഡിതയുവതിവിലാപം
ശൃണുത സുധാമധുരം വിബുധാ വിബുധാ ലയതോപി
ദുരാപം —യാഹി മാധവ. 8

സാരം:- 1. അല്ലയോ മാധവ! അങ്ങു പോയാലും കള്ളവാക്കു പറയരുതേ! നിശാകാലത്തിൽ ക്രീഡാവിനോ

ദങ്ങളിൽ ഉറക്കമൊഴിച്ച കാരണം ചുകന്നിരിക്കുന്നതും കലങ്ങിയിരിക്കുന്നതും തെല്ലടഞ്ഞിരിക്കുന്നതുമായ അങ്ങയുടെ കണ്ണുകണ്ടാൽ രസാഭിനിവേശത്തോടുകൂടിയും മൂൎത്തിമത്തായ അനുരാഗമോ എന്നു തോന്നുംവിധവുമിരിക്കുന്നു.

2. ഹേ താമരക്കണ്ണ! ഏതൊരുത്തി അങ്ങയുടെ ദുഃഖം മാററുന്നുവോ അവളുടെ അടുത്തു പൊയ്ക്കൊൾക. തുടുപ്പാൎന്ന അങ്ങയുടെ അധരം ഹേ കൃഷ്ണ! മഷി എഴുതിയ കണ്ണിൽ ചുംബിക്കയാൽ നീലനിറമായി അങ്ങയുടെ ശരീരാഭയോടു തുല്യത വഹിക്കുന്നു.

3. കാമനോടു പടവെട്ടിയതിൽനിന്നുൽഭൂതമായ നഖവ്രണരേഖ അങ്ങയുടെ ദേഹം പച്ചക്കല്ലിൽ വരച്ച സുവൎണ്ണലിപികളോടുകൂടിയ രതിക്രീഡാ ബിരുദപത്രത്തെപ്പോലെ വിളങ്ങുന്നു.

4. പാദപത്മത്തിൽനിന്നൊഴുകുന്ന ചെമ്പിനീർച്ചാറാൽ നനഞ്ഞ ഹൃദയഭാഗം കാമനാകുന്ന വൃക്ഷത്തിൻെറ തളിർക്കൂട്ടത്തെ പുറത്തേക്കുകാണിക്കുന്നുവോ എന്നു തോന്നും

5. ഭവാൻെറ ചുണ്ടിൽകാണുന്ന ദന്തക്ഷതം എനിക്കു ദുഃഖത്തെ വളൎത്തുന്നു. അങ്ങയുടെ ഈ ദേഹം എൻെറ ശരീരത്തോടു അന്യമായി തോന്നിക്കുന്നതു് എങ്ങിനെയാണു്?.

6. ഹേ കൃഷ്ണ! അങ്ങയുടെ ഹൃദയവും പുറംപോലെ കറുത്തതന്നെയിരിക്കും — മലിനമായിത്തന്നെയിരിക്കും, തീൎച്ചതന്നെ. അല്ലെങ്കിൽ കാമാൎത്തകളായി പിമ്പേ വന്നിട്ടുള്ളവരെ വഞ്ചിക്കുമോ?

7. സ്ത്രീവധതല്പരനായ അങ്ങു് കാടുകളിൽ ചുററുന്നതു് സ്ത്രീകളെ വിഴുങ്ങുവാനായിട്ടാണു്. ഇതിലത്ഭുതപ്പെടാനില്ല; അതു് പൂതനയെക്കൊന്ന അങ്ങയുടെ ബാല്യദശ പ്രത്യക്ഷപ്പെടുത്തുന്നുമുണ്ടല്ലോ.

8. അല്ലയോ വിദ്വൽകേസരികളെ! അമൃതിനേക്കാഠം മധുരവും സ്വർഗ്ഗത്തിൽ സുദുർല്ലഭമായതും ശ്രീ ജയദേവരാൽ വർണ്ണിക്കപ്പെട്ടതുമായ, രതിക്രീഡയിൽ വഞ്ചിച്ച ഖണ്ഡിതനായികയായ രാധയുടെ സങ്കടവാർത്തകളെ —പരുഷവാക്കുകളെ കേട്ടാലും.

രാധ കോപത്തോടെ ശ്രീകൃഷ്ണനെ ശകാരിക്കുന്നു:

ശ്ലോകം (56)

തവേദം പശ്യന്ത്യാഃ പ്രസരദനുരാഗം ബഹിരിവ
പ്രിയപാദാലക്തച്ഛുരിതമരുണദ്യോതി ഹൃദയം
മമാദ്യ പ്രഖ്യാതപ്രണയഭരഭംഗേന കിതവ!
ത്വദാലോകശ്ശോകാദപി കിമപി ലജ്ജാം ജനയതി.

സാരം:– ഹേ ധൂർത്ത! പ്രേയസിയുടെ കാലിൽനിന്നു ചെമ്പിന്നിച്ചാർ പുരണ്ട് ചുകന്നിരിക്കുന്നതും അവളോടു ള്ള അനുരാഗം അകംനിറഞ്ഞു പുറത്തേയ്ക്കു പുറപ്പെട്ടതോ എന്നു തോന്നുംവിധമിരിക്കുന്നതും ആയ അങ്ങയുടെ ഉരസ്സിനെ കാണുമ്പോഠം, എന്നോടുണ്ടായിരുന്ന അതിപ്രേമം ഉപേക്ഷിച്ചതിനാലുള്ള വ്യസനത്തേക്കാളധികം വലിയ നാണക്കേടാണ് എനിക്കുണ്ടാകുന്നത്.

കവിവാക്യം–സർഗ്ഗാന്തമംഗളം:–

ശ്ലോകം (57)

അന്തർമ്മോഹനമൌലിഘൂർണ്ണനചലന്മന്ദാരവിസ്രംസനഃ
സ്തബ്ധാകർഷണലോചനോത്സവമഹാമന്ത്രഃ കുരംഗീദൃശാം
ദൃപ്യദ്ദാനവദൂയമാനദിവിഷദ്ദുർവ്വാരദുഃഖാപദാം–
ഭ്രംസഃ കംസരിപോഃ പ്രഃരോപയതു വഃ ശ്രേയാംസി വംശീരവഃ

സാരം:– ഉർവ്വശിരംഭാദി ദിവ്യസ്ത്രീകളുടെ ഹൃദയത്തെ മോഹിപ്പിച്ച് രസിച്ചു തലകുലുക്കുമ്പോഠം ശിരസ്സിൽനിന്നു മന്ദാരസൂനങ്ങഠം വീഴുന്നതും, സംസാരമുക്തന്മാരായ

മുനികളേയും അഥവാ അമരങ്ങളായ വൃക്ഷാദ്യങ്ങളേയും കൂടി അടുത്തുവരുത്തി ശ്രീകൃഷ്ണൻെറ ദശ്നത്താലും മ ററും നേത്രാനന്ദമരുളുന്നതുമായ ആ ശ്രീകൃഷ്ണൻെറ വേ ണുനാദം ഈ ഗ്രന്ഥം പഠിക്കുന്നവക്കെന്നുംവേണ്ട, കേഠംക്കു ന്നവക്കും ധമ്മാത്ഥകാമമോക്ഷങ്ങഠം സിദ്ധമാകട്ടെ.

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം
എട്ടാംസർഗ്ഗം സമാപ്തം.

---

മുഗ്ധമുകുന്ദം എന്ന

## ഒമ്പതാം സർഗ്ഗം

---

ശ്ലോകം (58)

താമഥ മന്മഥഖിന്നാം
രതിരസഭിന്നാം വിഷാദസമ്പന്നാം
അനുചിന്തിതഹരിചരിതാംന്ന
കലഹാന്തരിതാമുവാച രഹസി സഖീ.

സാരം:- അനന്താം ധൂത്തനായ കാമൻ ക്ലേശമരുളു ന്നതുകൊണ്ടും, രതിക്രീർഡയിലുള്ള ആമോദത്താൽ കുഴ ങ്ങിയും, നിറഞ്ഞ നിരാശയോടുകൂടിയും, ശ്രീകൃഷ്ണമാഹാ ത്മ്യത്തെ അധീതചിന്തനംചെയ്തും ഇരിക്കുന്ന കലഹാന്ത രിതയായ രാധയോടു ആരുമില്ലാത്ത സ്ഥലത്തുവെച്ച് സഖിപറഞ്ഞു:

പതിനെട്ടാം അഷ്ടപദി.

(മദ്ധ്യമാദി രാഗം —ഏകതാളം)

ഹരിരഭിസരതി വഹതി മധുപവനേ
കിമപരമധികസുഖം സഖി ഭുവനേ
മാധവേ മാ കുരുരു മാനനി! മാനമയേ! (1)

താലഫലാദപി ഗുരുമതിസരസം
കിം വിഫലീകുരുഷേ കുചകലശം —മാധവേ. (2)
കതി ന കഥിതമിദമനുപദമചിരം
മാ പരിഹര ഹരിമതിശയരുചിരം—മാധവേ. (3)
കിമിതി വിഷീദസി രോദിഷി വികലാ
വിഹസതി യുവതിസഭാ തവ സകലാ—മാധവേ (4)
മൃദുനളിനീദളശീതളശയനേ
ഹരിമവലോകയ സഫലയ നയനേ—മാധവേ (5)
ജനയസി മനസി കിമിതിഗുരു ഖേദം
ശൃണു മമ വചനമനീഹിതഭേദം—മാധവേ. (6)
ഹരിരുപയാതു വദതു ബഹുമധുരം
കിമിതി കരോഷി ഹൃദയമതിവിധുരം—മാധവേ. (7)
ശ്രീജയദേവഭണിതമതിലളിതം
സുഖയതു രസികജനം ഹരിചരിതം—മാധവേ. (8)

സാരം:- അല്ലയോ അഭിമാനിയായവളെ! നീ കൃഷ്ണനോടു വെറും അഭിമാനം നടിക്കരുതു്. ശ്രീകൃഷ്ണൻ വസന്തമാരുതന്റെ ആരംഭത്തോടുകൂടി നിന്റെ സമീപമെത്തും. ഹേ സഖി! ലോകത്തിൽ എന്തു സുഖമാണ് ഇതിൽ പരമമുള്ളതു്?

2. നീ കരിമ്പനക്കായയേക്കാൾ കാഠിന്യമുള്ള ഉറച്ച മുതലകളെ എന്തിനു പാഴാക്കിക്കളയുന്നു?

3. ഞാൻ നിന്നോടു് തുടച്ചയായി എത്ര പരിവത്തി പറഞ്ഞു. മനോമോഹനനായ ശ്രീകൃഷ്ണനെ നീ ഉപേക്ഷിക്കല്ലേ!

4. നീയെന്തിനു ദുഃഖിക്കുകയും ക്ഷീണിതയായി നിലവിളിക്കയും ചെയ്യുന്നു? നിന്റെ ഈവക ചാപല്യം, കണ്ടു നില്ക്കുന്നവക്കു പരിഹാസത്തിനു കാരണമായിത്തീരുന്നു—അവർ ചിരിക്കതന്നെ ചെയ്യുന്നു.

5. നീ മാർദ്ദവത്തോടുകൂടിയ താമരദളങ്ങളെക്കൊണ്ടുണ്ടാക്കിയ തണുന്ന ശയ്യയിൽ ശ്രീകൃഷ്ണനെ ഇരുത്തി നിൻെറ നേത്രങ്ങൾക്കു തൃപ്തിയരുളുക.

6. നീ എന്തിനായി മനസ്സിനെ വേദനിപ്പിക്കുന്നു നിങ്ങളുടെ ഭിന്നതയെ ആഗ്രഹിക്കാത്ത എൻെറ വാക്കുകളെ നീയനുസരിക്കുക.

7. ശ്രീകൃഷ്ണൻ നിൻെറ അടുക്കൽ എത്തും; മധുരമായി ഭാഷിക്കും. നീയെന്തിനാണ് ഇപ്രകാരം ചിന്താഭാരം വഹിക്കുന്നത്? — ദുഃഖിക്കുന്നത്?

8. ശ്രീജയദേവരാൽ വർണ്ണിക്കപ്പെട്ടതും അതിമനോഹരവുമായ — ലളിതവുമായ — ഈ ശ്രീകൃഷ്ണചരിതം രസികന്മാരെ സുഖിപ്പിക്കട്ടെ

അനന്തരം രാധയുടെ കോപസ്വഭാവത്തെ സഖി നിന്ദിക്കുന്നു.

ശ്ലോകം (59)

സ്നിഗ്ധേ യൽ പരുഷാസി യൽ പ്രണമതി സ്തബ്ധാസി-
യദ്രാഗിണി
ദ്വേഷസ്ഥാസി യദുൻമുഖേ വിമുഖതാംപ്രാപ്താസി തസ്മിൻ
പ്രിയേ
തദ്യുക്തം വിപരീതകാരിണി തവ ശ്രീഖണ്ഡചർച്ചാവിഷം
ശീതാംശു സ്തപനോ ഹിമം ഹുതവഹഃ ക്രീഡാമുദോ-
യാതനാഃ

സാരം:- പ്രിയമുള്ള ആ ശ്രീകൃഷ്ണൻ പ്രിയത്തോടുകൂടിയിരിക്കുമ്പോൾ നീ പരുഷഭാവനയിൽ വർത്തിക്കുന്നതെന്തിന്? അദ്ദേഹം നിന്നെ നമസ്കരിക്കുമ്പോൾ ഒരു ചഞ്ചലവുംകൂടാതെ നീ നില്ക്കുന്നു. അദ്ദേഹം അനുരാഗത്തോടെ കടാക്ഷിക്കുമ്പോൾ നീ കോപാവേശത്തോടെയിരിക്കുന്നു. അദ്ദേഹം ഉത്സാഹംപൂണ്ടിരിക്കുമ്പോൾ, നീ നിരു

ത്സാഹത്തോടെ പെരുമാറുന്നു. ഈ നിലയ്ക്ക്, അല്ലയോ വിപരീതാചാരണശീലേ! നിനക്ക് ചന്ദനച്ചാറ് വിഷമായും, ചന്ദ്രൻ സൂര്യനായും, ഹിമം അഗ്നിയായും, ക്രീഡാദി സുഖങ്ങൾ കഠിന വേദനകളായും തീരുന്നത്; ഇങ്ങിനെ വിപരീതമായി പ്രവൃത്തിക്കുന്നവൎക്കുള്ള ഫലമാണ്—ഫലം വിപരീതംതന്നെ.

കവിവാക്യം--സർഗ്ഗാന്തമംഗളം

ശ്ലോകം (60)

സാന്ദ്രാനന്ദപുരന്ദരാദി ദിവിഷദ്വൃന്ദൈരമന്ദാദരാ-
ദാനമ്രൈർമ്മകുടേന്ദ്രനീലമണിഭിഃ സന്ദൎശിതേന്ദിന്ദിരം
സ്വച്ഛന്ദം മകരന്ദസുന്ദരഗളന്മന്ദാകിനീമേദുരം
ശ്രീഗോവിന്ദപദാരവിന്ദമശുഭസ്കന്ദായ വന്ദാമഹേ.

സാരം:- പൂന്തേനെന്നപോലെ മനോഹാരിതയോടുകൂടി ഒഴുകുന്ന ആകാശഗംഗയോടുകൂടിയതും, സമ്പൂൎണ്ണാദരവോടെ നമിക്കുന്ന ഇന്ദ്രാദിദേവഗണങ്ങളുടെ കിരീടങ്ങളിലുള്ള ഇന്ദ്രനീലക്കല്ലുകളെക്കൊണ്ട് അളിസമൂഹങ്ങൾ പാറിപ്പിടിച്ചതുപോലെ ശോഭയാളുന്നതും ആയ ആ ശ്രീകൃഷ്ണപാദാരവിന്ദത്തെ അശുഭനിവാരണത്തിന്നായി ഈയിവർ പ്രാൎത്ഥിക്കുന്നു--വന്ദിക്കുന്നു.

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം

ഒമ്പതാം സർഗ്ഗം സമാപ്തം.

ചതുരചതുർഭുജം എന്ന

## പത്താം സർഗ്ഗം

ശ്ലോകം (61)

അത്രാന്തരേ മസൃണരോഷവശാദസീമ-
നിശ്വാസനിസ്സഹമുഖീം സുമുഖീമുപേത്യ

സവ്രീളവിക്ഷിതസഖീവദനാം ദിനാന്തേ
സാനന്ദഗൽഗദപദം ഹരിരിത്യുവാച.

സാരം:- ഈ സമയം സഖിയുടെ ഉപദേശത്താലും ശാസനയാലും ദ്വേഷ്യം തെല്ലു ശമിച്ച് കണക്കില്ലാത്ത നെടുവിഷ്പോടുകൂടി, സഹനശക്തിയെ പ്രത്യക്ഷപ്പെടുത്തുന്ന മുഖലക്ഷണങ്ങളോടുകൂടി, ലജ്ജാഭരിതയായി സഖിയുടെ മുഖത്തെ നോക്കി സ്ഥിതിചെയ്യുന്ന സുന്ദരിയായ രാധയുടെ സമീപമണഞ്ഞു് സന്തോഷപാരവശ്യത്താൽ തൊണ്ടയിടറിക്കൊണ്ടു് ശ്രീകൃഷ്ണൻ അവളോടു പറഞ്ഞു.

പത്തൊമ്പതാം അഷ്ടപദി
(മുഖാരിരാഗം--ചമ്പതാളം)

വദസി യദി കിഞ്ചിദപി ദന്തരുചികൌമുദീ
ഹരതി ദരതിമിരമതിഘോരം
സ്ഫുരദധരശീധവേ തവ വദനചന്ദ്രമാ
രോചയതി ലോചനചകോരം
പ്രിയേ ചാരുശീലേ മുഞ്ച മയി മാനമനിദാനം 1
സപദി മദനാനലോ ദഹതി മമ മാനസം
ദേഹി മുഖകമലമധുപാനം
സത്യമേവാസി യദി സുദതി മയി കോപിനീ
ദേഹി ഖരനഖരശരഘാതം
ഘടയഭുജബന്ധനം ജനയ രദഖണ്ഡനം
യേന വാ ഭവതി സുഖജാതം പ്രിയേ 2
ത്വമസി മമ ഭൂഷണം ത്വമസി മമ ജീവനം
ത്വമസി മമ ഭവജലധിരത്നം
ഭവതു ഭവതീഹ മയി സതതമനുരോധിനിപ്രിയേ
തത്ര മമ ഹൃദയമതിയത്നം 3
നീലനളിനാഭമപി തന്വി തവ ലോചനം
ധാരയതി കോകനദരൂപം

കുസുമശരബാണഭാവേന യദി രഞ്ജയസി
കൃഷ്ണമിദമേതദനുരൂപം പ്രിയേ 4
സ്ഫുരതു കുചകുംഭയോരുപരിമണിമഞ്ജരീ
ഭൂഷയതു തവ ഹൃദയദേശം
രസതു രശനാപി തവ ഘനജഘനമണ്ഡലേ
ഘോഷയതു മന്മഥനിദേശം പ്രിയേ 5
സ്ഥലകമലഭഞ്ജനം മമ ഹൃദയരഞ്ജനം
ജനിതരതിരംഗപരഭാഗം
ഭണ മസൃണവാണി! കരവാണി ചരണദ്വയം
സരസലസദലക്തകരാഗം പ്രിയേ 6
സ്മരഗരളഖണ്ഡനം മമ ശിരസി മണ്ഡനം
ദേഹി പദപല്ലവമുദാരം
ജ്വലതി മയി ദാരുണോ മദനകദനാരുണോ
ഹരതു തദുപാഹിതവികാരം പ്രിയേ 7
ഇതി ചടുലചാടുപടുചാരു മുരവൈരിണോ
രാധികാമധി വചനജാതം
ജയതി പത്മാവതീ രമണജയദേവകവിഭാരതി
ഭണിതമിതിഗീതം പ്രിയേ 8

സാരം:- ഹേ പ്രിയേ! സുശീലയായ മനോരമേ! നീ എന്നിൽ ആരോപിക്കുന്ന അകാരണമായ കുററത്തേയും അതുനിമിത്തം ജാതമാകുന്ന കോപത്തേയും ഉപേക്ഷിക്കുക. കാമാഗ്നി പിടിപെട്ടു് എൻെറ മനസ്സ് ഭസ്മീകൃതമാകുന്നു. നിൻെറ മുഖമാകുന്ന താമരയിലെ മധു ഞാൻ ഹൃദ്യമായി പാനംചെയ്യട്ടെ. നീ തെല്ലെങ്കിലും സംസാരിച്ചാൽ ദന്തപ്രഭയാകുന്ന ആ നിലാവു് എൻെറ കഠിനഭയമാകുന്ന ഇരുളിനെ കളയും. മിന്നിത്തിളങ്ങുന്ന നിൻെറ മുഖചന്ദ്രൻ എൻെറ നേത്രമാകുന്ന ചകോരപ്പക്ഷിയെ ശോഭിക്കുന്ന ചുണ്ടിലെ തേൻ നുകരുവാൻ കൊതിക്കുന്നു.

2. അല്ലയോ സുന്ദരി! നിനക്കു പരമാൎത്ഥത്തിൽ എന്നോടു കോപമുണ്ടെങ്കിൽ നീ മൂൎച്ചയുള്ളതും ക്രൂരങ്ങളുമായ നഖങ്ങളാകുന്ന ശരണങ്ങളെക്കൊണ്ടു് ആ കോപത്തെ പോക്കിയാലും; കരങ്ങളാൽ ബന്ധിച്ചുകൊള്ളുക; ദന്തങ്ങളാൽ മുറിപ്പെടുത്തിക്കൊള്ളുക. എന്തു ചെയ്താലാണു് നിന്റെ കോപശാന്തി വരുന്നതെങ്കിൽ അതെല്ലാം ചെയ്തു് നീ സുഖസമ്പൂൎണ്ണയാവുക.

3. നീ എന്റെ ഭൂഷണവും എന്നെ ജീവിപ്പിക്കുന്ന വളുമാണു്; സംസാരസാഗരത്തിലെ അനൎഘരത്നവുമാകുന്നു. ഭവതി എന്നോടു അനുകൂലയായി ഭവിച്ചാലും! അതിന്നായി എന്റെ മനസ്സു് ഏററവും പണിപ്പെടുന്നു.

4. അല്ലയോ തന്വിമണേ! നിന്റെ കണ്ണിണ നീലത്താമരയേ വെല്ലുന്ന കാന്തിയോടുകൂടിയതാണെങ്കിലും ഇപ്പോൾ ചെന്താമരപ്പൂവിനെ അനുകരിച്ചിരിക്കുന്നു—ചെന്താമരയുടെ ശോഭയേ അതിലംഘിച്ചിരിക്കുന്നു. കൃഷ്ണവൎണ്ണമായ നേത്രങ്ങളെ കാമബാണമെന്നു വിചാരിച്ചു് ചുകപ്പിക്കയാണെ അതു യുക്തംതന്നെ.

5. നിന്റെ മുലക്കുടങ്ങളുടെ മുകളിലും ഹൃദയപ്രദേശത്തും മണിമാലകൾ ശോഭിക്കട്ടെ; തടിച്ചുരുണ്ട ജഘനപ്രദേശത്തിൽ അരഞ്ഞാളും ശോഭിക്കട്ടെ—കാമദേവാജ്ഞയെ ഘോഷിപ്പിക്കയും ചെയ്യട്ടെ.

6. ഹേ മധുവാണി! താമരപ്പൂവിനെ അതിലംഘിക്കുന്നതും എന്റെ മനസ്സിനു ആഹ്ലാദമരുളുന്നതും സുരതാചാതുൎയ്യത്തിലുള്ള ആഗ്രഹത്തെ അതിയായി വൎദ്ധിപ്പിക്കുന്നതുംആയ നിന്റെ പാദങ്ങൾ രണ്ടിലും ഞാൻ ഭംഗിയേറിയ ചെമ്പരത്തിച്ചാറുകൊണ്ടുള്ള ചായം പുരട്ടട്ടയോ? തൃപ്തയായി മറുവടി പറയൂ.

7. ധൂർത്തകാമൻെറ വിഷത്തെകളയുന്നതും സൌന്ദര്യാതിശത്തോടുകൂടിയതുമായ നിൻെറ പൊൽത്താരടികളെ നീ എൻെറ ശിരസ്സിൽ അലങ്കാരമാക്കിച്ചെയ്യാലും. എന്നിൽ ഭയങ്കരനായ കാമസന്താപസൂര്യൻ കത്തിജ്ജ്വലിക്കുന്നു. ആ ഉജ്ജ്വലമായ ആതപത്തെ നിൻെറ പാദസ്പശം കൊണ്ടു് നശിപ്പിക്കട്ടെ.

8. ഈവിധം ശ്രീകൃഷ്ണൻെറ ഹൃദയമിളക്കിക്കൊണ്ടു് ചാതുര്യത്തോടുകൂടി ഹിതയായും പ്രിയയായും മനോഹരയായുമുള്ള രാധയേക്കുറിച്ചു് വാഗ്ധോരണികളെ പത്മാവതീകാന്തനായ ജയദേവകവിയാൽ വൎണ്ണിക്കപ്പെട്ട ഈ ഗാനം ഉൽക്കഷേണ വൎത്തിക്കുന്നു.

ശ്ലോകം (62)

പരിഹര കൃതാതങ്കേ! ശങ്കാംത്വയാ സതതംഘന-
സ്തനജഘന യാക്രാന്തേ സ്വാന്തേ പരാനവകാശിനീ
വിശതി വിതനോരന്യോധന്യേ! ന കോപിമമാന്തരം
സ്തനഭര പരീരംഭാരംഭേ വിധേഹി വിധേയതാം

സാരം:- ഹേ സന്താപകാരിണീ! ധന്യയായവളെ! നീ, ശങ്കാകലുഷതകളകററിയാലും! നീ എപ്പോഴും തടിച്ച മുലത്തടങ്ങളോടും വിസ്തൃതിയാൎന്ന ജഘനത്തോടുംകൂടി അന്യനുകടപ്പാൻ ഇടമില്ലാത്ത എൻെറ മനസ്സിൽ കുടികൊള്ളുകയാൽ ശരീരമില്ലാത്ത കാമൻ ഒഴികെ മറെറാരാളും പ്രവേശിക്കുന്നില്ല. അതുകൊണ്ടു് നിൻെറ പോർമുലക്കുടത്തെ ആലിംഗനംചെയ്യാൻ നി തൃപ്തിയാൎന്നനുജ്ഞ നല്കിയാലും!

ശ്ലോകം (63)

വ്യഥയതിവൃഥാ മൌനം തന്വി! പ്രപഞ്ചയ പഞ്ചമം
തരുണി! മധുരാലാപൈസ്താപം വിനോദയ ദൃഷ്ടിഭിഃ
സുമുഖി! വിമുഖീഭാവം താവദ്വിമുഞ്ച നമുഞ്ചമാം
സ്വയമതിയശസ്സിഗ്ദ്ധോമുഗ്ധേപ്രിയോഹമുപസ്ഥിതഃ.

സാരം: ഹേ സുന്ദരി! വൃഥാവിലുള്ള നിൻെറ മൌനം എന്നെ വല്ലാതെ വേദനിപ്പിക്കുന്നു—ദുഃഖിപ്പിക്കുന്നു. അല്ലയോ തരുണി! നീ മാധുര്യ്യമേറിയ വാക്കുകളെക്കൊണ്ടു് പഞ്ചമരാഗത്തെ വിസ്തരിക്കുക—സരസ സല്ലാപങ്ങളിൽ കുതുകിയായ്ഭവിക്കുക അല്ലയോ സൌന്ദര്യ്യപൂർണ്ണേ! നിൻെറ കടാക്ഷധോരണികളാൽ എൻെറ ദുഃഖശാന്തിവരുത്തിയാലും! ഹേ ശോഭനമുഖസഹിതേ! നിൻെറ വൈമുഖ്യഭാവം ദൂരതഃത്യജിച്ച് മുഗ്ധയായ നീ ഭർത്താവായ എന്നിൽ ദൃഢാനുരാഗത്തോടെ എൻെറ സമീപത്തെ പ്രാപിക്കുക; നീ എന്നെ ഉപേക്ഷിക്കരുതേ!

ശ്ലോകം (64)

മുഗ്ദ്ധേ! വിധേഹി മയിനിർദ്ദയ ദന്തദംശ-
ദോർവ്വല്ലിബന്ധ നിബിഡ സ്തനപീഡനാനി
ചണ്ഡി! ത്വമേവ മുദമഞ്ച ന പഞ്ചബാണ-
ചണ്ഡാല കാണ്ഡദളനാ ദസവഃ പ്രയാന്തു.

സാരം:- ഹേ കോപനശീലേ: വിവേകശൂന്യേ! നീ എന്നിൽ ദയകൂടാതെ ദന്തദംശനം, കരങ്ങളാകുന്ന വള്ളികളാൽ ബന്ധനം, ഘനമേറിയതും നിറഞ്ഞിരിക്കുന്നതുമായ മുലകളെക്കൊണ്ടുള്ള മർദ്ദനമാദിയായവകളെ ച്ചെയ്താലും! ഹേ സുന്ദരി! നിൻെറ വിമുഖതയെ അകററി സന്തോഷത്തെ പ്രാപിച്ചാലും! കാമനാകുന്ന ചണ്ഡാലൻെറ—നീചമായിതാകാരനായ—ശരങ്ങളെക്കൊണ്ടുള്ള ദണ്ഡനംനിമിത്തം ജീവൻ പോകാതിരിക്കട്ടെ.

(ശ്ലോകം 65)

ബന്ധൂകദ്യുതിബാന്ധവോയമധരഃ സ്നിഗ്ദ്ധോമധൂകച്ഛവി-
ർഗ്ഗണ്ഡേ ചണ്ഡി! ചകാസ്തി നീലനളിനശ്രീമോചനം
നാസാഭ്യേതി തിലപ്രസൂനപദവീം കുന്ദാഭദന്തി! പ്രിയേ!
പ്രായസ്ത്വന്മുഖസേവയാ വിജയതേ വിശ്വംസ പുഷ്പായുധഃ.

സാരം:- അല്ലയോ അതികോപശീലമുള്ളവളെ! മുല്ല പ്പൂമൊട്ടോത്ത ദന്താവലികളോടുകൂടിയവളെ! സൌന്ദൎയ്യ രസത്തുളുമ്പുന്ന അല്ലയോ പ്രിയംകരി! നിൻെറ ചുണ്ട് ബ ന്ധൂകത്തിൻെറ—ഉച്ചമലരിപ്പൂവിൻെറ—ശോഭയോടുകൂടി യും, കവിൾത്തടം ഇരിപ്പപ്പൂവിൻെറ കാന്തിയോടുകൂടിയും, നേത്രജാലങ്ങൾ നീലത്താമരപ്പൂവിൻെറ ശോഭയോടു കൂടി യും, നാസിക എൾപ്പൂവിനോടു സാദൃശ്യം വഹിക്കുന്ന കോമ ളാഭയോടുകൂടിയും ഇരിക്കയാൽ ഈ മുഖത്തെ ആശ്രയി ച്ചാണോ കാമദേവൻ വിശ്വവിജയിയായിത്തീരുന്നതെന്നു തോന്നും—കാമദേവൻെറ ബാണങ്ങൾ പുഷ്പങ്ങളാണല്ലോ ആ പുഷ്പസദൃശങ്ങളായവ സകലതും നിൻെറ മുഖത്തിൽ പ്രത്യക്ഷത്തിൽ സ്ഥിതിചെയ്യുന്നു.

ശ്ലോകം (66)

ദൃശൌ തവ മദാലസേ വദനമിന്ദുമത്യന്വിതം
ഗതിൎജ്ജനമനോരമാ വിജിതരംഭമൂരുദ്വയം
രതിസ്തവ കലാവതി രുചിരചിത്രലേഖേ ഭ്രുവാ-
വഹോ! വിബുധയൌവനം വഹസി തന്വി പൃഥ്വീഗതാ.

സാരം:- നിൻെറ നേത്രയുഗ്മങ്ങൾ മദത്താൽ-കാ മദേവൻെറ മദത്താൽ ആലസ്യമാണ്ടവ—യൌവ്വനത്തിള പ്പുകൊണ്ട്— ആലസ്യപ്പെട്ടവയായിക്കാണുന്നു. മുഖം ക ണ്ടാൽ ചന്ദ്രനെന്നുതന്നെ അനുമാനിക്കും. ഗമനം കാണി കളുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നതും, തുടകൾരണ്ടും കദളിവാഴത്തണ്ടിനോടങ്കമിടുന്നതും, നിൻെറ രതികലാചാ തുൎയ്യത്തോടു—കാമശാസ്ത്രതൽപരതയാ—കൂടിയതും, പുരി കങ്ങൾ വിചിത്രാകൃതിയോടുകൂടിയതുംആകയാൽ അഹോ! ആശ്ചൎയ്യം!! നീ ഭൂജാതയെങ്കിലും ദേവസ്ത്രീകളെ വിജയിക്കു ന്നു—ദേവസ്ത്രീകളുടെ യൌവനത്തെ വഹിക്കുന്നു.

ശ്ലോകം (67)

ശശിമുഖി! തവ ഭാതി ഭംഗുരാ ഭ്രൂ-
ര്യുവജനമോഹകരാളകാളസൎപ്പീ
തദ്ദുദിതവിഷഭേജംതപിരൈഹകാ-
തപദധരശീധുസുധൈവ ഭാഗ്യഭോഗ്യാ.

സാരം:—അല്ലയോ ചന്ദ്രാനനേ! വളഞ്ഞതും കറുത്തതുമായ നിൻെറ പുരികങ്ങൾ യുവാക്കന്മാരെ ആലസ്യപ്പെടുത്തുന്ന കൃഷ്ണസൎപ്പിയാകുന്നു. ആ കൃഷ്ണസൎപ്പമായുണ്ടാകുന്ന വിഷത്തിന്നു് പരിഹാരൌഷധം ഈ ലോകത്തിൽ ഭാഗ്യവാന്മാൎക്ക മാത്രം അനുഭവിപ്പാൻ കഴിയുന്നതിൻെറ അധരാമൃതം മാത്രമേയുള്ളു അതിനാൽ ആ അധരാമൃതത്തിന്നു ഞാൻ സൎവ്വദാ പ്രാൎത്ഥിക്കുന്നു.

സൎഗ്ഗാന്തമംഗളം

ശ്ലോകം (68)

പ്രീതിം വസ്തനുതാംഹരിഃ കുവലയാപീഡേനസാൎദ്ധംരണേ
രാധാപീനപയോധരസ്മരണകൃൽകുംഭേന സംഭേദവാൻ
യത്രസ്വിദ്യതി മീലതി ക്ഷണമഭൂൽ ക്ഷിപ്തദ്വിപേപി
ക്ഷണാൽ
കംസസ്യാഥ ബലേജിതംജിതമിതിവ്യാമോഹകോലാഹലഃ

സാരം:—രാധയുടെ തടിച്ച മുലക്കുടങ്ങളുടെ ഓൎമ്മയെ ഉണ്ടാക്കുന്ന, കംസൻെറ കുവലയാപീഡം എന്ന ആനയുടെ മസ്തകത്തോടുകൂടി സംഗമിച്ച യുദ്ധത്തിൽ, കൃഷ്ണൻ അല്പനേരം തളൎന്നും കണ്ണടച്ചും ഇരുന്നു്, ക്ഷണനേരംകൊണ്ടു് ആ കുവലയാപീഡമെന്ന ആനയെ കൊന്നുകളഞ്ഞുവെങ്കിലും, അതിന്നിടയിൽ കംസൻെറ സൈന്യത്തിൽ അറിഞ്ഞുകൂടായ്കയാൽ ജയാരവംമുഴക്കി ലഹളയുണ്ടായി. അങ്ങിനെയുള്ള ആ ശ്രീകൃഷ്ണൻ നിങ്ങൾക്ക പ്രീതിയരുളട്ടെ.

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം

പത്താംസൎഗ്ഗം സമാപ്തം

സാനന്ദദാമോദരം എന്ന
## പതിനൊന്നാം സർഗ്ഗം
ശ്ലോകം (69)

സുചിരമനുനയേന പ്രീണയിത്വാ മൃഗാക്ഷീം
ഗതവതി കൃതവേഷേ കേശവേ കേളിശയ്യാം
രചിതരുചിരവേഷാം ദൃഷ്ടിമോഷേ പ്രദോഷേ
സ്ഫുരതി നിരവസാദാം കാപി രാധാം ജഗാദ

സാരം:-- മേൽപറഞ്ഞപ്രകാരം ഏറെ സമാധാന വാക്കുകളെക്കൊണ്ടു് സുന്ദരിയായ രാധയെ സന്തോഷിപ്പിച്ചു് അലങ്കാരങ്ങളാൽ ശോഭിച്ചിരുന്ന ശ്രീകൃഷ്ണൻ ക്രീഡാശയ്യയിൽ ഉപവിഷ്ടനായി, നിശാദേവിയുടെ ആഗമനത്താൽ കണ്ണുകാണാതായിത്തീൎന്നപ്പോൾ, മനോഹരവസ്ത്രാഭരണങ്ങൾ ധരിച്ചു് മനസ്സിന്നു സങ്കോചവും ഖേദവും കൂടാതെയിരിക്കുന്ന രാധയോടു സഖി പറഞ്ഞു.

ഇരുപതാം അഷ്ടപദി
(ഭൈരവിരാഗം—ഏകതാളം)

വിരചിതചാടുവചനരചനം ചരണേ രചിതപ്രണിപാതം
സമ്പ്രതി മഞ്ജുളവഞ്ജുളസീമനി കേളിശയനമുപയാതം
മുഗ്ദ്ധേ! മധുമഥനമനുഭജ രാധേ! 1
ഘനജഘനസ്തനഭാരഭരേ മന്ഥരചരണവിഹാരം
മുഖരിതമണിമഞ്ജീരമുപൈഹി വിധേഹി മരാളവിഹാരം
മുഗ്ദ്ധേ 2
ശൃണു രമണീയതരം തരുണീജനമോഹനമധുരിപുരാവം
കുസുമശരാസനശാസനവന്ദിനി പികനികരേ ഭജഭാവം-മുഗ്ദ്ധേ 3
അനിലതരളകിസലയനികരേണകരേണലതാനികുരുംബം
പ്രേരണമിവകരഭോരു! കരോതിഗതിംപ്രതിമുഞ്ചവിളംബം
മുഗ്ദ്ധേ. 4

സ്ഫുരിതമനംഗതരംഗവശാദിവസൂചിത ഹരിപരിരംഭം
പൃച്ഛമനോഹരഹാരവിമലജലധാരമമുംകുചകുംഭം
മുഗ്ദ്ധേ 5
അധിഗതമഖിലസഖീഭിരിദംതവവപുരപിരതിരണ
സജ്ജം
ചണ്ഡി! രണിതരശനാരവഡിംഡിമ മഭിസരസരസമ
ലജ്ജം—മുഗ്ദ്ധേ. 6
സ്മരശരസുഭഗനഖേന സഖിമവലംബ്യകരേണ സലീലം
ചലവലയകണിതൈരവ ബോധയഹരിമപി
നിജഗതിശീലം-മുഗ്ദ്ധേ. 7
ശ്രീജയദേവ ഭണിതമധരീകൃതഹാരമുദാസിതവാമം
ഹരിവിനിഹിതമനസാമധിതിഷ്ഠതു കണ്ഠതടീമവിരാമം
മുഗ്ദ്ധേ. 8

സാരം-1. അല്ലയോ ചിന്താഗതിയില്ലാത്ത രാധെ! പ്രിയമേറിയ കാരോ ചാടൂക്തികഠം പറഞ്ഞുസ്നേഹപൂർവ്വം കാല്ക്കൽനമസ്കരിച്ച്, ചിന്താഗതനായിക്കൊണ്ട് മനോഹരമായ വള്ളിക്കടിലിൽ ഇപ്പോഠം ക്രീഡാശയ്യയിൽ നിന്നെ കാത്തരിക്കുന്ന ആ ശ്രീകൃഷ്ണനെ നീ അനുസരിച്ചാലും —അനുഭജിച്ചാലും:—ശ്രീകൃഷ്ണനോട്ടചേൎന്ന രമിച്ചാലും!

2. അല്ലയോ തടിച്ചജഘനഭാരങ്ങളോട്ടക്കൂടിയവളെ! നീ വിലാസമന്ദയായി, കിലുങ്ങുന്ന മണിമയകാൽചിലമ്പുകളോട്ടക്കൂടി നടന്ന് ആ ശ്രീകൃഷ്ണസവിധമണഞ്ഞാലും! അരയന്നലീലയെ നന്നായിച്ചെയ്താലും.

3. നീ, മനോഹരികളും, യൌവ്വനയുക്തകളുമായ സ്ത്രീകളെ വശീകരിക്കുന്ന ശ്രീകൃഷ്ണൻെറ ശബ്ദം ശ്രവിക്കുക. കുയിലുകഠം കാമദേവൻെറ സ്തുതിപാഠകന്മാരായി അവൻെറ ആജ്ഞയെ അനുസരിച്ചുകൊണ്ടിരിക്കുമ്പോഠം നീ ശ്രീകൃഷ്ണൻെറ അനുരാഗത്തെ അനുഭവിച്ചാലും!

4. ഹേ സുന്ദരി! നീ പോകുവാൻ താമസിക്കരുതു്. വല്ലികളും കാററുകൊണ്ടുചലിക്കുന്ന തളിരുകളാകുന്ന കരങ്ങളാൽ മാടി വിളിക്കുന്നുവോ എന്നുതോന്നും.

5. കാമവികാരകല്ലോലങ്ങളിൽ പെട്ടതുകൊണ്ടോ എന്നു തോന്നുമാറു് ഇളകിക്കൊണ്ടിരിക്കുന്നതും ശ്രീകൃഷ്ണന്റെ ആലിംഗനത്തെ സൂചിപ്പിക്കുന്നതും മനോഹരങ്ങളായ മുത്തുമാലകളാകുന്ന അഴുക്കില്ലാത്ത ജലധാരകളോടുചേന്നതുമായ നിന്റെ സ്തനകലശങ്ങളോടു്, ഇതു് വാസ്തവമല്ലേയെന്നു ചോദിക്കൂ.

6. ഈ വസ്തുത സഖിമാരെല്ലാം അറിയുന്നതാണു്. മാത്രമല്ല, നിന്റെ ദേഹവും രതിക്രീഡാസമരത്തിന്നു തയ്യാറായുമിരിക്കുന്നു. അതുകൊണ്ടു്, ആവശ്യമില്ലാതുള്ള കോപശീലേ അരഞ്ഞാണിന്റെ ശബ്ദമാകുന്ന പടഹധ്വനിയോടെ, ലജ്ജയെ ഉപേക്ഷിച്ചു്, രസാവഹത്തോടുകൂടി രതിമഹോത്സവത്തിന്നു ചെന്നാലും!—തയ്യാറായാലും!

7. നീ കാമദേവന്റെ ശരങ്ങൾപോലെ ഭംഗിയുള്ള നഖങ്ങളോടുകൂടിയ കരപങ്കജങ്ങളെക്കൊണ്ടു് സഖിയെയും പിടിച്ചു്, ലീലയാപോയാലും! കങ്കണജാലങ്ങളുടെ കിലുകിലശബ്ദംകൊണ്ടു്, തന്റെ ആഗമനത്തെ, ശ്രീകൃഷ്ണനെ അറിയിച്ചാലും!

8. ശ്രീ ജയദേവരുടെ വാക്സ്വരൂപമായ ഈ ഗാനം ശ്രീകൃഷ്ണഭക്തന്മാരുടെ കണ്ഠാഭരണമായ മുത്തുമാലയേയും സ്ത്രീജനങ്ങളെത്തന്നെ കൂട്ടാക്കാതേയും അവസാനമില്ലാതേയും സ്ഥിതിചെയ്യട്ടെ—ഈ പാട്ടു് പാടുന്നവരുടെ കഴുത്തിന്നു മുത്തുമാലയണിയുന്നതിനേക്കാളും, പ്രിയയെ ആലിംഗനം ചെയ്യുന്നതിനേക്കാളും സുഖം സംപ്രാപ്തമായിത്തിരട്ടെ

ശ്ലോകം (70)

സാമാംദ്രക്ഷ്യതിവക്ഷ്യതിസ്മരകഥാഃപ്രത്യംഗമാലിംഗനൈഃ
പ്രീതിംദാസ്യതിരംസ്യതേ സഖിസമാഗത്യേതിചിന്താകുലഃ

സത്വാംപശ്യതി വേപതേ പുളകയത്യാനന്ദതി സ്വിദ്യതി
പ്രത്യുൽഗച്ഛതിമൂർഛതിസ്ഥിരതമഃപുഞ്ജേനികുഞ്ജേപ്രിയഃ

സാരം!- അല്ലയോ സഖി: നിൻെറ പ്രേയനായ ആ ശ്രീകൃഷ്ണൻ കൂരിരുട്ടോട്ടകൂടിയ ലതാഗൃഹത്തിൽ 'ഇതാ ഇപ്പോഠം രാധ വരും; കാമ—രതി—വിഷയങ്ങഠം സംസാരിക്കും; അവയവങ്ങളന്യോന്യം ചേൎത്തു് ആലിംഗനം ചെയ്തു് മോദിക്കും; അനവരതം രതിക്രീഡയും ചെയ്യും ഈ വിധം ചിന്താകുലനായി, നിൻെറ വരവിനെ നോക്കുന്നു; വിറയ്ക്കുന്നു; സന്തോഷിക്കുന്നു; രോമാഞ്ചകഞ്ചുകധാരനായിത്തീരുന്നു; വിയക്കുന്നു; എതിരേല്ക്കുന്നു; ആലസ്യമാളുകയും ചെയ്യുന്നു.

ശ്ലോകം (71)

അക്ഷ്ണോൎന്നിക്ഷിപദഞ്ജനംശ്രവണയോസ്താപിഞ്ഛ ഗുച്ഛവലിം
മൂൎദ്ധ്നിശ്യാമസരോജദാമ കുചയോഃ കസ്തൂരികാപത്രകം
ധൂൎത്താനാമഭി സാരസാഹസകൃതാം വിഷ്വങ്നികുഞ്ജേ-സഖി!
ധ്വാന്തം നീലനിചോളചാരു സുദൃശാം പ്രത്യംഗമാലിംഗതി.

സാരം;- പ്രിയസഖി രാധേ! സ്വന്തം ഭൎത്താക്കന്മാരെ വഞ്ചിച്ചു് വ്യഭിചാരം ചെയ്യുന്നവളും, ജാരപുരുഷന്മാരേ തേടിചെന്നു് രമിക്കുക എന്ന സാഹസക്രിയ ചെയ്യുന്നവളും ആയ സുന്ദരിയുടെ കണ്ണുകളിൽ അഞ്ജനം തേയ്ക്കുകയും—പുരട്ടുകയും—ചെവികളു മേൽഭാഗത്തിൽ പച്ചിലപൂങ്കുലകഠം വെയ്ക്കുകയും, കരിങ്കുവളപൂക്കളാലുള്ള മാലകളെ ശിരസ്സിൽ ധരിക്കുകയും, കസ്തൂരികൊണ്ടു മുലത്തടത്തിൽ പത്തിക്കീറെഴുതുകയും ചെയ്യുകയാണോ എന്നു തോന്നും വിധം തടിച്ചു കറുത്ത പുതപ്പുവസ്ത്രത്തേപ്പോലുള്ള കൂരിരുട്ടു് വള്ളിക്കുടിലിലെങ്ങും പരന്നു കഴിഞ്ഞു.

ശ്ലോകം (72)

കാശ്മീരഗൌരവപുഷാ മഭിസാരികാണാ-
മാബദ്ധരേഖമഭിതോരുചി മഞ്ജരീഭിഃ
ഏതത്തമാലദലനീലതമം തമിസ്രം
തൽപ്രേമഹേമനികഷോപലതാംതനോതി.

സാരം:- കുങ്കുമംപോലെ മഞ്ഞനിറമായ വ്യഭിചാരിണികളുടെ കാന്തിപുഞ്ജംകൊണ്ടു ചുററും സുവർണ്ണരേഖകളോടുകൂടിയതും പച്ചിലമരങ്ങളുടെ ഇലകൾപോലെ നീലക്കറുപ്പായ ഇരുട്ട് അവരുടെ പ്രേമമാകുന്ന സ്വർണ്ണത്തിൻെറ മാററുരച്ചു നോക്കുന്ന കല്ലുപോലെയുമിരിക്കുന്നു— സ്വർണ്ണം ഉരക്കുന്ന കല്ലിൻെറഭാവം ധാരാളം വഹിക്കുന്നു- ഉരക്കല്ലിൽ ഉരച്ച് സ്വർണ്ണത്തിൻെറ മാററു നോക്കുന്നതുപോലെ കൂരിരുട്ടിൽ വ്യഭിചാരിണികളുടെ പ്രേമം പരീക്ഷിക്കാമെന്നും, പ്രേമമുണ്ടെങ്കിൽ ഇരുട്ടിൽ പ്രിയസമീപത്തിൽ പോകാതിരിക്കയില്ലയെന്നും അറിയണം.

ശ്ലോകം (73)

ഹാരാവലീ തരളകാഞ്ചന കാഞ്ചിദാമ-
മഞ്ജീരകങ്കണ മണിദ്യുതി ദീപിതസ്യ
ദ്വാരേ നികുഞ്ജനിലയസ്യ ഹരിം നിരിക്ഷ്യ
വ്രീളാവതി മഥ സഖീ നിജഗാദരാധാം.

സാരം:- അനന്തരം സഖി, വള്ളിക്കുടിലിൻെറ സമീപമണഞ്ഞപ്പോൾ കൃഷ്ണൻെറ മിന്നിത്തിളങ്ങുന്ന മുത്തുമാലകളുടേയും പൊന്നരഞ്ഞാണിൻെറയും കാൽച്ചിലമ്പിൻെറയും, വളയുടേയും രത്നങ്ങളുടെ തേജസ്സിനാൽ ശോഭായമാനമായ ലതാഗൃഹദ്വാരത്തിൽ, രാധയുടെ വരവിനെ പ്രതിക്ഷിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണനെക്കണ്ട് ലജ്ജിച്ചുനില്ക്കുന്ന ആ രാധയോടു പറഞ്ഞു:-

ഇരുപത്തൊന്നാം അഷ്ടപദി.

വരാടി രാഗം—രൂപകതാളം.

മംജുതരകുഞ്ജതലകേളിസദനേ
വിലസ രതിരഭസഹസിത വദനേ
പ്രവിശ രാധേ! മാധവസമീപമിഹ 1
നവഭവദശോകദളശയനസാരേ
വിലസ കുചകുശലതരളഹാരേ—പ്രവിശ രാധേ 2
കുസുമചയരചിതശുചിവാസഗേഹേ
വിലസ കുസുമസുകുമാരദേഹേ—പ്രവിശ രാധേ 3
മൃദുചലമലയപവനസുരഭിശീതേ
വിലസ മദനശരനികരഭീതേ—പ്രവിശ രാധേ 4
വിതതബഹുവല്ലിനവപല്ലവഘനേ
വിലസ ചിരമലസപീനജഘനേ!-പ്രവിശ രാധേ 5
മധുമുദിതമധുപകുലകലിതരാവേ
വിലസ മദനരസരഭസഭാവേ—പ്രവിശ രാധേ 6
മധുരതരപികനികരനിനദമുഖരേ
വിലസ ദശനരുചിവിജിതശിഖരേ—പ്രവിശരാധേ 7
വിഹിതപത്മാവതീസുഖസമാജേ
ഭണതി ജയദേവകവിരാജരാജേ
കുരു മുരാരേ! മംഗളശതാനി-പ്രവിശ രാധേ 8

സാരം:- 1. അല്ലയോ സുരതോത്സാഹംകൊണ്ടു പുഞ്ചിരിക്കുന്ന മുഖാരവിന്ദത്തോടുകൂടിയവളെ! അല്ലയോ രാധേ! നീ ശ്രീകൃഷ്ണസമീപമണഞ്ഞു് മനോഹരമായ ലതാഗൃഹത്തിൽ ചെന്നു് ക്രീഡാസുഖം വേണ്ടപോലെ അനുഭവിച്ചാലും!

2. അല്ലയോ മുലത്തടങ്ങളിൽ ഇളകി ആടിക്കൊണ്ടിരിക്കുന്ന മുത്തുമാലകളോടുകൂടിയവളെ! പുതുതായുണ്ടാക്കിയ അശോകത്തളിരുകളാൽ നിർമ്മിച്ച ഈ ലതാഗൃഹത്തിൽചെന്നു് യഥേഷ്ടം ക്രീഡിച്ചാലും!

3. അല്ലയോ പുതുപുഷ്പംപോലെ കോമളാകാരമാന്നവളെ! പൂക്കളെക്കൊണ്ടുണ്ടാക്കിയതും അശുദ്ധം പിണയാത്തതുമായ ഈ ലതാഗൃഹത്തിൽവെച്ച് നീ സ്വച്ഛന്ദം ക്രീഡിച്ചാലും!

4. അല്ലയോ കാമൻെറ ക്രൂരമ്പുകളാൽ ഭയപ്പെട്ടിരിക്കുന്നവളെ! മൃദുവായി ഇളകിക്കൊണ്ടിരിക്കുന്ന തെക്കൻകാററിനെക്കൊണ്ടു സുഗന്ധത്തോടും തണുപ്പോടുംകൂടിയ ഈ ലതാഗൃഹത്തിൽ നീ ആശ്ചര്യമായി ക്രീഡചെയ്താലും!

5. അല്ലയോ മന്ദമായും തടിച്ചുമിരിക്കുന്ന ജഘനത്തോടുകൂടിയവളെ! ചുററും പടന്നുകിടക്കുന്ന വള്ളികളുടെ തളിരുകളാൽ നിറഞ്ഞിരിക്കുന്ന ഈ ലതാഗൃഹത്തിൽവെച്ച് നീ സൌഭഗമായി ക്രീഡിച്ചാലും!

6. കാമരസത്തിൽ അതിതാല്പര്യമുള്ളവളെ! തേനുണ്ട് ആഹ്ലാദിച്ചു വിലസുന്ന വണ്ടിൻകൂട്ടങ്ങളിൽനിന്നു പുറപ്പെടുന്ന ഝംകാരധ്വനിയോടുകൂടിയ ഈ ലതാഗൃഹത്തിൽവെച്ചു അത്യധികമായി ക്രീഡിച്ചാലും!

7. രത്നത്തേക്കാറം പ്രശോഭിക്കുന്ന ദന്താവലികളോടുകൂടിയവളെ! കുയിലുകളുടെ മനോഹരശബ്ദത്താൽ മനം കുളുപ്പിക്കുന്ന ഈ ലതാഗൃഹത്തിൽവെച്ച് അതിരററ ക്രീഡാസുഖം നീയനുഭവിച്ചാലും:

8. അല്ലയോ ശ്രീകൃഷ്ണ! അങ്ങയേ വർണ്ണിച്ചും പത്മാവതിക്കു അനന്തസുഖമരുളിയും സ്ഥിതനായ ജയദേവരെന്നു പേരായ കവിരാജരാജൻ ഇതു വർണ്ണിക്കുമ്പോറം മംഗളമരുളേണമെ.

സഖി രാധയോടു വീണ്ടും പറയുന്നു.

ശ്ലോകം (74)

ത്വാംചിത്തേന ചിരം വഹന്നയമതിശ്രാന്തോ ഭൃശം
താപിതഃ
കന്ദർപ്പേണ ച പാതുമിച്ഛതി സുധാസംബാധബിംബാധരം

അസ്യ്യാങ്കം തദലങ്കുരു ക്ഷണമിഹ ഭ്രൂക്ഷേപലക്ഷ്മീ ലവ-
ക്രീതേ ദാസ ഇവോപസേവിതപദാംഭോജേ കുതസ്സംഭ്രമഃ.

സാരം:- ഈ ശ്രീകൃഷ്ണൻ നിന്നെ വളരെക്കാലം മനസ്സുകൊണ്ടെടുത്തു തളൎന്നുകൊണ്ടു് വളരെ ക്ഷീണിച്ചു; കാമദേവൻ ഏററവും സന്തപിപ്പിക്കയുംചെയ്തു. അതുകൊണ്ടു് നിൻെറ അമൃതാധരത്തെപ്പാനംചെയ്യുവാൻ കാത്തിരിക്കുന്നു. അദ്ദേഹത്തെ നീ കടാക്ഷിക്കയും അദ്ദേഹത്തിൻെറ മടിയെ അലങ്കരിക്കയും ചെയ്യുക. നിൻെറ അനല്പമായ ചില്ലീവിലാസാധീനനും, ദാസ്യഭാവനയെ അഭിനയിച്ചു് നിൻെറ പാദങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്നവനുമായ ആ ശ്രീകൃഷ്ണനിൽ നീ സംഭ്രമത്തോടുകൂടി ഇരിക്കുന്നതു് എന്തിന്നു്?

ശ്ലോകം (75)

സാ സസാധ്വസാനന്ദം ഗോവിന്ദേ ലോലലോചനാ
സിഞ്ജാനമംജുമഞ്ജീരം പ്രവിവേശ നിവേശനം

സാരം:- ആ രാധ, ഭയവും ആനന്ദവും ഇടകലൎന്ന ശ്രീകൃഷ്ണനെ കടാക്ഷപുതുമലരാൽ അൎച്ചനചെയ്തു്, കാൽ ചിലമ്പുകളുടെ മനോഹരശബ്ദങ്ങളോടുകൂടെ, ശ്രീകൃഷ്ണൻ ഇരിക്കുന്ന ആ ലതാഗൃഹത്തിൽ പ്രവേശിച്ചു.

ഇരുപത്തിരണ്ടാം അഷ്ടപദി.
(മദ്ധ്യമാദിരാഗം—ഏകതാളം)

രാധാവദനവിലോകനവികസിത വിവിധവികാരവിഭംഗം
ജലനിധിമിവ വിധുമണ്ഡലദൎശനതരളിതതുംഗതരംഗം 1
ഹരിമേകരസം ചിര മഭിലഷിതവിലാസം
സാ ദദൎശ ഗുരുഹൎഷവശംവദവദന മനംഗനിവാസം
ഹാരമമലതരതാരമുരസി ദധതം പരിലംബ്യ വിദൂരം
സ്ഫുടതരഫേനകദംബകരംബിതമിവ
യമുനാജലപൂരം (ഹരിമേകരസം) 2

ശ്യാമളമൃദുളകളേബരമണ്ഡലമധിഗതഗൌരദുകൂലം
നീലനളിനമിവ പീതപരാഗപുടലഭരവലയിതമൂലം
ഹരിമേകരസം 3

തരളദൃഗഞ്ചലചലനമനോഹരവദനജനിതരതിരാഗം
സ്ഫുടകമലോദരഖേലിതഖഞ്ജനയുഗമിവ ശരദി തടാകം
(ഹരിമേകരസം) 4

വദനകമലപരിശീലനമിളിതമിഹിരസമകുണ്ഡലശോഭം
സ്മിതരുചിരുചിരസമുല്ലസിതാധരപല്ലവകൃതരതിലോഭം
(ഹരിമേകരസം) 5

ശശികിരണഛുരിതോദരജലധരസുന്ദരസസുന്ദരകേശം
തിമിരോദിതവിധുമണ്ഡലനിർമ്മലമലയജതിലകനിവേശം
(ഹരിമേകരസം) 6

വിപുലപുളകഭരദന്തുരിതം രതികേളികലാഭിരധീരം
മണിഗണകിരണസമൂഹസമുജ്ജ്വലഭൂഷണസുഭഗശരീരം
(ഹരിമേകരസം) 7

ശ്രീജയദേവഭണിതവിഭവദ്വിഗുണീകൃതഭൂഷണഭാരം
പ്രണമത ഹൃദി വിനിധായ ഹരിം സുചിരം സുകൃതോദയ
സാരം—(ഹരിമേകരസം) 8

സാരം:- ആ രാധ, അവളിൽ അത്യന്താനുരാഗത്തോടുകൂടി, ക്രീഡിപ്പാനാഗ്രഹിച്ച് കാമന്നിരിപ്പിടമായി, സന്തോഷാധീനനായി, ചന്ദ്രോദയത്തിൽ വലിയ തിരമാലകളിളകിയ കടലെന്നപോലെ ഇരിക്കുന്നവനും, രാധാദേവിയുടെ മുഖദശനത്താൽ പുറത്തു പ്രകാശിക്കുന്ന അനേകവികാരങ്ങളാകുന്ന- കടാക്ഷം, കോട്ടുവായ, ദീഘനിശ്വാസം, മുതലായ —കല്ലോലങ്ങളോടുകൂടിയവനും, ശൃംഗാരരസ സമ്പൂണ്ണനുമായ ശ്രീകൃഷ്ണനെക്കണ്ടു.

2. വലുതായ സന്തോഷത്തിന്നധീനമായ മുഖാരവിന്ദത്തോടുകൂടിയവനും കാമന്റെ വാസസ്ഥാനമായവ

നം, പ്രകാശമാനമായ മണികളോടുകൂടിയ മുത്തുമാലകൾ അണിഞ്ഞു് കാളിന്ദീനദിയിലെ ജലപ്രവാഹത്തിൽ വ്യക്തമായിക്കാണുന്ന തെളിഞ്ഞ നുരകളെപ്പോലെ ശോഭിക്കുന്ന വനമായ ആ ശ്രീകൃഷ്ണനെ അവൾ കണ്ടു.

3. ശ്യാമളശരീരത്തോടുകൂടിയും മഞ്ഞനിറമായ പട്ടുടുത്തും ഇരിക്കുന്നതുകൊണ്ടു്, അടിയിൽ മഞ്ഞനിറമുള്ള പൊടിപടലങ്ങൾ നിറഞ്ഞുള്ള നീലോല്പലംപോലെ ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

4. രാധാദേവിക്കു സുരതാഭിലാഷത്തെ പൂർവ്വാധികം വർദ്ധിപ്പിക്കുന്ന കടാക്ഷങ്ങളെക്കൊണ്ടു് മനോഹരമായിരിക്കുന്ന മുഖത്തോടും, ശരൽക്കാലത്തു് കരിങ്കുയിലെന്ന പക്ഷിയുടെ ഇണകൾ ക്രീഡിച്ചുകൊണ്ടിരിക്കുന്ന താമരപ്പൂവോടുകൂടിയ തടാകത്തിൻെറ സാദൃശ്യമെന്നപോലെയും ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

5. മുഖമാകുന്ന താമരപ്പൂവിൻെറ സമ്പൎക്കത്തിന്നു കൊതിച്ചുവന്നുചേൎന്നിട്ടുള്ള രണ്ടു സൂൎയ്യന്മാരെന്നപോലെ പ്രശോഭിക്കുന്ന രണ്ടു കുണ്ഡലങ്ങളുടെ ശോഭയോടും, മന്ദഹാസത്തിൻെറ കാന്തിപൂരത്താൽ മനോജ്ഞമായി വിളങ്ങുന്ന അധരപല്ലവംകൊണ്ടു് രാധാദേവിക്കു രതിക്രീഡയിലുള്ള ആഗ്രഹത്തെ വൎദ്ധിപ്പിക്കുന്നതുമായി വിളങ്ങുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

6. വെളുത്ത പുഷ്പങ്ങൾ ചൂടിയിരിക്കുന്നതുകൊണ്ടു്, ഉള്ളിൽ ചന്ദ്രകിരണങ്ങളാൽ വ്യാപ്തമായിരിക്കുന്ന മേഘംപോലെ ഭംഗിയേറിയ പുഷ്പങ്ങളണിഞ്ഞ തലമുടിക്കെട്ടോടുകൂടിയും, ഇരുളിൽ ഉദയംചെയ്ത ചന്ദ്രമണ്ഡലംപോലെ പരിശുദ്ധമായ ചന്ദനപ്പൊട്ടോടുകൂടിയും ശോഭിക്കുന്ന ശ്രീകൃഷ്ണനെ അവൾ കണ്ടു.

7. രതിക്രീഡയേപ്പററി ആലോചിക്കുന്ന സമയം

ധൈൎയ്യമില്ലാതെ ദേഹമാകെ രോമാഞ്ചത്തോടെ നാനാരത്നങ്ങളുടെ രശ്മികളാൽ വിളങ്ങുന്ന ആഭരണങ്ങളെക്കൊണ്ടു മനോഹരമായി സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണനെ അവരം കണ്ടു.

8. ശ്രീ ജയദേവകവിയുടെ വൎണ്ണനയാൽ ദ്വിഗുണീകൃതമായ ആഭരണങ്ങളോടുകൂടിയിരിക്കുന്നവനും രാധാദേവിയുടെ പുണ്യസാരമായുമിരിക്കുന്ന ശ്രീകൃഷ്ണഭഗവാനെ നിങ്ങരം സൎവ്വദാ ചിന്തിച്ചു നമസ്കരിച്ചാലും.

ഇനി കവി, ശ്രീകൃഷ്ണദൎശനത്താൽ രാധാദേവിക്കുണ്ടായ ഓരോരോ വികാരങ്ങളെ വൎണ്ണിപ്പാനാരംഭിക്കുന്നു.

ശ്ലോകം (76)

അതിക്രമ്യാപാംഗം ശ്രവണപഥപൎയ്യന്തഗമന-
പ്രയാസേനേവാക്ഷ്ണോ സ്തരളതരതാരംഗമിതയോഃ
തദാനീം രാധായാഃ പ്രിയതമസമാലോകസമയേ
പപാത സ്വേദാംബുപ്രസര ഇവ ഹർഷാശ്രുനികരഃ.

സാരം:- രാധാദേവി അപ്പോരം ശ്രീകൃഷ്ണനാകുന്ന പ്രിയതമനെ നോക്കുംസമയത്ത് സന്തോഷപാരവശ്യം കൊണ്ടുണ്ടായ കണ്ണുനീരുകരം കണ്ടാൽ ഇളകുന്ന കൃഷ്ണമണികളുടെ പ്രേരിതങ്ങളായ കണ്ണുകരംക്കു പാൽകണ്ണു കടന്നു കാതുവരെ പോയതിനാലുണ്ടായ അദ്ധ്വാനംകൊണ്ടുണ്ടായ വിയൎപ്പുകണങ്ങളാണോ ആനന്ദാശ്രുക്കളായിപ്പൊഴിഞ്ഞതു് എന്നു തോന്നും.

ശ്ലോകം (77)

ഭജന്ത്യാസ്തല്പാന്തം കൃതകപടകണ്ഡൂതിപിഹിത
സ്മിതം യാതേ ഗേഹാദ്ബഹിരവഹിതാളീപരിജനേ
പ്രിയാസ്യം പശ്യന്ത്യാഃ സ്മരപരവശാകൂതസുഭഗം
സലജ്ജാ ലജ്ജാപി വ്യഗമദിവ ദൂരം മൃഗദൃശഃ

സാരം:_രാധാദേവിയുടെ ഒരുമിച്ചുണ്ടായിരുന്ന സഖിജനങ്ങൾ രാധാ മാധവന്മാരുടെ തല്ക്കാല സ്ഥിതികളറിഞ്ഞ് മന്ദഹാസപരമ്പരയോടെ ചില വ്യാജനാട്യപ്രകടനത്തോടുകൂടി ലീലാഗൃഹം വിട്ടു പുറത്തുപോയപ്പോൾ ശ്രീകൃഷ്ണസമീപംചെന്ന് തന്റെ പ്രേയാനു കാമവികാരസ്ഫുരണംകൊണ്ടു സൌന്ദര്യധോരണിയാൽ പ്രശോഭിക്കുന്ന മുഖത്തെ നോക്കിനില്ക്കുന്ന തന്റെ ലജ്ജയും, നാണിച്ചിട്ടോ എന്നു തോന്നുമാറ് ദൂരതഃ ത്യജിച്ചതായി മനസ്സിലായെന്നവൾക്കു തോന്നി.

സർഗ്ഗാന്തത്തിൽ കവി മംഗളം ചെയ്യാനാരംഭിക്കുന്നു.

ശ്ലോകം (78)

ജയശ്രീവിന്യസ്തൈർമ്മഹിത ഇവ മന്ദാരകുസുമൈഃ
സ്വയം സിന്ദൂരേണ ദ്വിപരണമുദാ മുദ്രിത ഇവ
ഭുജാപീഡക്രീഡാഹതകുവലയാ പീഡഹരിണഃ
പ്രകീർണ്ണാസൃഗ്ബിന്ദുർജ്ജയതി ഭുജദണ്ഡോ മുരജിതഃ.

സാരം: പ്രയാസമേന്യ ബാഹു ലീലയാ കുവലയാ പീഡമെന്ന ആനയെ വധിച്ച മുരവൈരിയുടെ ദേഹത്തിൽ ചോരത്തുള്ളികൾ പതിഞ്ഞിരിക്കുന്നതുകണ്ടു് കുവലയാ പീഡത്തെ ജയിച്ചുവല്ലോ എന്നു കരുതി ഭുജവത്തിനിയായ ജയ ശ്രീയാൻ അദൃശ്യമായി, ദേവന്മാരാൽ മന്ദാരകുസുമങ്ങളെക്കൊണ്ടു പൂജിക്കപ്പെട്ടതോ,അഥവാ ആ യുദ്ധത്തിൽ രസംകൊണ്ടു് താൻതന്നെ സിന്ദൂരംകൊണ്ടു മുദ്രണം ചെയ്യപ്പെട്ടതോ എന്നു തോന്നുന്നതുമായ അദ്ദേഹത്തിന്റെ ആ ഭുജദണ്ഡം ഉൽക്കർഷേണ വർത്തിക്കുന്നു.

ശ്ലോകം (79)

സൌന്ദര്യൈകനിധേരനംഗലലനാലാവണ്യലീലാജുഷോ
രാധായാ ഹൃദിപല്വലേ മനസിജക്രീഡൈകരംഗസ്ഥലേ

രമ്യോരോജസരോജഖേലനരസിത്വാദാത്മനഃ ഖ്യാപയൻ
ധ്യാതൄന്മാനസരാജഹംസനിഭതാം ദേയാന്മുകുന്ദോമുദം

സാരം:- സൌന്ദര്യത്തിന്റെ മുഖ്യ വാസസ്ഥാനമായവളും രതി ദേവിയുടെ വിലാസ മാഹാത്മ്യത്തോടുകൂടിയവളുമായ രാധയുടെ ഹൃദയപ്രദേശമാകുന്ന സരസ്സിൽ പ്രശോഭിച്ചു നില്ക്കുന്ന മുലക്കുടങ്ങളാകുന്ന പത്മങ്ങളിൽ കളിച്ചുരസിക്കുവാൻ കൌതുകമുള്ളതുകൊണ്ടു ഒരു രാജഹംസത്തെപ്പോലെ തനിക്കുംതന്നെ ധ്യാനിക്കുന്നവരുടെ മാനസത്തിലും ക്രീഡിപ്പാനാഗ്രഹമുണ്ടെന്നു സൂചിപ്പിക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ നമ്മളെ സന്തോഷിപ്പിക്കട്ടെ.

ശ്രീജയദേവകൃതം ഗീതഗോവിന്ദകാവ്യം
പതിനൊന്നാംസർഗ്ഗം സമാപ്തം.

സുപ്രീതപീതാംബരം എന്ന

## പന്ത്രണ്ടാം സർഗ്ഗം.

ശ്ലോകം (80)

ഗതവതി സഖീവൃന്ദേ മന്ദത്രപാഭരനിർഭര-
സ്മരപരവശാകൂതസ്ഫീതസ്മിതസ്നപിതാധരാം
സരസമനസം ദൃഷ്ട്വാരാധാം മുഹുർന്നവപല്ലവ-
പ്രസവശയനേ നിക്ഷിപ്താക്ഷീമുവാച ഹരിഃ പ്രിയാം

സാരം:- സഖീ ജനങ്ങൾ പോയപ്പോൾ ശ്രീകൃഷ്ണൻ, വർദ്ധിച്ച ലജ്ജയോടുകൂടിയും, കാമപരവശയായും, ഓരോരോ ഗൂഢവിചാരങ്ങളെക്കൊണ്ട് വർദ്ധിച്ചുവരുന്ന പുഞ്ചിരിയാൽ അധരങ്ങളെ നനച്ചും, മനസ്സിൽ അനുരാഗാവേശത്തോടും, പുതിയ പൂക്കളും തളിരുകളും കൊണ്ടുണ്ടാക്കിയ ശയ്യയിൽ ഇടയ്ക്കിടെ നോക്കിയും സ്ഥിതിചെയ്യുന്ന പ്രേയസിയോട് പറഞ്ഞു.

ഇരുപത്തിമൂന്നാം അഷ്ടപദി
(വിഭാസരാഗം.—ഏകതാളം)

കിസലയശയനതലേ കുരു കാമിനി! ചരണനളിനവിനി
വേശം
തവ പദപല്ലവവൈരിപരാഭവമിദമനുഭവതു സുവേശം
ക്ഷണമധുനാ നാരായണമനുഗതമനുസര മാം രാധികേ! 1
കരകമലേന കരോമി ചരണമഹമാഗമിതാസി വിദൂരം
ക്ഷണമുപകുരു ശയനോപരി മാമിവനൂപുരമനുഗതിശൂരം
(ക്ഷണമധുനാ) 2
വദനസുധാനിധിഗളിതമമൃതമിവ രചയ വചനമനുകൂലം
വിരഹമിവാപനയാമി പയോധരരോധകമുരസിദുകൂലം
(ക്ഷണമധുനാ) 3
പ്രിയപരിരംഭണരഭസവലിതമിവ പുളകിതമതിദുരവാപം
മദുരസി കുചകലശം വിനിവേശയശോഷയമനസിജതാപം
(ക്ഷണമധുനാ) 4
അധരസുധാരസമുപനയ ഭാമിനി! ജീവയ മൃതമിവ ദാസം
ത്വയി വിനിഹിതമനസം വിരഹാനലദഗ്ദ്ധവപുഷമ
വിലാസം (ക്ഷണമധുനാ) 5
ശശിമുഖിമുഖരയമണിരശനാഗുണമനുഗുണകണ്ഠനിനാദം
ശ്രുതിയുഗളേ പികരുതവികലേ മമ ശമയ ചിരാദവസാദം
(ക്ഷണമധുനാ) 6
മാ മരിവിഫലരുഷാ വികലീകൃതമവലോകിതമധുനേദം
മിലതി ലജ്ജിതമിവ നയനം തവ വിരമവിസൃജ രതിഖേദം
(ക്ഷണമധുനാ) 7
ശ്രീജയദേവഭണിതമിദമനുപദനിഗദിതമധുരിപുമോദം
ജനയതു രസികജനേഷു മനോരമരതിരസഭാവവിനോദം
ജനയതു രസികജനേഷു മനോരമരതിരസഭാവവിനോദം
(ക്ഷണമധുനാ) 8

സാരം:—അല്ലയോ രാധേ! ഇപ്പോൾ നിനക്കധീന
നായിരിക്കുന്ന നാരായണനായ എന്നെ അനുസരിക്കുക;

അല്ലയോ കാമിനി! ഈ തളിർക്കിടക്കയിൽ നിൻെറ പാദസരോജത്തെവെച്ച്, മോടിയാൻ ഈ തളിർമെത്ത നിൻെറ കാൽത്തളിരാകുന്ന വൈരിയിൽനിന്നു അവജ്ഞയത്തെ പ്രാപിക്കട്ടെ.

2. നീ വളരെ ദൂരത്തിൽനിന്നു വന്നു തളൎന്നിരിക്കുന്നവളാകയാൽ എൻെറ കരോരുഹംകൊണ്ടു നിൻെറ കാൽത്താരിനെ തലോടട്ടെ. കാലിലുള്ള തളയെപ്പോലെ അനുഗമിപ്പാൻ സാമൎത്ഥ്യമുള്ള എന്നെ കുറച്ചുനേരം ഈ മെത്തമേൽവെച്ച് നീ ആനന്ദിപ്പിച്ചാലും

3. നിൻെറ മുഖചന്ദ്രങ്കൽനിന്നു പൊഴിയുന്ന അമൃതെന്നപോലുള്ള അനുകൂലവാക്കുകളെ ആലാപനം ചെയ്താലും. കുചകലശങ്ങളെ ആഛാദനംചെയ്യുന്ന പട്ടിനെ—ആലിംഗനവിരോധിയായ ആ പട്ടുവസ്ത്രത്തെ--മാറത്തുനിന്നു ഞാൻ നീക്കിക്കളയാം.

4. പ്രിയാലിംഗനത്തിലത്യാൎത്തിയാൽ തലപൊക്കിപ്പിടിച്ചുനില്ക്കുന്നോ എന്നു തോന്നുംവിധം രോമാഞ്ചംതൊട്ടുകൂടിയ കുചകലശത്തെ എൻെറമാറിൽ സമൎപ്പിച്ച് കാമാൎത്തിയേ അകററിയാലും!

5. ഹേ കോപശീലേ! നീ നിൻെറ അധരാമൃതം, നിന്നിൽതന്നെ മനസ്സലയിച്ച് വിരഹാഗ്നിയിൽ ദഹിച്ച് തരളാപാംഗനായി, അതുനിമിത്തം ശൃംഗാരചേഷ്ടയില്ലാത്തവനും മരിച്ചവനേപ്പോലെ നിൎജ്ജീവനായിരിക്കുന്നവനുമായ ഈ ദാസനു ചൈതന്യത്തെ നൽകിയാലും!

6. അല്ലയോ രാജമുഖി! നിൻെറ ശബ്ദത്തോടുചേൎത്ത് സല്ലാപത്തോടുകൂടി രത്നഖചിതമായ ആ അരഞ്ഞാളിനെ ശബ്ദിപ്പിച്ചാലും! കുയിൽനാദശ്രവണംകൊണ്ടു മുസിഞ്ഞ എൻെറ ശ്രവണേന്ദ്രിയങ്ങൾക്കു ഏറെക്കാലമായ സന്താപത്തെ ഒഴിച്ചാലും!

7. പ്രയോജനമില്ലാത്ത കോപാവേശത്താൽ കലങ്ങിമറിഞ്ഞ നിൻെറ നേത്രങ്ങൾ നാണിച്ചിട്ടോ എന്നു തോന്നുമാറു് അദ്ധനിമിലിതയാക്കുന്നതു മതിയാക്കി രതിഖേദത്തെയൊഴിച്ചാലും!

8. പദംതോറും ശ്രീകൃഷ്ണൻെറ ശൃംഗാരവൎണ്ണനയെ ചെയ്ത ശ്രീജയദേവരുടെ ഈ ഗാനം രസികജനങ്ങളിൽ ശൃംഗാരരസംകൊണ്ടു് സംതൃപ്തിയരുളട്ടെ.

ശ്ലോകം (81)

പ്രത്യൂഹഃപുളകാംകുരേണനിബിഡാശ്ലേഷേനിമേഷേണച
ക്രിഡാകൂതവിലോകനേധരസുധാപാനേ കഥാനർമ്മഭിഃ
ആനന്ദാധിഗമേന മന്മഥകലായുദ്ധേപി യസ്മിന്നഭൂ-
ദുൽഭൂതസ്സ തയോഃസ്വരൂപലളിതാരംഭഃ പ്രിയംഭാവുകഃ.

സാരം:- രാധാമാധവന്മാർ ആ സമയം കാമകേളിയിലുത്സുകരായി. ആ ആനന്ദമന്മഥസുരതത്തിൽനിന്നു് പുളകോൽഗമത്താൽ ഗാഢാലിംഗനംചെയ്തും അദ്ധനിമീലിതനേത്രങ്ങളാൽ ഇടയ്ക്കിടെ അന്യോന്യമുള്ള ക്രീഡാഭാവങ്ങളെ നോക്കുന്നതിലും, സരസകഥാലാപനങ്ങളെക്കൊണ്ടു് അധരാമൃതമാസ്വദിക്കുന്നതിലും, ആനന്ദാതിരേകംകൊണ്ടു മാത്രം, രതിക്രീഡാസമരത്തിലും വിഘാതം സംഭവിച്ചു—എന്നാൽ അവരുടെ രതികേളി സൎവ്വോത്തരമായിത്തീൎന്നു.

ശ്ലോകം (82)

ദോൎഭ്യാം സംയമിതഃ പയോധരഭരേണാപീഡിതഃ-
പാണിജൈ-
രാവിദ്ധോ ദശനൈഃ ക്ഷതാധരപുടഃ ശ്രോണീതടേനാ
ഹതഃ
ഹസ്തേനാനമിതഃ കചേധരസുധാപാനേന സമ്മോഹിതഃ
കാന്തഃ കാമപി തൃപ്തിമാപ തദഹോ കാമസ്യ വാമാ ഗതിഃ

സാരം:- മന്മഥയുദ്ധത്തിൽ രാധയുടെ കൈകളെക്കൊണ്ടു ബന്ധിക്കപ്പെട്ടും പോർമുലക്കുടങ്ങളാൽ മട്ടിക്കപ്പെട്ടും, നഖക്ഷതങ്ങൾ വരുത്തിക്കൊണ്ടും ദന്തക്ഷതത്താൽ അധരങ്ങളെ മുറിപ്പെടുത്തിക്കൊണ്ടും നിതംബംകൊണ്ട് അടിക്കപ്പെട്ടും, കരോരുഹങ്ങളാൽ തലമുടിയിൽ പിടിച്ചു താഴ്ത്തപ്പെട്ടും അധരാമൃതപാനത്താൽ മോഹിപ്പിക്കപ്പെട്ടും അവളുടെ പ്രിയനായ കൃഷ്ണൻ പറഞ്ഞറിയിപ്പാൻ പാടില്ലാത്ത സന്തുഷ്ടിയേ കയ്ക്കൊണ്ടു.

ശ്ലോകം (83)

മാരാങ്കേ രതികേളിസങ്കുലരണാരംഭേ തയാ സാഹസ-
പ്രായം കാന്തജയായ കിഞ്ചിദുപരി പ്രാരംഭി യത്സംഭ്രമാൽ
നിഷ്പന്ദാ ജഘനസ്ഥലീ ശിഥിലിതാ ദോർവ്വല്ലിരുൽകമ്പിതം
വക്ഷോ മീലിതമക്ഷി പൌരുഷരസഃ സ്ത്രീണാം കുതഃ-
സിദ്ധ്യതി.

സാരം:- കാമദേവന്റെ ലക്ഷണവൃത്തിയും രൂപവുമായ ആലിംഗനചുംബനാദികളോടുകൂടിയ സുരതരണമാരംഭിച്ചപ്പോൾ ആ രാധ, കാന്തനെ വിജയിക്കുവാൻവേണ്ടി സ്ത്രീകൾക്കുണ്ടാകുന്ന അഹംകാരലക്ഷണമായി, അദ്ദേഹത്തിന്റെ ഉപരിഭാഗത്ത് കഠിനമായ ഒരു കാര്യം—പുരുഷായിതസുരതം —ചെയ്യാൻ തുടങ്ങി. അതിലുള്ള—വിജയത്തിലുള്ള—പരിഭ്രമത്താൽ അവളുടെ ജഘനപ്രദേശം ഇളകാതായി; കൈകൾതളർന്നു; മാറു തുടിച്ചു; കണ്ണടഞ്ഞു. സ്ത്രീകൾക്കു പൌരുഷരസം—വീരരസം--എവിടെനിന്നു സിദ്ധിക്കുന്നു? വെറും വ്യാമോഹം!

ശ്ലോകം (84)

തസ്യാഃ പാടലപാണിജാങ്കിതമുരോ നിദ്രാകഷായേ ദൃശൌ
നിർദ്ധൌതോധരശോണിമാ വിലുളിതസ്രസ്തസ്രജോ മൂർദ്ധജാഃ
കാഞ്ചീദാമ ദശ്ലഥാഞ്ചലമിതി പ്രാതർന്നിഖാതൈർദ്ദൃശോ
രേഭിഃ കാമശരൈസ്തദത്ഭുതമഭൂൽ പത്യുർമ്മനഃ കീലിതം.

സാരം:- രാധയുടെ വെളുത്തും ചുകന്നും ഇരിക്കുന്ന കരനഖങ്ങളുടെ പാടോടുകൂടിയ മാറിടവും, ഉറക്കമില്ലാതിരുന്നതിനാൽ കലങ്ങിമറിഞ്ഞു് കുഴിഞ്ഞ കണ്ണുകളും, ചുംബനാദികളാൽ പോയിരിക്കുന്ന അധരാഭയും, ചിതറിക്കിടക്കുന്ന മുഷിഞ്ഞതും അഴിഞ്ഞതുമായ മാലയോടും തലമുടിയോടും, തെല്ലൊന്നഴിഞ്ഞ വസ്ത്രത്തിൽ പററിപ്പിടിച്ചിട്ടുള്ളതും, പ്രാതഃകാലത്തു് കണ്ണിൽ തറയ്ക്കുന്ന കാമദേവൻെറ ശരങ്ങളാൽ തുളയ്ക്കപ്പെട്ട—കാമവികാരത്തോടുകൂടിയ—ഹൃദയത്തോടുകൂടികണ്ടു. അത്ഭുതംതന്നെ—സുരതയുദ്ധത്തിൽ തളൎന്നവശയായ രാധയോടു പിന്നേയും ആ കാന്തൻ യുദ്ധത്തിന്നായാഗ്രഹിച്ചുപോൽ!

ശ്ലോകം (85)

ഈഷന്മീലിതദൃഷ്ടി മുഗ്ദ്ധഹസിതം സീൽകാരധാരാവശാ
ദവ്യക്താകുലകേളികാകുവികസദ്ദന്താംശുധൗതാധരം
ശാന്തസ്തബ്ധപയോധരം ഭൃശപരിഷ്വംഗാൽ കുരംഗീദൃശോ
ഹർഷോൽക്കർഷവിമുക്തനിസ്സഹതനോൎദ്ധന്യോ ധയ-
ത്യാനനം.

സാരം:- പലപ്രകാരത്തിലുണ്ടായ കാമകേളികളാൽ സന്തോഷത്താൽ ലയിച്ചിരിക്കുന്നതുകൊണ്ടു് ആലിംഗനാദിചേഷ്ടകളൊന്നുംകൂടാതെ തളൎന്നുകിടക്കുന്ന സുന്ദരിയുടെ കണ്ണുകൾ തെല്ലൊന്നടഞ്ഞും കൌതുകാവഹമായി ചിരിച്ചും അസ്പഷ്ടതയോടും ആലസ്യത്തോടുംകൂടിയ ശബ്ദങ്ങൾ പുറപ്പെടുമ്പോൾ പ്രകാശിക്കുന്ന ദന്തങ്ങളുടെ കാന്തിധോരണിയാൽ ചുണ്ടുകൾ വെളുത്തും ഇരിക്കുന്ന ആ ഖദനാരവിന്ദം നോക്കിക്കണ്ടിട്ടു് ആ മുഖത്തെ, നേത്രത്താൽ പാനംചെയ്തു. ഗാഢാലിംഗനംകൊണ്ടു് മങ്ങിമയങ്ങി, ചലനമില്ലാതിരിക്കുന്ന സ്തനകലശത്തെ, സുരതാന്തത്തിങ്കൽ ആൎക്ക പാനംചെയ്വാൻ കഴിയുമോ, അവനത്രേ സുകൃതി.

ശ്ലോകം (86)

അഥ കാന്തം രതിശ്രാന്തമഭിമണ്ഡനവാഞ്ഛയാ
ജഗാദ മാധവം രാധാ മുഗ്ധാ സ്വാധീനഭർത്തൃകാ.

സാരം:- അനന്തരം സ്വാധീനഭർത്തൃകയായ രാധ, കാമകേളിയാൽ തളൎന്നിരിക്കുന്ന ശ്രീകൃഷ്ണനോടു, തന്നെ അലങ്കരിക്കുവാൻ ആഗ്രഹമുള്ളതായറിയിച്ചു—രതിക്രീഡയിൽനിന്നു വിരമിക്കുമ്പോഠം ക്ഷീണിതയായ നായിക, തൻെറ പ്രിയനോടു തന്നെ അലങ്കരിപ്പിക്കുവാൻ പറയുന്നതു നായികയുടെ ധൎമ്മമത്രെ.

ഇരുപത്തിനാലാം അഷ്ടപദി.

(മംഗളകൌശികരാഗം—ഏകതാളം)

കുരു യദുനന്ദന! ചന്ദനശിശിരതരേണ കരേണപയോധരേ
മൃഗമദപത്രകമത്രമനോഭവമംഗളകലശസഹോദരേ
നിജഗാദ സാ യദുനന്ദനേ ക്രീഡതി ഹൃദയാനന്ദനേ. 1

അളികുലഭഞ്ജനമഞ്ജനം രതിനായക സായകമോചനേ
ത്വദധരചുംബനലംബിതകജ്ജളേ ഉജ്ജ്വലയപ്രിയലോ-
ചനേ—നിജഗാദ സാ 2

നയനകുരംഗതരംഗവിലാസനിരാസകരേ ശ്രുതിമണ്ഡലേ
മനസിജപാശവിലാസധരേ ശുഭവേഷ! നിവേശയ-
കുണ്ഡലേ—നിജഗാദ സാ 3

ഭ്രമരചയം രചയന്തമുപരി രുചിരം സുചിരം മമ സമ്മുഖേ
ജിതകമലേ വിമലേ പരികൎമ്മയ നൎമ്മജനകമളകംമുഖേ —
നിജഗാദ സാ 4

മൃഗമദരസവലിതം ലളിതം കുരു തിലകമളികരജനീകരെ
വിഹിതകളംകകലം കമലാനന! വിശ്രമിതശ്രമശീകരെ-
നിജഗാദ സാ 5

ഘനരുചിരേ ചികുരേ കുരു മാനദ! മനസിജധ്വജചാമരേ
രതിഗളിതേ ലുളിതേ കുസുമാനി ശിഖണ്ഡിശിഖണ്ഡിക-
ഡാമരേ—നിജഗാദ സാ 6

സരസഘനേ ജഘനേ മമ ശംബരദാരണവാരണകന്ദരേ
മണിരശനാവസനാഭരണാനി ശുഭാശയ! വാസയ സുന്ദരേ
നിജഗാദ സാ 7

ശ്രീജയദേവവചസി രുചിരേ ഹൃദയം സദയം കുരുമണ്ഡനേ
ഹരിചരണസ്മരണാമൃതനിർമ്മിതകലികലുഷജ്വരഖണ്ഡനേ
നിജഗാദ സാ 8

സാരം:– സംതൃപ്തനും സന്തോഷകരനും ആയ ശ്രീകൃഷ്ണൻ ക്രീഡാപരനായിരിക്കുമ്പോൾ രാധാദേവി പറഞ്ഞു:– അല്ലയോ, യാദവകുലേശ! അങ്ങുന്ന് കാമദേവന്റെ മംഗളകലശത്തോടു തുല്യമായ, ആലിംഗനാദികളെകൊണ്ടു കുറിക്കൂട്ടു മാഞ്ഞുപോയിരിക്കുന്ന കുചത്തിൽ ചന്ദനത്തേക്കാൾ ഉപരി തണുപ്പുള്ള കരങ്ങളാൽ കസ്തൂരിപ്പത്തിക്കീററ് എഴുതിയാലും!

2. "ഹേ പ്രിയനാഥ! അങ്ങയുടെ അധരത്തിൽ ചുംബനംചെയ്തപ്പോൾ മഷിപാറി, മുഷിഞ്ഞിരിക്കുന്നതും കാമബാണങ്ങൾ അനവരതം പൊഴിച്ചുകൊണ്ടിരിക്കുന്നതുമായ എന്റെ കണ്ണിൽ വണ്ടിൻകൂട്ടങ്ങളേക്കാൾ കറുപ്പുള്ള മഷി എഴുതിയാലും!"

3. 'അല്ലയോ വേഷാഡംബരം കലർന്നവനേ! കണ്ണുകളാകുന്ന മാനുകളുടെ ദീർഘയാത്രയെ തടയുന്നതും യുവാക്കന്മാരെ മോഹിപ്പിക്കുന്നതുമായ പൂവമ്പന്റെ പാശമെന്നപോലുള്ള കാതിൽ മണികുണ്ഡലങ്ങളണിയിച്ചാലും'

4. "കളങ്കമില്ലാത്തതും താമരപുഷ്പത്തെ വിജയിക്കുന്നതും ആയ മനോഹരവും അങ്ങയ്ക്കു അധീനമായി നേരിട്ടുകാണുന്നതുമായ എന്റെ മുഖത്തിൽ ഇപ്പോൾ പരിഹാസാസ്പദമായിലാലസിക്കുന്ന പൂർണ്ണകുന്തളത്തെ ഭംഗിയിൽ ഏററസ്സമയം അളിസമൂഹങ്ങൾ താമരപ്പൂവിൽ ഇരിക്കയാണോ എന്നു തോന്നിക്കുംവിധം അലങ്കരിച്ചാലും!"

5. "ഹേ കമലാനന! വിയൎപ്പുകണങ്ങാൾ വററിപ്പോയിരിക്കുന്ന നെററിയാകുന്ന ചന്ദ്രനിൽ കസ്തൂരിച്ചാറുകൊണ്ടു കളങ്കരേഖപോലെയുള്ള തിലകത്തെ തൊട്ടുവിക്കുക"

6. "ഹേ, മാനിനികളുടെ മാനസത്തെ ഹരിക്കുന്നവനെ! കാർമേഘകാന്തിയെ കവരുന്നതും കാമദേവന്റെ കൊടിക്കു പാമരമായും മയിൽപീലിപോലെ മനോഹരമായും രതിക്രീഡാസമയം അഴിഞ്ഞുവിണതും ചിന്നിച്ചിതറിക്കിടക്കുന്നതുമായ കേശഭാരത്തിൽ പുഷ്പങ്ങാൾ ചൂടിച്ചാലും;"

7. "ഹേ ശുഭാശയ! മനോഹരവും കാമന്റെ പാൎപ്പിടസ്ഥാനവും കാമികളെ രസിപ്പിക്കുന്നതും ആയ എന്റെ ജഘനത്തിൽ രത്നമയമായ അരഞ്ഞാണും വസ്ത്രങ്ങളും ആഭരണങ്ങളും ധരിപ്പിച്ചാലും!" എന്നിങ്ങിനെ ശ്രീകൃഷ്ണനോടു പറഞ്ഞു.

8. "ശ്രീജയദേവകവി വൎണ്ണിച്ചതും ശ്രീകൃഷ്ണകഥാസ്മരണമാകുന്ന അമൃതധാരയാൽ കലിമാലിന്യവിഷജ്വരങ്ങളെ കളയുന്നതുമായ ഈ മനോഹരമണ്ഡനഗാനത്തിൽ ദയവായി മനസ്സുവെച്ചാലും!"

ഗാനംകൊണ്ടു പറഞ്ഞകാൎയ്യങ്ങളേയും മററും പറയുന്നു.

ശ്ലോകം (87)

രചയകുചയോഃ പത്രംചിത്രാം കുരുഷ്വകപോലയോഃ
ഘടയജഘനേ കാഞ്ചിമ്മംജ്ഞസ്രജം കബരീഭരേ
കലയവലയശ്രേണിം പാണൌപദേ കുരുനൂപുരാ_
വിതിനിഗദിതഃ പ്രീതഃപീതാംബരോപി തഥാകരോൽ

സാരം:_'അങ്ങ് എന്റെ കുചങ്ങളിൽപത്തിക്കീററ്, കവിൾത്തടങ്ങളിൽ ചിത്രമെന്ന പത്തിക്കീററ്, ഘനപ്രദേശത്ത് അരഞ്ഞാൾ, തലമുടിയിൽ മനോഹരമാല്യം, കൈകളിൽ പലജാതി വളകൾ, കാലിന്മേൽ തളകൾ മുതലാ

വയ യഥാവിധി അണിയിക്കുക' എന്നു പറഞ്ഞപ്പോൾ പ്രീതിയോടെ ശ്രീകൃഷ്ണൻ അങ്ങിനെയെല്ലാം ചെയ്തു.

ശ്ലോകം (88)

ത്വാമപ്രാപ്യ മയി സ്വയംബരരസാം ക്ഷീരോദതീരോദരേ
ശങ്കേ സുന്ദരി കാളകൂടമപിബന്മൂഢോ മൃഡാനീപതിഃ
ഇത്ഥം പൂർവ്വകഥാഭിരന്യമനസോ വിക്ഷിപ്യ വക്ഷോഞ്ചലം
രാധായാഃസ്തനകോരകോപരി ചലന്നേത്രോ ഹരിഃ പാതുവഃ

സാരം:- "അല്ലയോ സുന്ദരി! എന്നിൽ സ്വയംവര താല്പര്യത്തോടുകൂടിയ നിന്നെക്കിട്ടാഞ്ഞിട്ടാണ് പരമശിവൻ പാലാഴീതിരത്തുവെച്ച് വിഷപാനം ചെയ്തതത്രെ!" ഇപ്രകാരമുള്ള പഴങ്കഥകൾ പലതും താൻ പറയുന്നതു കേട്ടിട്ട് മനംകലങ്ങിയിരിക്കുന്ന രാധാദേവിയുടെ കുചങ്ങളിൽ നിന്ന് മുലപ്പടത്തെ, നീക്കിനോക്കി ആ കൃഷ്ണൻ ആനന്ദിച്ചു. പുളകോൽഗമമുണ്ടായി. അങ്ങിനെയുള്ള ആനന്ദാതിരേകത്താൽ—പുളകോൽഗമത്താൽ—ഇളകി പതുക്കെ അടയുന്ന നേത്രങ്ങളോടെ സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണൻ നിങ്ങളെ പാലിക്കട്ടെ.

ഇനി കവി തൻെറ പ്രബന്ധഗുണങ്ങളെ വിവരിക്കുന്നു.

ശ്ലോകം (89)

യൽ ഗാന്ധർവ്വകലാസു കൌശലമനുദ്ധ്യാനഞ്ച-
യദ്വൈഷ്ണവം
യൽ ശൃംഗാരവിവേകതത്വമപി യൽ കാവ്യേഷു-
ലീലായിതം
തൽ സർവ്വം ജയദേവപണ്ഡിതകവേഃ കൃഷ്ണൈക-
താനാത്മനഃ
സാനന്ദാഃ പരിശോധയന്തു സുധിയഃ ശ്രീഗീതഗോവിന്ദതഃ

സാരം:-രസികന്മാരായ പണ്ഡിതവിദ്വാന്മാർ ശ്രീകൃഷ്ണനിൽ ഉറപ്പിച്ച മനസ്സോടുകൂടി ശ്രീജയദേവരെന്ന പണ്ഡിതകവിയുടെ സംഗീതവിദ്യാസാമർത്ഥ്യമോ, വിഷ്ണുസ്മര

ണയോ ശൃംഗാരഭേദങ്ങളുടെ സൂക്ഷ്മജ്ഞാനമോ കാങ്കവ്യ ളിലെ നിഷ്പ്രയാസമായ രചനാനൈപുണ്യമോ അതെല്ലാം ശ്രീ ഗീതാഗോവിന്ദം എന്ന ഈ ഗ്രന്ഥത്തിൽനിന്ന് പരി ശോധിച്ചറിയട്ടെ.

ശ്ലോകം (90)

സാദ്ധ്വീമാദ്ധ്വീകചിന്താ ന ഭവതിഭവതഃശക്കരേശക്കരാസി
ദ്രാക്ഷേ ദ്രക്ഷ്യന്തി കേ ത്വാമമൃതമൃതമസി ക്ഷീരനീരംത്വ-
മേഷി
മാകന്ദ ക്രന്ദ കാന്താധര ധര ന തുലാം ഗച്ഛ യച്ഛന്തിഭാവം
യാവച്ശൃംഗാരസാരം ശുഭമിവ ജയദേവസ്യവൈദ-
ഗ്ധ്യവാചഃ

സാരം:- ശ്രീ ജയദേവരുടെ അതിപാടവത്തോടുകൂടി യ വാക്കുകൾ ശൃംഗാരസത്തും മംഗളവത്തും ആയ ഭാവര സത്തെ എല്ലായിടത്തും പ്രദാനം ചെയ്തുകൊണ്ടിരിക്കു മ്പോൾ അല്ലയോ തേനെ! നിന്റെ ഭാവം ശരിയാവുന്നി ല്ല; ഹേ പഞ്ചസാരേ! നീ ശുദ്ധമേ ചരൽതന്നെ. ഹേ മുന്തിരിങ്ങ! നിന്നെ ആർ തിരിഞ്ഞുനോക്കും? ഹേ അമൃ തമേ! നീ ചത്തതാകുന്നു; ഹേ ക്ഷീരമേ! നീ ജലമെന്നുള്ള അവസ്ഥയേ പ്രാപിക്കുന്നു; ഹേ മാമ്പഴമേ! നീ കരഞ്ഞാ ലും! ഹേ മനോഹരമായ അധരമേ! നീ നിലത്തു വീണരു ണ്ടാലും! നിനക്ക് ആ വാക്കുകളോടുള്ള സാദൃശ്യമേയില്ല. പോ, ഈ വക വസ്തുക്കളൊന്നും സാരമില്ല.

അനന്തരം കവി ഗ്രന്ഥാവസാനത്തിൽ

മംഗളചരണം ചെയ്യുന്നു.

ശ്ലോകം (91)

പര്യങ്കീകൃതനാഗനായകഫണശ്രേണിമണീനാം ഗണേ
സംക്രാന്തപ്രതിബിംബസങ്കലനയാ ബിഭ്രദ്വപുഃ പ്രക്രിയാം
പാദാംഭോജവിഹാരിവാരിധിസുതാമക്ഷ്ണാംന്ദിദൃക്ഷുഃ
ശതൈഃ
കായവ്യൂഹമിഹാകരോദ്ദുരുമുദായോസൌഹരിഃ പാതുവഃ

സാരം:- തന്റെ പാദപത്മത്തിൽ വിനോദിച്ചിരുന്ന ആ ലക്ഷ്മീദേവിയേ അനേകം കണ്ണുകളെക്കൊണ്ടുനോക്കി പരമാനന്ദിപ്പാൻഉള്ള ആഗ്രഹത്താലോ എന്നുതോന്നുംവിധം, താൻ ശയിക്കുന്ന അനന്തനെന്ന സപ്പശ്രേഷ്ഠന്റെ ഫണങ്ങളിലുള്ള രത്നങ്ങളിൽ പ്രതിബിംബരൂപേണ കാണുന്ന അനേകം ദേഹങ്ങളെ എടുത്തിരിക്കുന്നുവോ എന്നു തോന്നുംവിധം ശോഭിക്കുന്നു. അങ്ങിനെ അനേകം ശരീരത്തോടുകൂടിയ ആ വിഷ്ണുഭഗവാൻ നിങ്ങളെ പാലിക്കട്ടെ.

ശ്ലോകം (9?)

യന്നിത്യൈവ്വചനൈവ്വിരിഞ്ചഗിരിജാ പ്രാണേശ
മുഖ്യൈമ്മുഹുഃ
നാനാകാരവിചാരസാര ചതുരൈന്നാദ്യാപി നിശ്ചീയതേ!
തത്സവ്വൈജ്ജയദേവ കാവ്യഘടിതൈസ്സൂത്സൂരിസം
ശോധിതൈ-
രാദ്ധ്യംവസ്തുചകാസ്തുചേതസി പരം സാരസ്യസീമാജുഷാം

സാരം:- വീണ്ടും, വീണ്ടും ദീർഘാലോചനചെയ്തു സൂക്ഷ്മഗ്രാഹിയാകുവാൻ ദിവ്യന്മാരും സമത്ഥന്മാരുമായ ബ്രഹ്മാ, ശിവൻ മുതലായ ദേവന്മാരാൽ യാതൊന്നിന്റെ സ്ഥിതി ഇപ്പോഴും നിണ്ണയിക്കപ്പെടുന്നില്ലയോ അതിന്നെല്ലാററിന്നും കാരണഭൂതമായ തപരബ്രഹ്മം രസികശിരോരത്നങ്ങളായ ഭാഗവതാഢ്യന്മാരുടെ മനസ്സിൽ ശ്രീ ജയദേവരുടെ കാവ്യഗുണങ്ങളെക്കൊണ്ടു പ്രകാശിക്കട്ടെ.

ശ്രീ ജയ ദേവ കൃ തേ
ഗീതാഗോവിന്ദം കാവ്യം
പന്ത്രണ്ടാം സർഗ്ഗം
സമാപ്തം.

---

വി കെ. പ്രസ്സ്, പാറയിൽ, കുന്നംകുളം

WEST NADA

SANTHA BOOK STALL

THE BOOK SELLERS

ഭക്തന്മാരുടെ

# ദിവ്യനിധികൾ

1. ശ്രീമൽ നാരായണീയം (ഭക്തപ്രിയ എന്ന വ്യാഖ്യാനത്തോടു കൂടിയതു് 2- 4-0
2. ശ്രീമൽ ഭഗവത് ഗീത (ജ്ഞാനോപദേശം എന്ന വ്യാഖ്യാനത്തോടുകൂടിയതു്) 1-12-0
3. സ്തോത്രമാല അഥവാ ഈശ്വരഭജനകീർത്തനം 1- 8-0
4. അഷ്ടപദി ഗീതഗോവിന്ദം (പിയൂഷധാര എന്ന വ്യാഖ്യാനത്തോടുകൂടിയതു്) 1- 4-0
5. ശങ്കരാചാര്യരചിത സ്തോത്രരത്നങ്ങൾ (അനേക സ്തോത്രങ്ങളുടങ്ങിയതു്) 1- 0-0
6. ഗുരുവായൂരപ്പന്റെ തിരുമുൽക്കാഴ്ച (പൂന്താനം കൃതികൾ) 1- 0-0
7. അനന്തൻകാട് (വില്വമംഗലസ്വാമി 0- 6-0
8. കേശാദിപാതസ്തോത്രങ്ങൾ 0- 6-0
9. നവരത്ന കീർത്തനങ്ങൾ 0- 6-0
10. ഭജനകീർത്തനം 0- 4-0
11. സുബ്രഹ്മണ്യകീർത്തനം 0- 4-0
12. വാകച്ചാർത്ത് (ഐതിഹ്യം) 0- 2-0
13. കണ്ണൻ ഉണ്ണുന്നതു് 0- 2-0

GURUVAYOOR

വി. കെ. പ്രസ്സ്, കുന്നംകുളം